# തിരുവാർപ്പ്
# ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട്



54 - 6

# തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# വികസന റിപ്പോർട്ട്

# തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

ചീഫ് എഡിറ്റർ
ഡോ. കെ. എം. ദിലീപ്

എഡിറ്റേഴ്സ്
അഡ്വ. സതീഷ് ആർ. നായർ
ടി. വി. ചാക്കോ
അജയൻ കെ. മേനോൻ
പി. എ. മൊഹിയുദ്ദീൻ

ജനറൽ കൺവീനർ
കെ പി. ജോൺ

ചരിത്രക്കമ്മറ്റി
വി. ആർ. രാമൻകുട്ടി
ആർ. കെ. മേനോൻ
കെ. പി. ജോൺ

ജില്ലാ റിസോഴ്സ് പേഴ്സൺസ്
പി. ജെ. ഹരികുമാർ
പി. ആർ. റജി
ഡോ. സാം. സി. ഇട്ടി
ആർ. രാമചന്ദ്രൻ നായർ

### വിഷയഗ്രൂപ്പ് കൺവീനേഴ്സ്

- കൃഷിയും ജലസേചനവും
  സി. കെ. അബ്ദുൽഖാദർ, അജയൻ കെ. മേനോൻ
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
  ഡോ. കെ. എം. ദിലീപ്, ജോൺ ജോസഫ്
- വ്യവസായം
  റോയി പി. ഏബ്രഹാം, കുഞ്ഞുമുഹമ്മദ്
- ഗതാഗതം ഊർജ്ജം മാർക്കറ്റ്
  വി. എസ്. തമ്പി, പ്രഭാകരൻ പിള്ള
- വിദ്യാഭ്യാസം
  പി. എ. മൊഹിയുദ്ദീൻ, എം. എം. കമലാസൻ
- പൊതുജനാരോഗ്യം കുടിവെള്ളം
  കെ. ഏൻ. കേശവൻ, പി. എ. റെജി
- പാർപ്പിടം സാമൂഹ്യക്ഷേമം
  ബാബു മരുതനാൽ, പി. ആർ. റെജി
- പട്ടികജാതി പട്ടികവർഗ്ഗം
  എം. എസ്. പ്രിയാമോൾ, വി. ആർ. അശോകൻ
- സംസ്കാരം
  പി. വി. ഏബ്രഹാം, എ. ജി. പത്മനാഭപണിക്കർ
- വനിതാക്ഷേമം
  മേരിചെറിയാൻ, റോസമ്മ ഇലവുംചുവട്ടിൽ
- സഹകരണം
  പ്രിയദർശൻ, മങ്കുഴി മാധവൻ
- വിഭവസമാഹരണം
  അഡ്വ. സതീഷ് ആർ. നായർ, വി. ആർ. ദേവദാസ്

### ഗ്രാമസഭ കൺവീനർമാർ

| വാർഡ് | |
|---|---|
| I | പി. എം. ഇബ്രാഹിംകുട്ടി |
| II | റോയി പി. ഏബ്രഹാം |
| III | എം. എം. കമലാസനൻ |
| IV | പി. ഇ. ഇബ്രാഹിം. |
| V | ബാബു മരുതനാൽ |
| VI | സലിമോൻ |
| VII | രാജൻ |
| VIII | പി. എ. മൊഹിയുദ്ദീൻ |
| IX | കെ. എൻ. കേശവൻ |
| X | അലി വട്ടത്തറ |
| XI | വി. ആർ. ദേവദാസ് |

Printed at Learners' Offset Printers
CMS College Road, Kottayam - 1. ✆ 567438



നമ്മുടെ രാഷ്ട്രപിതാവ്



വി.ആർ. രാമൻകുട്ടി
പ്രസിഡണ്ട്
(മെമ്പർ 9-ാം വാർഡ്)



പി.എ. അബ്ദുൽ കരീം
വൈസ് പ്രസിഡൻറ്
(മെമ്പർ 8-ാം വാർഡ്)



പി.എൻ. ഹരി
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
(മെമ്പർ 6-ാം വാർഡ്)



വി.ആർ. രമ
സെക്രട്ടറി, ഗ്രാമപഞ്ചായത്ത്



റഹിമാ സിദ്ധിക്
(1-ാം വാർഡ് മെമ്പർ)



സാബു മിഥുനംകരിയിൽ
(2-ാം വാർഡ് മെമ്പർ)



വി.വി. കേശവൻ നമ്പൂതിരി
(3-ാം വാർഡ് മെമ്പർ)



രഞ്ജിനി സന്തോഷ്
(4-ാം വാർഡ് മെമ്പർ)



പി..എൻ. സുകുമാരി
(5-ാം വാർഡ് മെമ്പർ)



കെ.ഇ. ഭാസ്കരൻ
(7-ാം വാർഡ് മെമ്പർ)



മോഹനൻ അടിവാക്കൽ
(10-ാം വാർഡ് മെമ്പർ)



ദുൽഹാൻ ബീവി
(11-ാം വാർഡ് മെമ്പർ)



ഗ്രാമപഞ്ചായത്ത് ആഫീസ് തിരുവാർപ്പ്



റവ. ഫാദർ പി.പി. ജോസഫ് കോർ എപ്പിസ്കോപ്പാ
പഞ്ചായത്തിൻെറ ആദ്യപ്രസിഡണ്ട്



ചെറിയാൻ സി. തയ്യിൽ
സ്വാതന്ത്ര്യസമരസേനാനി



തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൻെറ പുതിയ കെട്ടിടത്തിൻെറ ഉത്ഘാടനത്തോടനുബന്ധിച്ച ചടങ്ങുകൾക്ക് ശ്രീ. ടി.കെ. രാമകൃഷ്ണൻ എം.എൽ.എ. ഭദ്രദീപം കൊളുത്തി ഉത്ഘാടനം ചെയ്യുന്നു.

## തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

## താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1 | ആമുഖം | 9 |
| 2 | പഞ്ചായത്ത് പൊതുവിവരണം | 10 |
| 3 | സാമൂഹിക സാംസ്കാരിക ചരിത്രം | 11 |
| 4 | ഭൂപ്രകൃതി ജനപ്രകൃതി | 13 |
| 5.1 | കൃഷിയും, ജലസേചനവും, വെള്ളപ്പൊക്കവും | 15 |
| 5.2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 21 |
| 5.3 | വ്യാവസായം | 24 |
| 5.4 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 26 |
| 5.5 | വിദ്യാഭ്യാസം | 35 |
| 5.6 | പൊതുജനാരോഗ്യം, കുടിവെള്ളം | 40 |
| 5.7 | പാർപ്പിടം, സാമുഹ്യക്ഷേമം | 42 |
| 5.8 | പട്ടികജാതി-പട്ടികവർഗം | 45 |
| 5.9 | സംസ്കാരം | 47 |
| 5.10 | വനിതാക്ഷേമം | 49 |
| 5.11 | സഹകരണം | 51 |
| 5.12 | വിഭവസമാഹരണം | 54 |
| | ഉപസംഹാരം | 56 |

# തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

## വാർഡുകളും അതിരുകളും



# 1. ആമുഖം

വികസന പ്രതിസന്ധി പരിഹരിക്കുന്നതിന് വികേന്ദ്രീകൃതാസൂത്രണം ആവശ്യമാണ്. വികേന്ദ്രീകൃതാസൂത്രണം ഫലവത്താക്കണമെങ്കിൽ അധികാര വികേന്ദ്രീകരണം അനിവാര്യമാണ്. ഇന്ത്യൻ ഭരണഘടയുടെ 74-ാം ഭേദഗതി പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഭരണ രംഗത്ത് അവിഭാജ്യഘടകമായി മാറി. എല്ലാ വോട്ടർമാർക്കും പങ്കെടുക്കാൻ കഴിയുന്ന ഗ്രാമസഭകൾ നിലവിൽവന്നു. പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ കാലാകാലങ്ങളിൽ നിർബന്ധമായും നടത്തിയേ തീരൂ എന്ന അവസ്ഥ വന്നു. സംസ്ഥാന സർക്കാരുകളുടെ ധനകാര്യ കമ്മീഷന്റെ തീർപ്പു പ്രകാരമുള്ള പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയേ തീരൂ എന്നായി. 175-ാം വകുപ്പു പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരം സിദ്ധിച്ചു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതി തയ്യാറാക്കണമെന്നും (1, 2, 3, ഉപവകുപ്പുകൾ) എല്ലാ പഞ്ചായത്തുകളും ഒരു നിശ്ചിത കാലയളവിലേക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ജില്ലാ പഞ്ചായത്തു മുഖേന ജില്ലാ ആസൂത്രണ സമിതിക്കു നല്കുവാൻ 4-ാം ഉപ വകുപ്പും അനുശാസിക്കുന്നു. ജില്ലാ ആസൂത്രണ സമിതിയിലെ എൺപതു ശതമാനം അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികളായിരിക്കണം. ഇത്തരത്തിൽ ജനപ്രതിനിധികൾക്ക് മേൽക്കൈയുള്ള ഈ സമിതിക്ക് വികസന ആസൂത്രണ പ്രക്രിയയിൽ നിർണ്ണായക പങ്കാണുള്ളത്.

പഞ്ചായത്തുതല ആസൂത്രണത്തിലൂടെ ഒൻപതാം പഞ്ചവത്സര പദ്ധതിക്കുള്ള തയ്യാറെടുപ്പു നടക്കുകയാണ്. ഇത്തരത്തിൽ താഴെത്തട്ടിൽനിന്നും ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം നിർവഹിക്കുക എന്ന ലക്ഷ്യത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നല്കപ്പെട്ടു. ആസൂത്രണ പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനും ഗ്രാമതല ആസൂത്രണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമുള്ള പരിശീലന പരിപാടികളും മറ്റും സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി. ആസൂത്രണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഗ്രാമസഭകളിൽ നിന്നുള്ളവർക്ക് തന്നെ പരിശീലനം നൽകുവാനും, വികസന റിപ്പോർട്ടും പദ്ധതികളും രൂപീകരിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽതന്നെ നടത്തുന്നതിനും നിർദ്ദേശിക്കപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി 11 വാർഡുകളിലായി മൊത്തം 1936 പേർ പങ്കെടുത്തു. അവയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും അതുപോലെതന്നെ നാം ശേഖരിച്ചദ്വിതീയ വിവരങ്ങൾ ഉൾക്കൊള്ളിച്ചും, പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുകയാണ്. ആസൂത്രണ പ്രക്രിയയുടെ ശാസ്ത്രീയ അടിസ്ഥാനം പ്രാഥമിക വിവരശേഖരണമാണെങ്കിലും സമയക്കുറവുമൂലം, നേരത്തെ സർക്കാരും വിവിധ ഏജൻസികളും പ്രസിദ്ധീകരിച്ച രേഖകളെ അടിസ്ഥാനപ്പെടുത്തി ദ്വിതീയ സ്ഥിതിവിവര കണക്കുകളാണ് നാം ശേഖരിക്കുകയുണ്ടായത്. നാളിതുവരെ നടന്ന പദ്ധതി രൂപീകരണത്തിൽനിന്നും വ്യത്യസ്തമായി അതാത് പഞ്ചായത്തിന് ആവശ്യമുള്ള വികസന പദ്ധതികൾ അവിടത്തെ ജനങ്ങൾ തന്നെ നിർദ്ദേശിച്ച് രൂപവൽക്കരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികളുണ്ടാക്കി മുൻഗണനാ ക്രമത്തിൽ നാംതന്നെ നടപ്പാക്കുന്നു. പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും നമ്മൾതന്നെ നിർവ്വഹിക്കുന്നതിനാൽ ഈ പദ്ധതികൾ ലക്ഷ്യത്തിലെത്തുന്നതിനുള്ള ഉത്തരവാദിത്വവും നമ്മുടെ പഞ്ചായത്തിലെ ഓരോരുത്തരിലുമാണ്. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ, ചർച്ചകൾ, ദ്വിതീയ വിവരശേഖരണം, പഞ്ചായത്തിലുള്ള വിഭവങ്ങൾ സംബന്ധിച്ച വിവരം, വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങൾ അനുഭവസമ്പന്നരായ കാരണവന്മാരുമായുള്ള ചർച്ചകൾ എന്നിവ ഈ വികസന റിപ്പോർട്ടിനെ സ്വാധീനിച്ചിട്ടുണ്ട്.

തിരുവാർപ്പിനെ സംബന്ധിച്ചിടത്തോളം കർഷകരും, വിവിധ വിഭാഗം തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. പൊതുവിൽ വരുമാനം കുറഞ്ഞ പഞ്ചായത്താണ്. പ്രധാനമായും കാർഷിക രംഗത്തുള്ള മുന്നേറ്റത്തിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്ക് നാം പ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. ഒൻപതാം പദ്ധതിക്കു മുന്നോടിയായി നടക്കുന്ന വികസന സെമിനാറിന്റെ ഒരു ആമുഖം മാത്രമാണ് ഈ വികസന റിപ്പോർട്ട്.

# 2
# ഗ്രാമപഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തിരുവാർപ്പ്, സൗത്ത് ചെങ്ങളം |
| ബ്ലോക്ക് പഞ്ചായത്ത് | : | പള്ളം |
| താലൂക്ക് | : | കോട്ടയം |
| അസംബ്ലി മണ്ഡലം | : | കോട്ടയം |
| വിസ്തീർണ്ണം | : | 33.59 Sq. Km. |
| അതിരുകൾ | | |
| വടക്ക് | : | അയ്മനം പഞ്ചായത്ത് |
| കിഴക്ക് | : | കോട്ടയം മുനിസിപാലിറ്റി, നാട്ടകം പഞ്ചായത്ത് |
| തെക്ക് | : | ആലപ്പുഴ ജില്ല |
| പടിഞ്ഞാറ് | : | കുമരകം പഞ്ചായത്ത് |
| ഗ്രേഡ് | - | സ്പെഷ്യൽ ഗ്രേഡ് |
| ജനസംഖ്യ | - | 27195 (1991) |
| വീടുകളുടെ എണ്ണം | - | 6645 |
| വാർഡുകൾ | - | പതിനൊന്ന് |
| പ്രസിഡൻറ് | - | വി. ആർ. രാമൻകുട്ടി |
| വൈസ് പ്രസിഡൻറ് | - | പി. എ. അബ്ദുൽ കരീം |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | - | പി. എൻ. ഹരി. |

1953 ലാണ് ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത്. തിരുവാർപ്പ്, സൗത്ത് ചെങ്ങളം എന്നീ റവന്യൂ വില്ലേജുകളിൽ ഉൾപ്പെട്ടതാണ്. 1953 മുതലുള്ള പഞ്ചായത്ത് ഭരസമിതി അംഗങ്ങളുടെ പേരുവിവരം ചേർത്തിട്ടുണ്ട്

# 3
# സാമൂഹിക സാംസ്കാരിക ചരിത്രം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ തയ്യാറാക്കുമ്പോൾ നമ്മുടെ ഗ്രാമത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തെക്കുറിച്ച് പരിശോധിക്കുന്നത് ഉചിതമായിരിക്കും.

നമ്മുടെ പഞ്ചായത്തിന്റെ സ്ഥലനാമചരിത്രം പരിശോധിച്ചാൽ, വാർപ്പോടു കൂടിയ ശ്രീകൃഷ്ണ വിഗ്രഹം പ്രതിഷ്ഠിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രദേശത്തിന് "തിരുവാർപ്പ്" എന്ന് പേര് സിദ്ധിച്ചതെന്ന് ഐതീഹ്യം. തിരുവാർപ്പ് ശ്രീകൃഷ്ണ സ്വാമീക്ഷേത്രം സ്ഥാപിച്ച ദിനം സൂചിപ്പിച്ചുകൊണ്ട് എഴുതിയ കലിദിന സംഖ്യ "പാലക്കോൽ വേലിക്കാകാ" എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണക്കു കൂട്ടിയാൽ ക്ഷേത്രം സ്ഥാപിച്ചിട്ട് ഉദ്ദേശം 2000 വർഷം കഴിഞ്ഞിരിക്കുന്നു. ക്ഷേത്രത്തിൽ കമ്പവിളക്ക് സ്ഥാപിച്ചത് 601-ാംമാണ്ട് ചിങ്ങമാസം 7-ാം തീയതി എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 2000 വർഷത്തിലേറെയായി ഇവിടെ ജനവാസം ഉണ്ടായിരുന്നു എന്നാണ് ക്ഷേത്രത്തിന്റെ സ്ഥാപനം സൂചിപ്പിക്കുന്നത്.

ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന് ഏഴുദേശവാസികളും ഏഴായിരം ലക്കം പുരയിടവും, എഴുപതിനായിരപ്പറ നെല്ല് പാട്ടവരുമാനവും ഉണ്ടായിരുന്നു. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. ജന്മി നാടുവാഴിത്ത ഭൂവുടമ സമ്പ്രദായം ആയിരുന്നു നിലനിന്നു പോന്ന സാമൂഹ്യ വ്യവസ്ഥിതി, തിരുവാർപ്പു ദേവസ്വം, കുമാരനല്ലൂർ ദേവസ്വം, പൂഞ്ഞാർ കോവിലകം, പാലിയം കോവിലകം, മറ്റപ്പള്ളി നമ്പൂതിരി തുടങ്ങിയ ജന്മിമാരുടെ വകയായിരുന്നു ഈ ഭൂപ്രദേശം. ബ്രിട്ടീഷ് റെസിഡന്റ് ദിവാനായി വന്ന കാലത്ത് തിരുവിതാംകൂർ മഹാരാജാവ് ദേവസ്വങ്ങൾ ഏറ്റെടുക്കുകയും ഭൂമി പണ്ടാരപ്പാട്ട വക ഇനത്തിൽ കൈവശക്കാർക്ക് പതിച്ചു കൊടുക്കുകയും ചെയ്തു. ഭൂ ഉടമ സമ്പ്രദായത്തിൽ ജന്മിയുടെ വിഹിതം ഉല്പാദനത്തിന്റെ ഭാഗമായിട്ട് പാട്ടം കൊടുത്തിരുന്നു. ഈ കാലഘട്ടത്തിൽ നിലനിന്നു പോന്നിരുന്ന ഫ്യൂഡൽ സാമൂഹ്യസാമ്പത്തിക വ്യവസ്ഥ ചാതുർവർണ്യത്തിന്റേതായിരുന്നു. തന്മൂലം സാധാരണ ജനങ്ങൾ ജാതി പീഢനത്തിന് വിധേയമായി. തുടർന്നുണ്ടായ ബുദ്ധമത പ്രചാരണത്തിന്റെ കാലഘട്ടത്തിൽ ജാതിപീഢനം അനുഭവിച്ചവർ ബുദ്ധമതാനുയായികളാകുവാൻ ആഗ്രഹിക്കുകയും തങ്ങളുടെ ആരാധനാലയങ്ങളിൽ ബുദ്ധന്റെ പ്രതിമ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതിന്റെ ഉദാഹരണമാണ് കിളിരൂർ ക്ഷേത്രത്തിലെ ബുദ്ധപ്രതിമ, തിരുവാർപ്പിലുള്ള മുത്തന്റെ നട, എന്നിവ. ചെങ്ങളം ദേവീ ക്ഷേത്രത്തിലെ കാവുതീണ്ടൽ ബുദ്ധമത വിശ്വാസികളെ അകറ്റിനിറുത്തുവാൻ വേണ്ടി ആരംഭിച്ചതായിരുന്നു.

അവർണ്ണ ജനവിഭാഗങ്ങളിൽ ഒരു ചെറുത്തിനില്പിന്റെ മനോഭാവം വളർന്നുവന്നു. ആ കാലഘട്ടത്തിൽ അവർണ്ണർ ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം നടത്തിയിരുന്നു. സി. എം. എസ്. മിഷനറിമാർ 1860ലും 1864ലും ചെങ്ങളം പ്രദേശത്ത് പിന്നോക്ക വിഭാഗക്കാർക്കായി ആരാധനാലയങ്ങളും പള്ളിക്കൂടവും ആരംഭിച്ചു. ഈ കാലയളവിൽ ഒരു നവോത്ഥാന പ്രസ്ഥാനം വളർന്നു വന്നിരുന്നു. അതിന്റെ കേരളത്തിലെ നേതാക്കന്മാർ ആയിരുന്ന ശ്രീനാരായണഗുരുവും, ചട്ടമ്പി സ്വാമികളും. നാരായണഗുരു തിരുവാർപ്പിൽ പല ഗൃഹങ്ങളിലും താമസിച്ച് പിന്നോക്ക വിഭാഗത്തെ സംഘടിപ്പിക്കുവാനും പ്രബോധിപ്പിക്കുവാനും ശ്രമിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമികളുടെ ശിഷ്യനായ ശ്രീവിജയാനന്ദസ്വാമി ഈ രീതിയിൽ സവർണ്ണ ഹിന്ദുക്കളുടെ ഇടയിൽ പ്രവർത്തിച്ചു. ജാതി പീഢനത്തിനും ഫ്യൂഡൽ വ്യവസ്ഥിതിക്കുമെതിരായി ജനങ്ങൾ ചെറുത്തുനില്പ് ആരംഭിച്ചു. ക്ഷേത്രാരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രത്യക്ഷ സമരങ്ങൾ ആരംഭിക്കുകയും ചെയ്തു. ക്ഷേത്രപരിസരത്തുകൂടി വഴി നടക്കുവാനുള്ള അവകാശം നിഷേധിച്ചാൽ കൂട്ടംകൂട്ടമായി ക്രിസ്തുമതത്തിൽ ചേരുവാൻ തിരുവാർപ്പ് S.N.D.P തീരുമാനിച്ചു. ഈ സന്ദർഭത്തിലാണ് ശ്രീ. ടി. കെ. മാധവനും സഹപ്രവർത്തകരും സഞ്ചാര സ്വാതന്ത്ര്യത്തിനായി സമാധാനപരമായി സമരം സംഘടിപ്പിച്ചത്. ഈ സമരം ഒരു പരിധിവരെ വിജയിച്ചു. ഏ. കെ. ജിയുടെയും, കേളപ്പന്റെയും മറ്റും നേതൃത്വത്തിൽ നടന്ന വൈക്കം സത്യഗ്രഹവും, ഗുരുവായൂർ സത്യാഗ്രവും ഈ പ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടി. കൊല്ലവർഷം 103-ാം മാണ്ടിൽ ശ്രീ. റ്റി. കെ. മാധവനെയും മറ്റും സവർണ്ണ ഹിന്ദുക്കളുടെ പിണിയാളുകൾ ക്രൂരമായി മർദ്ദിച്ചു. തുടർന്നു സർക്കാർതലത്തിൽതന്നെ വഴിനടക്കുവാനുള്ള അവകാശം അനുവദിച്ചുകൊണ്ട് ഉത്തരവായി.

രാജ്യത്തെമ്പാടും ഉയർന്നുവന്ന പ്രക്ഷോഭത്തെ തുടർന്നു കൊല്ലവർഷം 1112 തുലാമാസം 27-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് ക്ഷേത്രപ്രവേശന വിളംബരം നട

ത്തി. അപ്പോഴും ഇൻഡ്യാമഹാരാജ്യത്ത് പട്ടികജാതി പട്ടിക വർഗത്തിൽപ്പെട്ടവർക്ക് പ്രവേശനം നിഷേധിച്ചിരിക്കുകയായിരുന്നു. ഇതിൽ പ്രതിഷേധിച്ച് മഹാത്മാഗാന്ധി, പ്രവേശനം നിഷേധിച്ച ക്ഷേത്രങ്ങളിൽ താൻ പോകുന്നതല്ലായെന്ന് പരസ്യപ്രസ്താവന നടത്തി. തുടർന്നു തിരുവിതാംകൂർ മഹാരാജാവ് മഹാത്മാഗാന്ധിയെ തിരുവിതാംകൂറിലേക്കു ക്ഷണിച്ചു. ക്ഷേത്രപ്രവേശനത്തിനായി സമാധാനപരമായി പ്രക്ഷോഭം സംഘടിപ്പിച്ച കേന്ദ്രങ്ങളായ വൈക്കം, തിരുവാർപ്പ് ക്ഷേത്രങ്ങൾ സന്ദർശിക്കുവാൻ മഹാത്മാഗാന്ധി തീരുമാനിച്ചു. 1937 ജനുവരി 19-ാം തീയതി മഹാത്മാഗാന്ധി വൈക്കത്തുനിന്നും തിരുവാർപ്പിൽ എത്തുകയും പിന്നോക്ക വിഭാഗക്കാരോടൊപ്പം ക്ഷേത്രത്തിൽ പ്രവേശിക്കുകയും ചെയ്തു. അതിനുശേഷം ഇവിടെ കൂടിയ ജനങ്ങളോടായി അദ്ദേഹം സൗഹാർദ്ദത്തിന്റേയും, സമാധാനത്തിന്റെയും, സാഹോദര്യത്തിന്റെയും സന്ദേശം ഉത്ബോധിപ്പിച്ചു. മാറ്റത്തിനുവേണ്ടിയുള്ള അത്യുൽക്കടമായ ആഗ്രഹവും പ്രകടനപരമായുള്ള ശക്തിയും കാണിച്ചിട്ടുള്ള ഒരു ജനവിഭാഗമാണ് ഈ പ്രദേശത്തു താമസിച്ചവരുന്നതെന്ന് ഈ ചരിത്ര വിവരണം സമർത്ഥിക്കുന്നു. കേരളത്തിൽ നിലനിന്നിരുന്ന ജന്മി ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെ വളർന്നുവന്ന കാർഷിക രംഗത്തുണ്ടായ സമരത്തോട് അനുബന്ധിച്ചു 1975-ലും 1967-ലും നിലവിൽവന്ന ഇടതുപക്ഷ സർക്കാർ ഇൻഡ്യയിൽ ആദ്യമായി ആവിഷ്കരിച്ച ഭൂപരിഷ്കണ നിയമങ്ങളിൽ വലിയ മാറ്റം വരുത്തുകയും, കൃഷിക്കാരും, കർഷകതൊഴിലാളികളും ഭൂ ഉടമകളായി മാറുകയും ചെയ്തതിന്റെ ചരിത്രപശ്ചാത്തലം ആർക്കും മനസ്സിലാകുന്നതാണ്. മാത്രവുമല്ല നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മനുഷ്യ ജീവിതത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം കൃഷിയും, കാർഷികബന്ധ പ്രവർത്തനങ്ങളുമാണെന്ന് ഭൂമിശാസ്ത്രവും, ചരിത്രവും നമ്മെ പഠിപ്പിക്കുന്നു.

### സ്വാതന്ത്ര്യ സമരസേനാനികൾ

സ്വാതന്ത്ര്യ സമര സേനാനികളിൽ ഇപ്പോൾ നമ്മുടെ പ്രദേശത്ത് ജീവിച്ചിരിക്കുന്ന ഒരാളാണ് ശ്രീ. ചെറിയാൻ സി. തയ്യിൽ. അദ്ദേഹത്തെ തിരുവനന്തപുരം, ആലപ്പുഴ, വൈക്കം എന്നീ സ്ഥലങ്ങളിൽവച്ചു അറസ്റ്റ് ചെയ്യുകയും കന്റോൺമെന്റ്, കൂത്താട്ടുകുളം എന്നീ ജയിലുകളിൽ പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസിനെ നിരോധിച്ചപ്പോൾ എറണാകുളം ക്യാമ്പിലെ വോളണ്ടിയർ ക്യാപ്റ്റനായിട്ടും പ്രവർത്തിച്ചിട്ടുണ്ട്. പരേതനായ ശ്രീ. എം. സി. മാണി മുണ്ടാക്കൽ, എം. എം. ചാക്കോ മുണ്ടാക്കൽ, സി. കെ. ഏബ്രഹാം ചേരിയ്ക്കൽ എന്നിവരും സ്വാതന്ത്ര്യ സമസേനാനികളായിരുന്നു. ●

# 4

# ഭൂപ്രകൃതി - ജനപ്രകൃതി

കുട്ടനാടൻ മേഖലയിൽപ്പെട്ട പ്രദേശമാണ് തിരുവാർപ്പ് പഞ്ചായത്ത്. ഈർപ്പവും ചൂടുമുള്ള കാലാവസ്ഥയും താഴ്ന്ന നിരപ്പായ ഭൂപ്രദേശവുമാണ് പഞ്ചായത്തിലുള്ളത്. ചെങ്ങളം കുന്നിൻപുറവും കിളിരൂർ കുന്നിൻപുറവും ഒഴിച്ചാൽ ഗ്രാമത്തിലെ ബാക്കി എല്ലാ ഭാഗവും താഴ്ന്ന പ്രദേശമാണ്. വർഷകാലത്ത് മിക്ക പ്രദേശങ്ങളിലും വെള്ളം കയറുന്നു. വെള്ളം വറ്റിച്ച് മാത്രം കൃഷി ചെയ്യുന്ന വയലുകളാണ് ഇവിടുള്ളത്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കടുത്ത വേനലും അനുഭവപ്പെടുന്നു. ഈ സമയത്ത് തോടുകളും കുളങ്ങളും വറ്റിവരളുന്നു. കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു കഴിഞ്ഞ അഞ്ചു വർഷക്കാലം തിരുവാർപ്പ പ്രദേശത്ത് ലഭിച്ച മഴയുടെയും താപനിലയുടെയും വിശദാംശങ്ങളുടെ പട്ടിക 1ലും 2ലും ആയി ചേർത്തിരിക്കുന്നു.



മീനച്ചിലാറിന്റെ പ്രധാന കൈവഴിയിൽ ഒന്ന് പഞ്ചായത്തിലൂടെ കിഴക്കുപടിഞ്ഞാറായും മറ്റൊന്ന് തെക്കുവടക്കായും ഒഴുകുന്നു. വർഷക്കാലത്ത് ഇവകരകവിഞ്ഞ് ഒഴുകുന്നതു മൂലം പഞ്ചായത്തിലെ 90% പ്രദേശങ്ങളിലും വെള്ളപ്പൊക്കം ഉണ്ടാകുന്നു. കഴിഞ്ഞ 50 വർഷത്തിനുള്ളിൽ ഈ കൈവഴികളുടെയും, തോടുകളുടെയും വീതി ഗണ്യമായി കുറയുകയും പല തോടുകളും അടഞ്ഞുപോകുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം മീനച്ചിലാറിലൂടെ വരുന്ന വെള്ളം കായലിലേക്കു ഒഴുകി പോകുന്നതിന് തടസ്സമുണ്ടാകുന്നു. ഓരോ വർഷവും വെള്ളപ്പൊക്കം കൂടുതൽ രൂക്ഷമായി അനുഭവപ്പെടുന്നതിന്റെ കാരണങ്ങളിൽ ഒന്ന് ഇതാണ്.

ഈ ഗ്രാമത്തിലെ ഭൂരിഭാഗം വരുന്ന പ്രദേശങ്ങളിലെ മണ്ണ്, മണൽ കലർന്ന ചെളിമണ്ണാണ്. മീനച്ചിലാറിലൂടെ ഒഴുകിയെത്തുന്ന മണലും എക്കലും ഈ പ്രദേശത്തെ കൂടുതൽ ഫലഭൂയിഷ്ടമാക്കുന്നു. ചെങ്ങളത്തിലും കിളിരൂർ കുന്നിൻ പ്രദേശങ്ങളിലും കട്ടികൂടിയ ചെങ്കല്ലാണ് ഉള്ളത്. പഞ്ചായത്തിലെ നെൽവയലുകളെ കരപ്പാടം, കായൽനിലം എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. പുഞ്ചപപാടങ്ങൾ എന്നറിയപ്പെടുന്ന ഈ പാടശേഖരങ്ങൾക്ക് ചുറ്റും പുറംബണ്ട് നിർമ്മിച്ചിട്ടുണ്ട്.

തെങ്ങ് കൂടാതെ കമുങ്ങ്, മാവ്, പ്ലാവ്, ആഞ്ഞിലി, പൂവരശ്, പരുത്തി, ശീമകൊന്ന പുളി തുടങ്ങിയ വൃക്ഷങ്ങൾ ഈ പ്രദേശങ്ങളിൽ വളരുന്നുണ്ട്. സാമൂഹ്യവനവത്കരണ പരിപാടിയോട് അനുബന്ധിച്ച് വെച്ചുപിടിപ്പിച്ച തേക്ക്, മഹോഗണി, പൊങ്ങല്യം തുടങ്ങിയ വൃക്ഷങ്ങളും ഈ പ്രദേശങ്ങളിൽ വളരുന്നുണ്ട്.

### ജനപ്രകൃതി

1991-ലെ കനേഷുമാരി കണക്കനുസരിച്ച് തിരുവാർപ്പിലെ ജനസംഖ്യ 27195 ആണ്. ഇതിൽ 13656 പുരുഷന്മാരും 13539 സ്ത്രീകളുമാണ്. ഇതിൽ ആറുവയസുവരെയുള്ള കുട്ടികൾ 3070 ആണ്. ആൺപെൺ അനുപാതം 1579:1491 ആണ്. പട്ടികജാതി വിഭാഗത്തിന്റെ ജനസംഖ്യ 1721 ആണ് ഇതിൽ 876 പുരുഷന്മാരും 845 സ്ത്രീകളുമാണ്. പട്ടിക വർഗത്തിൽപ്പെട്ടവർ 74 ആണ്. ഇതിൽ 34 പേർ പുരുഷന്മാരും 40 പേർ സ്ത്രീകളുമാണ്. ഈ പഞ്ചായത്തിൽ മൊത്തം 5398 വീടുകളുണ്ട്. ശരാശരി വീടൊന്നിന് 5 ആൾക്കാർ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്.

ഈ പഞ്ചായത്തിൽ സാക്ഷരരായ 11866 പുരുഷന്മാരും 11303 സ്ത്രീകളുമാണ് പ്രത്യേകം തൊഴിൽ ഇല്ലാത്ത 6293 പുരുഷന്മാരും, 11493 സ്ത്രീകളുമുണ്ട്. ഭൂരിപക്ഷമാളുകളും കാർഷികവൃത്തിയേയോ കാർഷിക വിളകളിൽ നിന്നുമുള്ള ആദായത്തേയോ ആശ്രയിച്ചു കഴിയുന്നു.

പഞ്ചായത്തിലുള്ള ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദു, കൃസ്ത്യൻ, മുസ്ലീം മത വിഭാഗങ്ങളിൽപ്പെടുന്നനു. ഹിന്ദു മതവിഭാഗങ്ങളിൽപ്പെട്ട 11 ക്ഷേത്രങ്ങളും 7 മുസ്ലീം പള്ളികളും, 13 കൃസ്തീയ ദേവാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്.

## പട്ടിക - 1
## തിരുവാർപ്പ് പെയ്ത മഴയുടെ കണക്ക് (മില്ലിമീറ്ററിൽ) 1990-1996
കുമരകം റീജിയണൽ റിസേർച്ച് സ്റ്റേഷനിൽ രേഖപ്പെടുത്തിയത്

| Year | Jan | Feb. | Mar. | April | May | June | July | August | Sept. | Oct. | Nov. | Dec. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 24.5 | 22.4 | 103.8 | 16 | 538.5 | 443.2 | 627.8 | 158.2 | 135.4 | 286.6 | 211 | 9.4 |
| 1991 | Nil | 3.2 | 68.2 | 56.4 | 227.7 | 12112 | 626.4 | 448.4 | 30 | 188.5 | 61.6 | Nil |
| 1992 | Nil | Nil | Nil | 36.8 | 308.2 | 772.2 | 731.4 | 434.6 | 215.0 | 327.8 | 278.8 | 41.6 |
| 1993 | Nil | 15.8 | 7.2 | 72.2 | 312.2 | 998.2 | 770.6 | 157.2 | 199.00 | 576.8 | 198.8 | 75 |
| 1994 | 212 | 55.2 | 25.4 | 176.2 | 205.4 | 604.6 | 564.8 | 453.2 | 216.8 | 412.8 | 188 | 33.2 |
| 1995 | 0.6 | Nil | 134.4 | 188.8 | 525.4 | 526.8 | 457.6 | 518.6 | 368 | 213.8 | 83.6 | Nil |
| 1996 | 8.2 | 3.4 | 3.4 | 97.4 | 57.8 | 450.2 | 602 | 282 | | | | |

## പട്ടിക - 2
## തിരുവാർപ്പ് രേഖപ്പെടുത്തിയ താപനിലയും (Temperature)
## ആപേക്ഷിക ആർദ്രതയും (Relative Humidity)

| | Jan. | Feb. | Mar. | April | May | June | July | Aug. | Sept. | Oct. | Nov. | Dec. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | | | | | | | | | | | | |
| കൂടിയതാപനില | 33.2 | 33.9 | 34.8 | 34.8 | 34.8 | 29.6 | 29.2 | 29.0 | 32.2 | 31.2 | 32.3 | 32.6 |
| കുറഞ്ഞതാപനില | 22.1 | 21.9 | 24.8 | 24.8 | 25.3 | 23.0 | 24.6 | 23.7 | 23.9 | 22.9 | 22.7 | 20.8 |
| ആപേക്ഷികാർദ്രത | 67% | 72 | 72 | 67 | 74 | 89 | 81 | 87 | 75 | 81 | 74 | 65 |
| 1992 | | | | | | | | | | | | |
| കൂടിയതാപനില | 32.2 | 33.2 | 34.6 | 35.2 | 33.2 | 30.6 | 28.9 | 29.8 | 30.7 | 30.6 | 31.8 | 32.6 |
| കുറഞ്ഞതാപനില | 19.2 | 22.0 | 22.9 | 24.3 | 23.9 | 23.0 | 21.9 | 21.9 | 24.7 | 26.9 | 27.2 | 25.6 |
| ആപേക്ഷികാർദ്രത | 65% | 71 | 72 | 77 | 80 | 86 | 88 | 86 | 83 | 81 | 82 | 66 |
| 1993 | | | | | | | | | | | | |
| കൂടിയതാപനില | 32.3 | 33.5 | 34.6 | 34.4 | 33.4 | 30.8 | 29.2 | 30.8 | 31.6 | 31.2 | 29.8 | 32.4 |
| കുറഞ്ഞതാപനില | 21.1 | 21.6 | 24.2 | 24.8 | 24.8 | 23.6 | 21.8 | 22.6 | 21.9 | 71.9 | 21.9 | 21.6 |
| ആപേക്ഷികാർദ്രത | 67% | 69 | 72 | 74 | 87 | 96 | 95 | 96 | 95 | 89 | 79 | 71 |
| 1994 | | | | | | | | | | | | |
| കൂടിയതാപനില | 32.9 | 32.9 | 33.1 | 32.9 | 33.1 | 28.3 | | 31.1 | 32.1 | 33 | 32.7 | 33.4 |
| കുറഞ്ഞതാപനില | 20.8 | 21.8 | 22.1 | 20.7 | 18.5 | 23.9 | 23.1 | 23.7 | 24.0 | 23 | 24.0 | 21.9 |
| ആപേക്ഷികാർദ്രത | 69% | 77 | 72 | 75 | 79 | 86 | 87 | 84 | 82 | 80 | 75 | 75 |
| 1995 | | | | | | | | | | | | |
| കൂടിയതാപനില | 33.5 | 34.2 | 35.1 | 34.4 | 33.1 | 31.4 | 30.5 | 30.5 | 31.2 | 32.4 | 32.1 | 33.1 |
| കുറഞ്ഞതാപനില | 22.7 | 24.1 | 24.4 | 25.0 | 25.1 | 24.7 | 23.6 | 24.1 | 23.9 | 22.1 | 18.1 | 15.7 |
| ആപേക്ഷികാർദ്രത | 72% | 76 | 79 | 78 | 74 | 85 | 91 | 87 | 84 | 83 | 79 | 77.0 |

# 5.1
# കൃഷിയും ജലസേചനവും വെള്ളപ്പൊക്കവും

തിരുവാർപ്പു പഞ്ചായത്തിന് ഏറ്റവും അനുയോജ്യമായ കൃഷി നെല്ലും, തെങ്ങുമാണ്. കൃഷിക്കു അനുയോജ്യമായ ഫലഭൂയിഷ്ഠമായ മണ്ണാണ്. ഈ പഞ്ചായത്തിൽ തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം വാഴ, പച്ചക്കറി തുടങ്ങിയവ ഫലപ്രദമായി കൃഷിചെയ്യുവാൻ സാധിക്കുന്നില്ല. 2051 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 760 ഹെക്ടർ പുരയിടങ്ങളുമുണ്ടെന്നാണ് കൃഷിഭനിലെ രേഖകൾ സൂചിപ്പിക്കുന്നത്. കൃഷിയോഗ്യമല്ലാത്ത 41.70 ഹെക്ടർ തരിശ് ഭൂമിയും (പഴുക്കാനിലക്കായൽ) പഞ്ചായത്തിലുണ്ട്. 941 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്.

**വിളവിസ്തീർണ്ണവും ഉല്പാദനവും 1992-96**

| വിള | വിസ്തീർണ്ണം | ഉല്പാദനക്ഷമത |
|---|---|---|
| നെല്ല്-പുഞ്ച | 2026 ഹെ. | 4 ടൺ/ഹെ. |
| നെല്ല്-വിരിപ്പ് | 398 ഹെ. | 4.5 ടൺ/ഹെ. |
| പയർ | 40 ഹെ. | 0.75 ടൺ/ഹെ. |
| തെങ്ങ് | 750 ഹെ. | 5600 എണ്ണം/ഹെ. |
| വാഴ | 80 ഹെ. | 20 ടൺ/ഹെ. |
| മരച്ചീനി | 5 ഹെ. | 8 ടൺ/ഹെ. |
| റബ്ബർ | 6 ഹെ. | 13 കിലോ/ഹെ. |
| പച്ചക്കറികൾ | 4 ഹെ. | 13 കിലോ/ഹെ. |
| കവുങ്ങ് | 2 ഹെ. | 13 കിലോ/ഹെ. |

രണ്ടു ദശാബ്ദങ്ങൾക്ക് മുൻപ് വരെ ഈ ഗ്രാമത്തിലെ കൃഷിപൂർണ്ണമായും പ്രകൃതിയെ ആശ്രയിച്ച് മാത്രമായിരുന്നു. വർഷകാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നതിനാൽ കൃഷി യഥാസമയം ഇറക്കുന്നതിന് കഴിയുന്നില്ല. വേനൽക്കാലമാവുമ്പോൾ ഓരുകയറി കൃഷിനാശം സംഭവിച്ചിരുന്നു. തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചതോടുകൂടി വേനൽക്കാലത്ത് ഓരു കയറുന്നത് തടയാൻ കഴിഞ്ഞു. ഇതിന്റെ ഫലമായി കാർഷിക രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടു കൃഷി സമ്പ്രദായം കൂടുതൽ പാടശേഖരങ്ങളിൽ ആരംഭിച്ചു. എന്നാൽ ബണ്ട് നിർമ്മിച്ച് ഓരു തടഞ്ഞപ്പോൾ മുതലാണ് ഈ പ്രദേശംങ്ങളിലെ തെങ്ങുകൾക്ക് രോഗബാധ കൂടുതലുണ്ടായതെന്നും ഉല്പാദനം കുറഞ്ഞതെന്നും കർഷകർ പറയുന്നു. തണ്ണീർമുക്കം ബണ്ട് നെൽകൃഷിക്കു ഗുണകരമായപ്പോൾ തെങ്ങ് കൃഷിക്കു ദോഷകരമായി ഭവിച്ചുവെന്നാണ് ഗ്രാമവാസികളുടെ അഭിപ്രായം. കൂടാതെ ബണ്ട് തുറക്കുന്നതിനും അടയ്ക്കുന്നതിനും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ ഒന്നും പാലിക്കാത്തതിനാൽ നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ ഉണ്ടാകുന്നുണ്ട്.

### നെൽകൃഷി

24 പാടശേഖരങ്ങളിലായി 5177 ഏക്കർ നെൽവയലാണ് തിരുവാർപ്പിൽ ഉള്ളത്. ഇതിലെ കൃഷിക്കാരുടെ എണ്ണം 4060 ആണ്. ഇതിൽ 3422 നാമമാത്ര കർഷകരും 638 ചെറുകിട കർഷകരുംപെടുന്നു. അകത്തുപാടം, ഇടക്കരി എന്നീ പാടശേഖരങ്ങൾ പൂർണ്ണമായും, ചേരിക്കൽ, കോക്കൻ പാടം ഭാഗികമായും കൃഷിചെയ്യുന്നില്ല. അനുബന്ധം:5.1 (1)



തിരുവാർപ്പു പാടശേഖരങ്ങൾ ഫലഭൂയിഷ്ടമായ ഭൂമിയാണ്. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളാണ് കർഷകർ ഉപയോഗിക്കുന്നതും. ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുന്നതിനും ആധുനിക കൃഷി സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനും കർഷകർ തയ്യാറാവുന്നുണ്ട്. 20 പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് സമതികളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. ഈ ഗ്രാമത്തിലെ ശരാശരി നെല്ലുല്പാദനം 4 ടൺ ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. എന്നാൽ കൂടുതൽ പേരും കാർഷിക മേഖലയിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനാണ് ശ്രമിക്കുന്നത്. പല കർഷകരും നിലം വിൽക്കുകയോ, പാട്ടത്തിനു കൊടുക്കുകയോ

ചെയ്യുന്നു. ചുരുക്കംചിലർ തരിശു ഇടുന്നതിനും തയ്യാറാകുന്നു. മുഞ്ഞ, തണ്ടുതുരപ്പൻ, ബ്ലൈറ്റ്, ബ്ലാസ്റ്റ, ഓലചുരുട്ടിപ്പുഴു എന്നിവയാണ്. നെൽകൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ഈ ഗ്രാമത്തിൽ കാർഷിക മേഖലയിൽ നിലവിൽ സ്ത്രീതൊഴിലാളിക്ക് 45 രൂപയും പുരുഷതൊഴിലാളിക്ക് 85 രൂപയും കൂലിയുണ്ട്. നെൽപാടങ്ങളിൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നു. ഭൂരിഭാഗം കർഷകരും ഇവ രണ്ടും അമിതമായി ഉപയോഗിക്കുന്നു. സഹകരണ ബാങ്കുകൾ വഴിക്കും സ്വകാര്യ ഏജൻസികൾ വഴിയും രാസവളങ്ങളുടെ വ്യാപാരം നടക്കുന്നു. ഗ്രാമത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ളവർ കുമരകം പഞ്ചായത്തിലുള്ള സ്ഥാപനങ്ങളെയും ആശ്രയിക്കുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ഈ പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങൾ മുഖേന ചിലവഴിച്ച രാസവളത്തിന്റെ കണക്ക് താഴെകൊടുക്കുന്നു.

| 1993-94 | 19994-95 | 1995-96 |
|---|---|---|
| 1415 ടൺ | 1460 ടൺ | 1419 ടൺ |

കാലാകാലങ്ങളിൽ മണ്ണ് പരിശോധന നടത്തി വളം ചെയ്യുന്ന സമ്പ്രദായം കർഷകരിൽ ഇല്ല. ശാസ്ത്രീയമായ കൃഷി സമ്പ്രദായം കർഷകനെ പരിശീലിപ്പിച്ചാൽ രാസവളത്തിന്റെ അമിത പ്രയോഗം ഒഴിവാക്കുന്നതിന് കഴിയും. കീടനാശിനിയും അമിതമായി ഉപയോഗിക്കുന്ന പ്രവണത 50% ൽ ഏറെ കർഷകരിൽ ഉണ്ട്. രാസവളപ്രയോഗം സാർവ്വത്രികമായതിനെ തുടർന്നു ജൈവവളങ്ങൾ ഒന്നുംതന്നെ ഇപ്പോൾ കർഷകർ ഉപയോഗിക്കുന്നില്ല. മണ്ണിലെ അമ്ലാംശം കുറയ്ക്കുന്നതിനു വേണ്ടി മുൻകാലങ്ങളിൽ കുമ്മായം ഉപയോഗിക്കുമായിരുന്നു. അതുപോലെ കാലിവളവും ഇപ്പോൾ കർഷകർ ഉപയോഗിക്കുന്നില്ല. അമിതമായ സാമ്പത്തിക ചിലവാണ് ജൈവവളപ്രയോഗത്തിൽ നിന്നും കർഷകർ പിൻതിരിയുന്നതിനുള്ള കാരണം. തുടർച്ചയായ രാസ വളപ്രയോഗം മൂലം മണ്ണിന്റെ ജൈവഘടനയിൽ സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. കൂടാതെ ജലമലിനീകരണത്തിനും ഇത് കാരണമായിട്ടുണ്ട്.

### നെൽകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. കർഷക തൊഴിലാളികളുടെ ദൗർലഭ്യം കാർഷിക മേഖലകളിൽ വലിയ പ്രതിസന്ധിയാണ്. വിളവ് കൊയ്യുന്നതിനുപോലും പലപ്പോഴും ആളില്ലാത്ത അവസ്ഥയിലാണ്.
2. കാലം തെറ്റിയുള്ള അതിവർഷവും വെള്ളപ്പൊക്കവും മൂലം യഥാസമയം കൃഷിയിറക്കുന്നതിന് കഴിയുന്നില്ല.
3. കളകളുടെ ആക്രമണം, കീടബാധ, മടവീഴ്ച തുടങ്ങിയവമൂലം കാർഷിക ചെലവ് വർദ്ധിക്കുന്നു.
4. കൃഷി വകുപ്പ്, പുഞ്ചസ്പെഷ്യൽ ആഫീസ് തുടങ്ങിയ, കർഷകർ നിരന്തരം ബന്ധപ്പെടുന്ന ഓഫീസുകളിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭിക്കാത്ത സാഹചര്യം.
5. വിളവെടുപ്പിനു ശേഷം നെല്ല് വിൽക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ട്, ഈ രംഗത്തെ ഇടത്തട്ടുകാരുടെ ചൂഷണം.
6. പുതുയ തലമുറ കാർഷിക മേഖലയിൽ പണിയെടുക്കുന്നതിനു താല്പര്യപ്പെടുന്നില്ല.
7. നെല്ല് സംഭരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
8. ആധുനിക കൃഷി സമ്പ്രദായത്തെക്കുറിച്ചുള്ള അജ്ഞത.
9. മുടക്കുമുതലിനും അദ്ധ്വാനത്തിനും ആനുപാതികമായി കൃഷിയിൽ നിന്നും ലാഭം ലഭിക്കാത്ത സാഹചര്യം.
10. പലവകുപ്പുകൾ വഴി നടത്തുന്ന കാർഷിക വികസന പദ്ധതികളിലെ പാളിച്ചകളും, അഴിമതികളും.

### നിർദ്ദേശങ്ങൾ.

1. ഗ്രാമത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് കിഴക്കൻ മലകളിൽ നിന്നും വരുന്ന വെള്ളം തടസ്സം കൂടാതെ കായലിൽ എത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. പൊതുതോടുകളുടെ ആഴവും വീതിയും കൂട്ടുകയും തടസ്സങ്ങൾ നീക്കുകയും ചെയ്യുക.
2. നെൽപാടങ്ങളിൽ മത്സ്യകൃഷിക്കുകൂടി സാദ്ധ്യതകൾ പരിശോധിക്കുകയും നടപ്പിലാക്കുകയും ചെയ്യുക. സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുക.
3. മണ്ണ് പരിശോധന നടത്തുന്നിതനും, ആധുനിക കൃഷി സമ്പ്രദായം കർഷകരെ പരിശീലിപ്പിക്കുന്നതിനും, കൃഷിഭവനുകളുടെ നിലവിലുള്ള ഘടനയിലും പ്രവർത്തനത്തിലും ആവശ്യമായ മാറ്റം വരുത്തുക.
4. പുഞ്ച സ്പെഷ്യൽ ആഫീസ്, വൈദ്യുതി ആഫീസ് കൃഷിഭവൻ വില്ലേജാഫീസ് തുടങ്ങിയ സ്ഥാപനങ്ങളിലെ കെടുകാര്യസ്ഥതയും അഴിമതിയും അവസാനിപ്പിക്കുന്നതിനും, കാർഷിക വികസനപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുക.
5. തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുകയും, കാർഷിക മേഖലയിൽ യന്ത്രവത്കരണത്തിനുള്ള സാദ്ധ്യതകൾ പരമാവധി വികസിപ്പിക്കുകയും ചെയ്യുക.
6. നെല്ല് സംഭരണത്തിനും വിപണനത്തിനും ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. സഹകരണ മേഖലയിൽ ഒരു മോഡേൺ റൈസ്മില്ല് സ്ഥാപിക്കുക.
7. വലിയ പാടശേഖരങ്ങളുടെ ഇടയ്ക്ക് തോടും ബണ്ടും കെട്ടിതിരിക്കുക. J Block, MN Block എന്നിവിടങ്ങളിൽ കായൽപാടവും, കരപ്പാടവുമായി തിരിക്കുന്ന കനാലുകൾ നിർമ്മിക്കുക.
8. വിള ഇൻഷ്വറൻസ് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുക.
9. എല്ലാ പാടശേഖരങ്ങളിലും എത്തിച്ചേരുന്നതിനുള്ള

റോഡ് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

10. രണ്ടു കൃഷി സാദ്ധ്യതയുള്ള പാടശേഖരങ്ങളിൽ ബലവത്തായ പുറംബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള സഹായം നൽകുക.

## തെങ്ങുകൃഷി.

നമ്മുടെ പഞ്ചായത്തിൽ 760 ഹെക്ടർ സ്ഥലത്താണ് തെങ്ങുകൃഷിയുള്ളത്. തിരുവാർപ്പിൽ ഏകദേശം 90000 തെങ്ങുകൾ ഉള്ളതായാണ് കണക്ക്. ഇതിൽ പകുതി എണ്ണം കായിച്ചുതുടങ്ങിയിട്ടില്ല. തെങ്ങിന് വ്യാപകമായ നിരവധി രോഗങ്ങൾ ബാധിക്കുന്നു. കാറ്റുവീഴ്ച, വേരുചീയൽ ചെന്നിരൊലിപ്പ്, കൂമ്പ് ചീയൽ തുടങ്ങിയ രോഗങ്ങളാണ് തെങ്ങിനെ ബാധിക്കുന്നത് കൊമ്പൻചെല്ലിയുടെ ശല്യവും ഉണ്ട്.ഇതുമൂലം തേങ്ങായുടെ ഉല്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇന്ന് തെങ്ങുകൃഷിയിൽ കർഷകർക്കു വലിയ താല്പര്യമില്ല. രോഗങ്ങൾ ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം സങ്കരയിനം തെങ്ങിൻ തൈകൾ നടുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി കൃഷിഭവൻ വഴി നടപ്പിലാക്കുന്നുണ്ട്. സൗജന്യ നിരക്കിൽ വളവും പമ്പ്സെറ്റുകളും വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ 3 വർഷം കൃഷിഭവൻ മുഖേന വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ വിവരം താഴെ കൊടുക്കുന്നു.

| 1993-94 | 94-95 | 95-96 |
|---|---|---|
| 625 | 130 | 925 |



## പ്രശ്നങ്ങൾ

തേങ്ങായുടെ ഉല്പാദനം വർദ്ധിക്കുന്നില്ല. ഉല്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നു. തേങ്ങായുടെ വിലയിടിവു മൂലം തെങ്ങിനു പരിചരണം നൽകുന്നതിന് കർഷകർ വൈമുഖ്യം പ്രകടിപ്പിക്കുന്നു. മുൻകാലങ്ങളിൽ കൃത്യമായി തെങ്ങിന് വളം ചെയ്യുകയും വേനൽക്കാലത്ത് തെങ്ങു നനക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടായിരുന്നെങ്കിൽ, നാളികേരത്തിന്റെ വിലയിടിവിനെ തുടർന്നു ഇപ്പോൾ തെങ്ങിനു യാതൊരു വിധം പരിചരണവും നൽകുന്നില്ല. കാർഷിക മേഖലയിലെ തൊഴിലാളികളുടെയും തെങ്ങുകയറ്റ തൊഴിലാളികളുടെയും ദൗർലഭ്യം ഈ മേഖലയിലെ പ്രധാന പ്രശ്നമാണ്.

വേനൽകാലത്ത് തെങ്ങു നനക്കുക, ശാസ്ത്രീയമായി വളം ചെയ്യുക, പരമ്പരാഗതമായ രീതിയിൽ മണ്ണും കട്ടയും ഇറക്കുക, തെങ്ങിൻ തോട്ടങ്ങളിലെ അനാവശ്യ മരങ്ങൾ വെട്ടിമാറ്റുക, ഇടവിളകൾ കൃഷിചെയ്യുക തുടങ്ങിയ രീതികൾ അവലംബിച്ചാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഇപ്രകാരമുള്ള പരിപാലനത്തിന് ആവശ്യമായ സഹായം കർഷകന് ലഭിക്കണം. കൂടാതെ ഉല്പന്നത്തിന് ന്യായമായ വില ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം.

## മറ്റുവിളവുകൾ

തിരുവാർപ്പു പഞ്ചായത്തിൽ 10 ഏക്കറിൽ റബ്ബർ കൃഷിയുണ്ട്. ഇവിടെ ഉല്പാദനം വളരെ കുറവാണ്. റബ്ബർ കൃഷിക്ക് പറ്റിയ മണ്ണും കാലാവസ്ഥയും നമ്മുടെ ഗ്രാമത്തിലില്ല. വാഴ, പച്ചക്കറി എന്നിവ വ്യാപകമായി കൃഷിചെയ്യുന്നില്ല. പഞ്ചായത്തിൽ വളരെയധികം പുരയിടങ്ങൾ വെറുതെ കിടക്കുന്നു. പച്ചക്കറി കൃഷിക്കും വാഴകൃഷിക്കും വളരെ മെച്ചപ്പെട്ട സാദ്ധ്യകൾ ഉണ്ട്. എന്നാൽ എല്ലാവർഷവും ഉണ്ടാകുന്ന വെള്ളപ്പൊക്കമാണ് തടസ്സം. ഹൃസ്വകാല വിളയായി വെള്ളപ്പൊക്കമില്ലാത്ത കാലത്ത് പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കണം. വീടുകൾ തോറും പച്ചക്കറി വിത്തുകളും വളങ്ങളും നൽകി കർഷകരെ പ്രോത്സാഹിപ്പിക്കണം.

തിരുവാർപ്പുപഞ്ചായത്തിൽ പ്രധാന മന്ത്രിയുടെ പദ്ധതിയിൽപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ വിവരം അനുബന്ധം:5.1 (2), അനുബന്ധം:5.1 (3)

## വെള്ളപ്പൊക്കം പ്രശ്ന പരിഹാരങ്ങൾ

പ്രളയജലം കഴിയുന്നതും വേഗം ഒഴുകി കായലിലും, കടലിലും എത്താൻ ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കണം. പഞ്ചായത്തിൽ ഉള്ളതും, അടഞ്ഞുപോയതുമായ എല്ലാ ചെറുതോടുകളും തുറന്നുകൊടുക്കുകയും, താഴ്ത്തുകയും ചെയ്താൽ ഇപ്പോൾ നാം അനുഭവപ്പെടുന്ന വെള്ളപ്പൊക്കത്തിന്റെ രൂക്ഷത 25% കുറയുകയും നമ്മുടെ ജലഗതാഗതം പുഷ്ടിപ്പെടുകയും ചെയ്യും. ഇത് നമ്മുടെ തെങ്ങുകൃഷിയെ വളരെയധികം സഹായിക്കുകയും ചെയ്യും. അതുപോലെതന്നെ മീനച്ചിലാറിന്റെയും കൈവഴികളുടെയും പാർശ്വ



ഭാഗങ്ങൾ വൃത്തിയാക്കി ആഴം കുറഞ്ഞ സ്ഥലങ്ങളും, വീതി കുറഞ്ഞസ്ഥലങ്ങളും ഉപയോഗയോഗ്യമാക്കിയാൽ വെള്ളപ്പൊക്കത്തിന്റെ 25%കെടുതികളിൽനിന്നും രക്ഷപ്രാപിക്കുവാൻ സാധിക്കും. മീനച്ചിലാറിന്റെയും, കൈവഴികളുടെയും, മുഖ്യതോടുകളുടെയും പാർശ്വഭാഗങ്ങൾ വീതികൂട്ടി കല്ലുകെട്ടിഉയർത്തി വെള്ളം ഈ പ്രദേശത്തുകൂടി മാത്രം ഒഴുകാൻ അവസരമുണ്ടാക്കിയാൽ വെള്ളപ്പൊക്കത്തിന്റെ രൂക്ഷതയ്ക്ക് കുറവുവരും. മൂന്നാമതായി ചെയ്യേണ്ടത് പുതിയ കനാലുകൾ വെട്ടി പ്രളജയലം ഒഴുകി പോകാൻ സൗകര്യങ്ങൾ ഉണ്ടാക്കണം. നമ്മുടെ പഞ്ചായത്തിന്റെ ഒന്നാം വാർഡിന്റെ മധ്യഭാഗത്തുകൂടി ഒരു പുതിയ കനാൽ ഉണ്ടാക്കി ഏനാദി ആറിൽ വെള്ളം പെട്ടെന്ന് എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഒന്നാം വാർഡിന്റെയും രണ്ടാം വാർഡിന്റെയും അതിർത്തിയിലുള്ള അമ്പൂരം തോടിന്റെ വീതി കൂട്ടുകയും ആ തോട് ചെങ്ങളം ആറിലോ കുമരകം കോട്ടത്തോടിലോ ചെന്ന് എത്തുന്ന വിധത്തിൽ ഒരു പുതിയ കനാൽ നിർമ്മിക്കണം. ഇപ്പോഴുള്ള ചെങ്ങളത്താറിന്റെ തീരങ്ങൾ ഇറക്കിപ്പിടിച്ചവ വീണ്ടും താഴ്ത്തി കൂടുതൽ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം ഉണ്ടാക്കണം. ഇല്ലിക്കൽ മാവേലി തോടിന്റെ പാടങ്ങൾ ഉൾപ്പെട്ടുവരുന്ന ഭാഗത്തിൽ ഈ തോടിന് ഇപ്പോൾ വീതികുറവാണ്. ഈ ഭാഗം മാവേലിമുട്ടുവരെ വിതികൂട്ടി ഇല്ലിക്കൽ മുതൽ മാവേലിക്കുഴി വരെ കല്ലുകെട്ടിസംരക്ഷിക്കുകയും, ഇതിന്റെ ഒരു വശത്തുകൂടി ബണ്ട് റോഡ് നിർമ്മിക്കുകയും ചെയ്യണം. ഇപ്പോൾ ഉള്ള തിരുവാർപ്പ് തോട്ടിന്റെ പാർശ്വഭാഗങ്ങളിൽ വളർന്നു കിടക്കുന്ന പരുത്തി, കൈത മുതലായവ വെട്ടിമാറ്റി തീരങ്ങൾ താഴ്ത്തി കൂടുതൽ വെള്ളം ഒഴുകിപോകാൻ സൗകര്യം ഉണ്ടാക്കണം. ഇപ്പോഴുള്ള കാഞ്ഞിരം വെട്ടിക്കാട്ട് പുത്തൻ തോട് അവസാനിക്കുന്ന ഭാഗത്തുനിന്നും എം.എം.ബ്ലോക്ക് നിലത്തിൽ ഉള്ള തോട് (V.M കനാൽ) പുത്തൻ തോടിന്റെ വീതിയിൽ ആഴംകൂട്ടി കുമരകം വരെ ദീർഘിപ്പിക്കണം. ഇത് ഈ പാടശേഖരത്തിനും അവിടുള്ള കൃഷിക്കും വളരെ ഉപകാരപ്രദമായിരക്കും. ഒൻപതിനായിരം പാടശേഖരത്തിന്റെ മദ്ധ്യത്തിൽ കൂടി കിഴക്കുപടിഞ്ഞാറ് വീതികൂടിയ ഒരു കനാൽ നിർമ്മിച്ചാൽ ഇത് ഒരു പരിധിവരെ വെള്ളപ്പൊക്കത്തിനും പൂർണ്ണ അളവിൽ ഈ പാടശേഖരത്തെ കൃഷിക്കാർക്കും ഉപകാരപ്രദമായിരിക്കും.

### അനുബന്ധം 5.1 (1)

| തിരുവാർപ്പു പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പേരു വിവരം | |
|---|---|
| പേര് | വിസ്തീർണ്ണം (ഏക്കറിൽ) |
| 1. പോളച്ചാൽ | 50.87 |
| 2. പൂവിരുത്തി | 32.55 |
| 3. മാടേക്കാട് - നടുവിലക്കരി | 26.90 |
| 4. കട്ടക്കുഴി - ഏഴുപതുംകോട് | 50.74 |
| 5. മോർകാട് | 184.68 |
| 6. പുതുക്കാട് അമ്പത് | 59.11 |
| 7. കേളക്കേരി മാടപ്പള്ളിക്കാട് | 169.11 |
| 8. മുപ്പായിക്കരി | 93.00 |
| 9. കടിയക്കോൽ മിഡാവലി | 103.50 |
| 10. പള്ളിയാകരി, പറങ്കരി തെരുവിൽപാടം (ഭാഗങ്ങൾ) | 140.00 |
| 11. കൂവപ്പുറം | 84.45 |
| 12. തട്ടാർകാട് വെങ്ങാലിക്കാട്ട്-മണലോടി | 208.53 |
| 13. എം. എം. ബ്ലോക്ക് - ജെ. ബ്ലോക്ക് | 596.50 |
| 14. പുതുയേരി വടയ്ക്കകം | 72.61 |
| 15. വടക്കേ വെട്ടിയ്ക്കാട്ട് | 46.07 |
| 16. വടക്കേ നടുവിലേപ്പാട്ടം | 135.00 |
| 17. ചേരിക്കൽ കോക്കമ്പാടം | 39.61 |
| 18. കോതാടി കണ്ണംങ്കരി | 85.32 |
| 19. കിഴക്കേ തായങ്കരി | 71.13 |
| 20. ജെ. ബ്ലോക്ക് കായൽ | 1783.00 |
| 21. തിരുവായിക്കരി-ടർക്കിപാടം | 853.11 |
| 22. ഇടക്കരി പാടം | 9.00 |
| 23. അകത്തുപാടം | 40.00 |
| 24. വരമ്പിനകം | 42.00 |

## അനുബന്ധം 5.1 (2)

| ക്രമ നമ്പർ | പാടശേഖരത്തിൻെറ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് ലക്ഷം | ആയക്കെട്ട് ഹെക്ടർ |
|---|---|---|---|---|---|
| 1 | പോളച്ചാൽ പാടശേഖരം | 1993 | 1995 | 4 | 20 |
| 2 | തിരുവായ്ക്കരി | ,, | ,, | 21.95 | 320 |
| 3 | ജെ. ബ്ലോക്ക് | ,, | ,, | 40 | 700 |
| 4 | കേളക്കേരി | ,, | ,, | 13.35 | 64 |
| 5 | തട്ടാർക്കാട് | ,, | ,, | 9.73 | 83 |
| 6 | മോർക്കാട് | ,, | ,, | 7.20 | 70 |
| 7 | മാടേക്കാട് | ,, | ,, | 9.41 | 93 |
| 8 | എം. എൻ. ബ്ലോക്ക് | ,, | ,, | 43.20 | 230 |

## അനുബന്ധം 5.1 (3)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വർഷം | ആയക്കെട്ട് ഹെക്ടർ | അടങ്കൽ തുക ലക്ഷം |
|---|---|---|---|---|
| | **തിരുവാർപ്പു പഞ്ചായത്തിൽ നടന്നുവരുന്ന ജലസേചനപദ്ധതികൾ** | | | |
| | **പൂർത്തിയായ പദ്ധതികൾ** | | | |
| 1 | നെടുകാരിത്തറ തിരുവായ്ക്കരി-ടർക്കിപാടം-വാച്ചാൽ | 91.92 | 77 | 4.71 |
| 2 | കോതാടി കണ്ണംങ്കരി പാടം-വാച്ചാൽ | ,, | - | 2.00 |
| 3 | ടർക്കിപാടം എൻജിൻതറ | 92-93 | 102 | 6.35 |
| 4 | ജെ. ബ്ലോക്ക്-നീലിക്കാവ് തോട് കനാൻ | 94-95 | 364 | 71.00 |
| 5 | മാടേക്കാട്-നടുവിലക്കരി ബണ്ട് അറ്റകുറ്റപ്പണി | ,, | - | 0.65 |
| 6 | വെട്ടിക്കാട്-പുതിയാകരി ബണ്ട് അറ്റകുറ്റപ്പണി | ,, | - | 0.95 |
| 7 | മുപ്പായിക്കാട് പാടശേഖരം ബണ്ട് നിർമ്മാണം | ,, | - | 2.32 |
| 8 | തോട്-സംരക്ഷണഭിത്തി മാർതോമ്മപ്പള്ളിക്കു സമീപം | ,, | - | 1.95 |
| 9 | കടുക്കുഴി എഴുപതിൽ പാടശേഖരം-കുമരകംതോടിൻെറ സംരക്ഷണ ഭിത്തി | ,, | - | 1.95 |
| 10 | കടുക്കുഴി-എഴുപതിൽ പാടശേഖരം പുറം ബണ്ട് | ,, | - | 3.00 |
| 11 | ബണ്ട് റോഡ്-വായനശാലയ്ക്കു സമീപം | | | 1.96 |
| 12 | കൂവപ്പാടം പാടശേഖരത്തിൻെറ പുറം ബണ്ട് (തിരുവാർപ്പ്) | 95-96 | - | 3.37 |
| 12 | കടുക്കുഴി പാടശേഖരം-വാച്ചാൽ | ,, | - | 2.00 |
| 14 | വെട്ടിക്കാട്ട്-പുതിയാകരി പുറം ബണ്ട് | 95-96 | 16 | 4.00 |
| | **നിലവിലുള്ള പദ്ധതികൾ** | | | |
| 1 | വെട്ടിക്കാട്ട്-പുതിയാകരി പുറം ബണ്ട്-പടിഞ്ഞാറുവശം | പണി | തീർന്നില്ല | 3.81 |
| 2 | എം. എൻ. ബ്ലോക്ക് പാടശേഖരം മീഞ്ചിറതോടിൻെറ പടിഞ്ഞാറുവശം | പണി | തീർന്നില്ല | 4.00 |
| 3 | വടക്കേ നടുവില പാടം പുറം ബണ്ട് | പണി | തീർന്നില്ല | 3.00 |
| 4 | കടുക്കുഴി പാടശേഖരം വാച്ചാലും, മോട്ടോർ തറ നിർമ്മാണം | പണി | തീർന്നു | 3.30 |

# 5.2
# മൃഗസംരക്ഷണവും മത്സ്യബന്ധനവും

തിരുവാർപ്പ് പഞ്ചായത്തിൽ ഏകദേശം 35 വർഷങ്ങൾക്കു മുൻപ് കന്നുകാലി വളർത്തൽ പ്രധാനമായും മേൽത്തരം കർഷകരിൽ ഒതുങ്ങി നില്ക്കുകയായിരുന്നു. നാടൻ ഇനത്തിൽപ്പെട്ട പശുക്കളായിരുന്നു അന്നു നിലനിന്നിരുന്നതും, അവയുടെ എണ്ണവും വളരെ കുറവായിരുന്നു. പുല്ലും വൈക്കോലുമായിരുന്നു പ്രധാന ആഹാരം. എന്നാൽ 1970 കളിൽ എത്തിയപ്പോഴേക്കും ചെറുകിട കർഷകരും കർഷക തൊഴിലാളികളും കൂടുതലായി ഈ രംഗത്തേക്കു കടന്നുവന്നു. പശുക്കളുടെ എണ്ണത്തിലും കാര്യമായ വർദ്ധനവുണ്ടായി. ഏകദേശം 2000 സങ്കരയിനം പശുക്കളും 1000 ആടുകളും 25 എരുമകളും ഈ പഞ്ചായത്തിലുണ്ട്. 1987ലെ ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം തിരുവാർപ്പു പഞ്ചായത്തിലുള്ള വളർത്തുമൃഗങ്ങളുടെ സംഖ്യ ചുവടെ ചേർക്കുന്നു.

| കന്നുകാലി | | | | | |
|---|---|---|---|---|---|
| സങ്കരയിനം | | | നാടൻ | | |
| ആൺ | പെൺ | പ്രജനന യോഗ്യം | ആൺ | പെൺ | പ്രജനന യോഗ്യം |
| 147 | 1827 | 1091 | 74 | 744 | 435 |

| എരുമ | | | ആട് | | പട്ടി |
|---|---|---|---|---|---|
| ആൺ | പെൺ | പ്രജനന യോഗ്യം | ആൺ | പെൺ | |
| 33 | 31 | 26 | 229 | 722 | 220 |

| കോഴി | | |
|---|---|---|
| നാടൻ | മേൽത്തരം | താറാവ് |
| 18548 | 3358 | 4367 |

നാടൻ ഇനത്തിൽപ്പെട്ട പശുക്കൾ ഇന്ന് ഈ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. ഭൂരിഭാഗം കന്നുകാലികളും സങ്കരയിനത്തിൽപ്പെട്ടവയാണ്. വിടുമായി ബന്ധപ്പെട്ടാണ് മൃഗപരിപാലനം നടന്നുപോവുന്നുണ്ട്. രണ്ടോ മൂന്നോ പശുക്കളെ അവനവന്റെ വീട്ടുമുറ്റത്ത് വളർത്തുന്ന രീതിയാണ് കർഷകർ തുടർന്നു പോകുന്നത്. ശാസ്ത്രീയ പരിപാലന രീതിയിലുള്ള കർഷകരുടെ അറിവ് വളരെ കുറവാണ്. ഭൂരിഭാഗം കർഷകരും 50 സെന്റിൽ താഴെ കരഭൂമിയുള്ളവരാണ്. പിണ്ണാക്ക്, കാലിത്തീറ്റ, വൈക്കോൽ എന്നിവയാണ് പ്രധാന ആഹാരക്രമം. വൃത്തിഹീനമായ തൊഴുത്തുകൾ, കാലാകാലങ്ങളിൽ വേണ്ട പ്രതിരോധ കുത്തിവയ്പ്കളുടെ അഭാവം തുടങ്ങിയവ പലവിധ രോഗങ്ങളെയും വിളിച്ചുവരുത്തുന്നു. മൃഗചികിത്സയുമായ ബന്ധപ്പെട്ട് ചെങ്ങളത്ത് വായനാശാലക്കവലയിൽ സ്ഥിതിചെയ്യുന്ന മൃഗാശുപത്രിയും, ക്രിത്രിമ ബീജസങ്കലനത്തിനായി കിളിരൂർ വലിയപാലത്തിനു സമീപം ഒരു I.C.D.P. സബ്സെന്ററും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും പകർച്ചവ്യാധികൾ, പരാഗരോഗങ്ങൾ, വന്ധ്യത ദഹനസംബന്ധമായ രോഗഹ്ങൾ, അകിടുവീക്കം എന്നിവയാണ് പശുക്കളെ ബാധിക്കുന്നത്. പരിപാലനത്തിലെ അശാസ്ത്രീയതമൂലമുള്ള രോഗങ്ങളാണ് കൂടുതലും എന്നു വ്യക്തം. പഞ്ചായത്തിൽ മൃഗാശുപത്രി നിലവിൽ വന്നിട്ട് രണ്ടുവർഷം മാത്രമേ ആയിട്ടുള്ളു. പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലെയും ആളുകൾക്ക് ഈ സ്ഥാപനവുമായി ബന്ധപ്പെടുവാനുള്ള അസൗകര്യം മൂലം ഇതിന്റെ സേവനം എല്ലാപ്രദേശങ്ങളിലും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

**രോഗവിവരങ്ങൾ**

| രോഗങ്ങൾ | കന്നുകാലി | ആട് | കോഴി |
|---|---|---|---|
| ദഹനസംബന്ധമായവ | 261 | 70 | 226 |
| ശ്വാസകോശസംബന്ധം | 61 | 21 | 168 |
| ഉപാപചയ സംബന്ധം | 31 | - | - |
| ത്വക്‌രോഗങ്ങൾ | 66 | 10 | - |
| ധാതുലവണങ്ങളുടെഅഭാവം | 63 | 7 | - |
| പരാദരോഗങ്ങൾ | 439 | 108 | 165 |
| വന്ധ്യത | 139 | 4 | - |
| അകിടുവീക്കം | 44 | 9 | - |
| മുടന്തൻ പനി | 55 | - | - |
| പകർച്ചവ്യാധികൾ | 1000 | 80 | - |

**കൃത്രിമ ബീജസങ്കലന വിവരം**

| | അകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികംതവണ ബീജസങ്കലനം വേണ്ടിവന്നവ. |
|---|---|---|---|
| പശു | 1415 | 1107 | 292 |
| എരുമ | 22 | 16 | 6 |

(പഞ്ചായത്തിലെ മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ റിപ്പോട്ട്ചെയ്ത ഒരുവർഷത്തെ കണക്ക്)



കുമ്മനം ഒന്നാം വാർഡിലും രണ്ടാംവാർഡിലും പാൽ വിതരണത്തിനായി മുൻപ് രൂപീകരിച്ചിരുന്ന സൊസൈറ്റിയും സഹകരണ സംഘവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പാലിന്റെ വിപണ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഏകസഹകരണ സ്ഥാപനം തിരുവാർപ്പ് ക്ഷീരോല്പാദന സഹകരണ സംഘമാണ്.

കന്നുകാലിതീറ്റയുടെ വർദ്ധിച്ച വില കർഷകർ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അതുപോലതന്നെ കറവക്കാരുടെ ദൗർലഭ്യം. ഭൂരിഭാഗം ആൾക്കാരും അയൽ സംസ്ഥാനങ്ങളിലെ കറവക്കാരെ നിയോഗിച്ചുകൊണ്ടാണ് ഈ രംഗത്തു തുടരുന്നത്. സ്വയം പാലുകറന്ന് വില്പന നടത്തുന്ന കർഷകർ നന്നേ കുറവാണ്. അങ്ങനെയുള്ള കറവക്കാരെ കിട്ടണമെങ്കിൽ അവർക്കുതന്നെ പാല് വില്ക്കണമെന്ന അവസ്ഥ നിലനില്ക്കുന്നു. വില നന്നേ കുറവും. ഇങ്ങനെ ഇടനിലക്കാരുടെ പ്രശ്നം വേറെ. കറവ രംഗത്ത് നിലനില്ക്കുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. സഹകരണ മേഖലയുടെ ഇടപെടലിലൂടെ ഇതിന് സാധ്യമാകും. സൊസൈറ്റി കറവക്കാരെ നിയോഗിക്കുകയും കർഷകരിൽ നിന്നും നേരിട്ട് പാൽ ശേഖരിച്ച് വിപണനം ശക്തമാക്കുകയും വേണം.

ഓരോ മാസവും ഏറ്റവും കുറഞ്ഞത് 50 കന്നുകാലികളും രണ്ടോ മൂന്നോ ആടുകളും മാംസ്യാവശ്യങ്ങൾക്കുവേണ്ടി ഈ പഞ്ചായത്തിൽ കശാപ്പുചെയ്യപ്പെടുന്നുണ്ട്. കശാപ്പുശാലകൾ വൃത്തിഹീനവും കശാപ്പുചെയ്യപ്പെടുന്ന മൃഗങ്ങൾ രോഗം ബാധിച്ചവയുമാകാം. തന്മൂലം മാംസം ഭക്ഷിക്കുന്നവർക്ക് പലതരം രോഗബാധയുണ്ടാകാം. ഈ അവസ്ഥ മാറേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ രീതിയിയിൽ കന്നുകാലികളെ കശാപ്പുനടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം. കാളക്കിടാങ്ങളെ ശാസ്ത്രീയമായി പരിപാലിച്ച് മാംസോല്പാദനത്തിനായി ഉപയോഗിക്കാവുന്നതാണ്. അതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് ശുദ്ധമായ മാംസം പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. അതുപോലെ ആടിനെയും മറ്റും ഇറച്ചിയുടെ ഉപയോഗത്തിനായി വളർത്തുന്ന പദ്ധതികൾക്കും സാധ്യത ഉണ്ട്. പാലുല്പാദനവുമായി ബന്ധപ്പെട്ടതും ദരിദ്രജനവിഭാഗങ്ങളുടെ ഉന്നമനത്തിന് ആടുവളർത്തൽ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ വെള്ളക്കെട്ടുള്ള പ്രദേശത്ത് എരുമവളർത്തലിൽ തത്പരമായ കർഷകരെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഉയർന്ന ഉല്പാദനശേഷിയുള്ള കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാനുള്ള പദ്ധതികൾ ഉണ്ടാകണം.

15 കോളനികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ 6 ലക്ഷം വീടു കോളനിയും ഒരു പട്ടികജാതി കോളനിയുമുണ്ട്. ഈ സങ്കേതങ്ങളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് മൃഗപരിപാലന സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്.

മൃഗാശുപത്രിയോടനുബന്ധിച്ച് പഞ്ചായത്തു നിശ്ചയിക്കുന്ന മൃഗപരിപാലന പ്രവർത്തനങ്ങൾ, പഞ്ചായത്തുതല മൃഗാരോഗ്യകേന്ദ്രമായ മൃഗാശുപത്രിവഴി ഏകോപ്പിക്കണം. കാർഷിക മേഖലയുമായി ബന്ധപ്പെടുത്തി പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഊർജ്ജ സ്രോതസ് എന്ന നിലയിൽ പുതിയ ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ടാകണം.

ഈ മേഖലയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്.

- നിലവിലുള്ള കന്നുകാലികളുടെ ഉത്പാദനക്ഷമത അങ്ങേയറ്റം പ്രയോജനപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
- തീറ്റപ്പുൽകൃഷി വ്യാപകമാക്കുക- കൃഷിയുമായി ബന്ധപ്പെടുത്തി ഒരു വിളക്രമം രൂപികരിക്കുക. തരിശുഭൂമിയിൽ പുൽകൃഷി നടത്താവുന്നതാണ്. ക്ഷീരോല്പാദക സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ടും പുൽകൃഷി വ്യാപിപ്പിക്കുക.
- ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുക. തദ്ദേശീയ വിഭവങ്ങൾ ഉപയോഗിച്ച് ബ്ലോക്ക്/ജില്ല അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് കഴിയണം.
- ഡയറി യൂണിറ്റുകൾ ഉണ്ടാവണം.
- സങ്കരയിനം കന്നുകാലികളെ ഫലപ്രദമായി വളർത്തിയെടുത്ത് അവയുടെ ഉത്പാദനവും ഉദ്പാദനക്ഷമതയും വർദ്ധിപ്പിക്കണമെങ്കിൽ ശാസ്ത്രീയമായും, ലാഭകരമായും പരിപാലിക്കുന്നതിനുള്ള സാങ്കേതിക വിദ്യയിൽ കർഷകർക്ക് പരിശീലനം അത്യാവശ്യമാണ്. ആവശ്യമായ പരിശീലന കേന്ദ്രം ഉണ്ടാവണം. സാങ്കേതിക ജ്ഞാനം കർഷകരിലെത്തണം.
- അടിസ്ഥാന സൗകര്യം പോലുമില്ലാത്ത മൃഗാശുപത്രിയാണ് ഈ പഞ്ചായത്തിലുള്ളത്. സ്വന്തമായി ഒരു കെട്ടിടം ഉണ്ടാക്കണം. ഇവിടത്തെ സജ്ജീകരണങ്ങൾ ആധുനികവല്ക്കരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യണം. ഇവിടെ ലാബോറട്ടറി പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ, ടെലിഫോൺ മുതലായ സജ്ജീകരണങ്ങൾ ഉണ്ടാ

കണം. ചികിത്സയും മറ്റു സേവനവും സാങ്കേതിക വൈദ ഗ്ധ്യവും പഞ്ചായത്തിന് എല്ലാ വാർഡുകളിലുമുള്ള കർഷ കർക്ക് കഴിവതും ഒരുപോലെ ലഭ്യമാക്കുന്യനതിനുള്ള സാഹചര്യം ഒരുക്കണം.

മുട്ടയുല്പാദനവുമായി ബന്ധപ്പെട്ട് വീടുകളുടെ പിന്നാമ്പു റത്ത് വളർത്താൻ കഴിയുന്നതരത്തിലുള്ള മേൽത്തരം കോഴി ക്കുഞ്ഞുങ്ങളെ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതു ണ്ട്. കൂടുതൽ ഉത്പാദനശേഷിയുള്ള മേൽത്തരം കോഴി ക്കുഞ്ഞുങ്ങളെ നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ വേണ്ടത്ര ഇല്ല. നാടൻ കോഴികളാണ് ഭൂരിഭാഗവും. ഈ സ്ഥിതി മാറണം. സ്ത്രീപങ്കാളിത്തത്തോടെ "വീടുകളിൽ മേൽത്തരം മുട്ടക്കോഴികളെ എത്തിക്കുന്നതിനും അവയെ പരിപാലിക്കുന്നിതിനും കഴിയണം. കോഴിവസന്തയ്ക്കെതി രെ ഫലപ്രദമായി കുത്തിവയ്പ് വ്യാപകമായി നടത്തണം. പുഴകളും തോടുകളും ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ താറാവു വളർത്തലിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേ ണ്ടതാണ്. പത്തോ ഇരുപതോ താറാവിൻ കുഞ്ഞുങ്ങൾ അടങ്ങുന്ന ചെറിയ യൂണിറ്റുകൾ വീടുമായ ബന്ധപ്പെട്ടു വളർത്താവുന്നതാണ്.

പന്നി വളർത്തൽ വിപുലമായി നടത്തുവാൻ നമ്മുടെ പഞ്ചായത്തിന് സാധ്യതകൾ കുറവാണ്. ഏകദേശം 25 പന്നികൾ ഇവിടെ ഉണ്ടാകും. ഒരു പന്നി പ്രജനന യൂണിറ്റ് നിലവിലുണ്ട്. പരിമിതമായ സാധ്യതകളുള്ളൂ എങ്കിലും തത്പ രരായ കർഷകർ ഇവിടുണ്ട്.

7 ഇറച്ചികോഴി യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. 80 നായ്ക്കളെ കഴിഞ്ഞ വർഷം പ്രതിരോധ കുത്തിവ യ്പിനു വിധേയമാക്കി. എന്നാൽ 3 നായ്ക്കൾക്ക് മാത്രമേ പഞ്ചായത്തിൽ നിന്നും ലൈസൻസ് നല്കിയിട്ടുള്ളൂ.

പേവിഷബാധയ്ക്കെതിരെ നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് സമായസമയങ്ങളിൽ എടുപ്പിക്കണം. വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിച്ചുകളയാൻ പഞ്ചാ യത്ത് മുൻകൈ എടുക്കണം. കന്നുകാലി വളർത്തലിലും, കോഴി വളർത്തലിലും സ്ത്രീകളുടെ പങ്ക് പ്രാധാന്യമർഹി ക്കുന്നു. ഭൂരിഭാഗം വീടുകളിലും ഇതുമായി ബന്ധപ്പെട്ട ജോ ലികളുടെ ഏറിയ ഭാഗവും സ്ത്രീകളാണ് നിർവ്വഹിക്കുന്ന ത്. എന്നാൽ വിജ്ഞാന വ്യാപനം, പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് പ്രകട മാണ്. ഇത് പരിഹരിക്കപ്പെടണം.

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് 11493 തൊഴിൽ രഹിത സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. മൃഗ പരിപാലന മേഖലയിൽ സ്ത്രീകൾക്കു പ്രാമുഖ്യം നല്കി പദ്ധതികൾ ഉണ്ടാകണം.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ ജീവിതനില വാരം മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതി നും ഈ മേഖലയുമായി ബന്ധപ്പെടുത്തി പദ്ധതികൾ ആവി ഷ്ക്കരിക്കണം.

### മത്സ്യബന്ധനം

മീനച്ചിലാറിന്റെ കൈവഴികളും, തോടുകളും ആറുകളും കാഞ്ഞിരം പുത്തൻതോടും, പഴുക്കാനിലകായലും, സ്വകാര്യ കുളങ്ങളുമാണ്. നമ്മുടെ ജലസമ്പത്ത്. ചൂണ്ട, തെറ്റാലി, വല, മീൻകൂട് എന്നിവ ഉപയോഗിച്ച് തോടുകളിൽനിന്നും നാട്ടുകാർ മീൻ പിടിക്കുക സാധാരണമാണ്. ഒഴുക്കും, വെള്ളം വരവും ഉള്ള കാലങ്ങളിൽ കച്ചാവല വെച്ചും ജനങ്ങൾ മത്സ്യം പിടിക്കുന്നു. നിരവധിയിനം മത്സ്യങ്ങൾ ലഭിക്കുക യും ചെയ്തിരുന്നു. പരൽ, വരാല്, കാരി, പുല്ലൻ, കുറുവ, വാള, വയമ്പ്, ചേറുമീൻ, കൂരി, കാളാഞ്ചി, കണ്ണി, പൂമീൻ, കരിമീൻ ഇവ സുലഭമായിരുന്നു. ഇന്ന് മത്സ്യം കുറവാണെ ങ്കിലും നല്ല വില കിട്ടുന്നതിനാൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം കഴിയുന്നവർക്ക് അധികം സാമ്പ ത്തിക ക്ലേശം അനുഭവപ്പെടുന്നില്ല. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഏകദേശം 1000-ൽ പരം ആൾക്കാർ ഉപജീ വനം കഴിയുന്നുണ്ട്.

21 ആളുകൾക്ക് മത്സ്യതൊഴിലാളി പെൻഷൻ ലഭിക്കു ന്നു. ഇപ്പോൾ 16 മാസത്തെ പെൻഷൻ കുടിശികയാണ്. ക്ഷേമനിധി ബോർഡ് തിരുവാർപ്പ് പഞ്ചായത്തിൽ നല്കിയ മറ്റ് ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. മരിച്ച തൊഴിലാളിയുടെ ആശ്രിതർക്കു നല്കുന്ന ധനസഹായം ഇനത്തിൽ ഒരാൾക്ക് 1000 രൂപ നല്കിയിട്ടുണ്ട്. തൊഴിലാ ളികളുടെ ആശ്രിതരുടെ മരണം സംബന്ധിച്ച് 300 രൂപ പ്രകാരം 12 പേർക്ക് ധനസഹായം ലഭിച്ചു. അപകടനഷ്ട പരിഹാരം സംബന്ധിച്ച് ഒരു തൊഴിലാളിക്ക് 2500 രൂപ കിട്ടിയിട്ടുണ്ട്. ഒരാൾക്ക് ചികിത്സാ സഹായവും ലഭ്യമായിട്ടു ണ്ട്. 7500 രൂപ. മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂ ല്യങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണം വളരെ അ വശ്യമാണ്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്ര മങ്ങൾ സങ്കീർണ്ണമാണ്.

ശുദ്ധജലമത്സ്യകൃഷിക്ക് വളരെയേറെ സാധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. മത്സ്യബന്ധനം ഉപജീവനമാർഗ മാക്കിയ ആയിരത്തോളം കുടുംബങ്ങളും അതുപോലെ മത്സ്യം നമ്മുടെ നാട്ടുകാരുടെ ആഹാരത്തിന്റെ പ്രധാനഭാ ഗവുമാണ്. മത്സ്യവിപണനവുമായി ബന്ധപ്പെട്ടും തൊഴിൽ ചെയ്യുന്നവരുമുണ്ട്. നമ്മുടെ പൊതു ജലാശയങ്ങളിൽ മ ത്സ്യക്കുഞ്ഞുങ്ങളെ വിടുകയും അവ വളർന്നു വലുതാവു മ്പോൾ തൊഴിലാളികൾക്ക് യഥേഷ്ടം പിടിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാകണം.

ശുദ്ധജലം ധാരാളം കയറ്റിവിടുവാൻ കഴിയുന്ന പുഞ്ച നിലങ്ങളിൽ നെൽകൃഷിയും തുടർന്ന് മത്സ്യകൃഷിയും ചെയ്യു ന്നതിനുള്ള പരിപാടികൾക്ക് സാധ്യതയുണ്ട്. തോടുകൾ കേന്ദ്രീകരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന നഴ്സറി കൾക്കും സാധ്യതയുണ്ട്.

മത്സ്യവിപണനവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപ നങ്ങൾ ഉണ്ടാവണം. മത്സ്യവിപണന കേന്ദ്രത്തിന്റെ അഭാവം പരിഹരിക്കപ്പെടേണ്ടതാണ്. മത്സ്യ രംഗത്തുണ്ടാകുന്ന മാറ്റം പുതിയ നഴ്സറികളും ഐസ് ഫാക്ടറികളും സ്ഥാപിക്ക പ്പെടാനുള്ള സാഹചര്യം ഒരുക്കുന്നു.

മത്സ്യത്തിന്റെ വംശനാശത്തിൽ കലാശിക്കുന്ന നഞ്ചക ലക്ക്, കരണ്ടടിപ്പിക്കൽ, അടക്കംകൊല്ലിവല, തോട്ടാപ്രയോഗം എന്നിവ നിരോധിക്കണം.

# 5.3

# വ്യവസായം

പരമ്പരാഗതമായി കളിമൺ വ്യവസായം, പപ്പട നിർമ്മാണം, പായ്, കൊട്ടനെയ്ത്ത് എന്നീ കുടിൽ വ്യവസായങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ് കളിമൺ വ്യവസായം, പായ , കൊട്ടനെയ്ത്ത് ഇവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പപ്പട നിർമ്മാണവും സാമ്പതിക പ്രതിസന്ധിയെ നേരിടുന്നു. പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. വിപണനത്തിനുള്ള സാധ്യതയും കുറയുന്നു. പപ്പടം നിർമ്മിച്ച് വീടുകൾതോറും കയറി ഇറങ്ങി വിപണനം നടത്തുന്നരീതി ഇവിടെ നിലനിന്നിരുന്നു. കുടിൽ വ്യവസായമായി തുകൽ ചെരിപ്പു നിർമ്മാണവും നടന്നുവരുന്നുണ്ട്.

റബ്ബർ വ്യവസായവുമായി ബന്ധപ്പെട്ട് നാലു യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട് റബ്ബർ ചെരിപ്പിന്റെ സോൾ നിർമ്മാണമാണ് പ്രധാനം.

അലുമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ്, ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ്, ഫാബ്രിക്സ് നിർമ്മാണ യൂണിറ്റ്, ഫർണിച്ചർ യൂണിറ്റുകൾ, തയ്യൽ മെഷീന്റെ മേശയുണ്ടാക്കുന്ന രണ്ടു യൂണിറ്റുകൾ എന്നീ വ്യവസായ സംരംഭങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. നാല് ഈർച്ചമില്ലുകൾ ഇവിടുണ്ട്. ഒരു കളിമൺ വ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

തിരുവാർപ്പ് പ്രധാനമായും കാർഷിക മേഖലയാണ്. കർഷകരും കർഷക തൊഴിലാളികളും കൂടുതൽ അധിവസിക്കുന്ന പ്രദേശം കൂടിയാണിത്. നെല്ല്, തേങ്ങ എന്നിവയാണ് പ്രധാന വിളകൾ ഇടനിലക്കാർ മുഖേന കച്ചവടം നടത്തപ്പെടുകയാണ്. ഉദ്പന്നങ്ങൾക്ക് ലഭ്യമാക്കുന്ന വില കുറവും, അങ്ങനെ ഉത്പാദകർ ചൂഷണത്തിനു വിധേയരാകുന്നു.

കാർഷികോല്പന്നങ്ങൾ ഇവിടെ തന്നെ സംസ്കരിക്കാൻ പറ്റുന്നതരത്തിലുള്ള സ്ഥിതി വിശേഷം ഉണ്ടായാൽ കുറച്ചാളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും സാധിക്കും. കൃഷിക്കും സാധ്യതയുള്ള സ്ഥലമാണിത്.

വ്യവസായം ഉൾപ്പെടെയുള്ള വിവിധ മേഖലകളുടെ പുരോഗതിക്ക് ഈ പഞ്ചായത്തിലെ വെള്ളപ്പൊക്ക ഭീഷണിയും അതുപോലെതന്നെ ഗതാഗതത്തിന്റെ അസൗകര്യവും പരിഹരിക്കപ്പെടേണ്ടതാണ്.

തിരുവാർപ്പ് പഞ്ചായത്ത്

| | | |
|---|---|---|
| ആകെ വീടുകൾ | - | 6645 |
| സ്ത്രീകൾ | - | 13539 |
| പുരുഷന്മാർ | - | 13656 |
| തൊഴിൽ രഹീത സ്ത്രീകൾ | - | 11493 |
| തൊഴിൽ രഹിത പുരുഷന്മാർ | - | 6923 |

കച്ചവടം, വ്യവസായം ഇവയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന

| | | |
|---|---|---|
| പുരുഷന്മാർ | - | 1240 |
| സ്ത്രീകൾ | - | 60 |

കുടിൽ വ്യവസായം, നിർമ്മാണം, റിപ്പയറിംഗ്, എന്നീ തൊഴിൽ ചെയ്യുന്ന

| | | |
|---|---|---|
| പുരുഷന്മാർ | - | 624 |
| സ്ത്രീകൾ | - | 52 |

കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന

| | | |
|---|---|---|
| പുരുഷന്മാർ | - | 42 |
| സ്ത്രീകൾ | - | 23 |

മറ്റുതൊഴിലുകളിൽ ഏർപ്പെട്ടു ജീവിക്കുന്ന

| | | |
|---|---|---|
| പുരുഷന്മാർ | - | 1133 |
| സ്ത്രീകൾ | - | 336 |

സ്വയം തൊഴിൽ വായ്പയെടുത്തിട്ടുള്ള

| | | |
|---|---|---|
| പുരുഷന്മാർ | - | 82 |
| സ്ത്രീകൾ | - | 73 |

ഇതിൽ 40 പേർ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. വ്യവസായ വകുപ്പിന്റെ കണക്കുപ്രകാരം SSI രജിസ്ട്രേഷനോടുകൂടിയ 118 യൂണിറ്റുകൾ ഉണ്ട്. എന്നാൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് വെറും 16 യൂണിറ്റുകൾ മാത്രമാണ്.

പഞ്ചായത്തിന്റെ വിഭവ സമഹാരണ മാർഗത്തിൽ വ്യവസായ യൂണിറ്റികൾ പ്രധാന്യമർഹിക്കുന്നു. തിരുവാർപ്പു പഞ്ചായത്ത് വരുമാനം കുറഞ്ഞ പഞ്ചായത്തുകളിലൊന്നാണ്. സാധ്യതയുള്ള വ്യവസായിക യൂണിറ്റുകൾ സ്ഥാപിക്കുക വഴി കുറച്ചാളുകൾക്ക് തൊഴിൽ നല്കുകയും നമ്മുടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.

ഒരു വ്യവസായ കേന്ദ്രീകരണം (Industrial Estate) ഉണ്ടാവേണ്ടതാണ്.



നെല്ലും കൊപ്രയും സംസ്ക്കരിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിക്കും. ഉപോല്പന്നങ്ങളായ തവിടും, പിണ്ണാക്കും കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത സാധനമായി ഉപയോഗിക്കാവുന്നതാണ്.

തുകൽ ചെരുപ്പു നിർമ്മാണം ഈ പഞ്ചായത്തിലെ ഒരു പ്രധാന കുടിൽ വ്യവസായമാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ നിരന്തരമായ വിലക്കയറ്റം, വിപണിയിലെ മാന്ദ്യത മുതലായവ ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു. ഒരു കൂട്ടായ പരിപാടിയിലൂടെ ഈ വ്യവസായത്തിന്റെ നിലനില്പ് ഉറപ്പിക്കണം.

തയ്യലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ത്രീകളും, പുരുഷന്മാരും ധാരാളമായി ഇവിടുണ്ട്. വനിതകൾക്ക് പ്രാമുഖ്യം നല്കി അവരുടേതായ തയ്യൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കപ്പെടണം. ആധുനിക ഡിസൈനിംഗ്, കട്ടിംഗ് സമ്പ്രദായം, ഇവ കേന്ദ്രീകൃതമായി ചെയ്തുകൊണ്ട് തയ്യൽ ജോലി വീടുകളിൽ നടത്താവുന്നതാണ്. ഇപ്രകാരം ഉത്പാദിപ്പിക്കപ്പെടുന്ന വസ്ത്രങ്ങൾ വിപണിയിൽ എത്തിക്കാൻ കഴിയണം.

സോപ്പു നിർമ്മാണം സാധ്യതയുള്ള വ്യവസായമാണ്. കുളിക്കുന്നതിനും, അലക്കാൻ ഉപയോഗിക്കുന്ന സോപ്പ് സോപ്പുപൊടി മുതലായവ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് നമ്മുടെ നാട്ടിൽത്തന്നെ വിറ്റഴിക്കാൻ കഴിയും.

കരകൗശലം, തടിവ്യവസായം, സിമന്റിഷ്ടിക, പപ്പട നിർമ്മാണം എന്നീ വ്യവസായ യൂണിറ്റുകൾ നടത്താവുന്നതാണ്.

വ്യവസായ വികസന പദ്ധതികൾക്ക് രൂപം നല്കുന്നതോടൊപ്പം വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുവാൻ തയ്യാറാകുന്നവർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം പഞ്ചായത്തു തലത്തിൽ നല്കേണ്ടതാണ്. ആധുനിക സാങ്കേതിക വിദ്യയും, മാനേജരീയൽ ഇക്കണോമിയും വ്യവസായ സംരഭകരെ പരിശീലിപ്പിക്കേണ്ടതാണ്. ●

# 5.4
# ഗതാഗതം ഊർജ്ജം മാർക്കറ്റ്

## ഗതാഗതം

തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് മീനച്ചിലാറിന്റെ തീരത്താണ് സ്ഥിതിചെയ്യുന്നത്. ടി ആറ് പഴുക്കാനില കായലിൽ പതിക്കുന്നു. മീനച്ചിലാറിന് ഒട്ടേറെ കൈവഴികളും തോടുകളും ഉള്ളതിനാൽ ഇവിടുത്തെ ജനങ്ങൾ ജലഗതാഗതത്തയാണ് ആശ്രയിച്ചിരുന്നത്. ഇപ്പോഴും ചെറുതും വലുതുമായ വള്ളങ്ങൾ ജലഗതാഗതത്തിനും മറ്റും ഉപയോഗിച്ചിവരുന്നു. 25 കൊല്ലത്തിനു മുൻപ് ആലപ്പുഴ, കോട്ടയം, അതിരമ്പുഴ തുടങ്ങിയ വ്യാപാര കേന്ദ്രങ്ങളുമായി കേവുവള്ളങ്ങൾ ഉപയോഗിച്ച് വ്യാപാരങ്ങൾ നടത്തിയിരുന്നു. പുതിയ റോഡുകളുടെ നിർമ്മാണത്തെ തുടർന്നു നാടൻ വള്ളങ്ങളുടെയു മറ്റും ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

ഈ പഞ്ചായത്തിൽ പ്രധാനമായും 6 പൊതുമരാമത്ത് വകുപ്പ് റോഡുകളാണ് ഉള്ളത്.

| | | | |
|---|---|---|---|
| 1 | കോട്ടയം കുമരകം റോഡിന്റെ ഇല്ലിക്കൽ മുതൽ ചെങ്ങളം വരെയുള്ള PWD റോഡ് | - | 2.5 K. M. |
| 2. | ഇല്ലിക്കൽകവല-തിരുവാർപ്പ് റോഡ് | - | 2.5 K. M. |
| 3. | ഇല്ലിക്കൽ - കുഴിത്താർ റോഡ് | - | 1.8 K. M. |
| 4. | തിരുവാർപ്പ് - കൊച്ചമ്പലം റോഡ് | - | 1.8 K. M. |
| 5. | ഇല്ലിക്കൽ - കാഞ്ഞിരം റോഡ് | - | 1.480 K. M. |
| 6. | കാവിൽക്കടവ് - ഏനാദി റോഡ് | - | 1.6 K. M. |
| | ആകെ | - | 15.380 K.M. |



PWD റോഡിനു പുറമെ മൊത്തം 96.966 K. M ദൈർഘ്യംവരുന്ന 172 പഞ്ചായത്ത് റോഡുകൾ ഉണ്ട് (റോഡ് വിവരങ്ങൾ അനുബന്ധം:5.4(1)) ഇതിൽ 14 റോഡുകൾ വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ് പ്രകാരം പഞ്ചായത്തിനു ലഭിച്ച രൂപാ ചെലവാക്കി അറ്റകുറ്റ പണികൾ നടത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

എല്ലാ ഗ്രാമസഭകളിലും ഗതാഗത പ്രശ്നങ്ങൾ സംബന്ധിച്ച് സജീവമായ ഗ്രൂപ്പ് ചർച്ചകൾ നടക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ കരഭൂമി കുറവായതിനാലും കൈവശക്കാരിൽ ഭൂരിപക്ഷവും വളരെ ചെറിയ തുണ്ടുഭൂമിയുടെ ഉടമസ്ഥന്മാരുമാണ്. ഈ സാഹചര്യത്തിൽ ദേശീയ തലത്തിൽ നിർദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ പഞ്ചായത്ത് റോഡുകളുടെ വീതി കൂട്ടി നിർമ്മിക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ട് ഉണ്ട്. നമ്മുടെ ഭൂപ്രദേശത്തെ പ്രത്യേകതകൾ കണക്കിലെടുത്ത് വേണം റോഡുകൾക്ക് ആവശ്യമായ പദ്ധതികൾ തയാറാകേണ്ടത്. അതുപോലെതന്നെ റോഡുകളുടെ പുറമ്പോക്ക് പലരും കയ്യേറിയിട്ടുണ്ട്. കൈയേറ്റം ഒഴിവാക്കി അവ സംരക്ഷിക്കേണ്ടതാണ്.

പൊതുമരാമത്ത് റോഡുകൾ എല്ലാംതന്നെ വെള്ളപ്പൊക്കകാലത്ത് പൂർണ്ണമായി മുങ്ങി ഗതാഗതം തടസ്സപ്പെടാറുണ്ട്. തുടർച്ചയായി വെള്ളപ്പൊക്കം മൂലം റോഡുകൾ മിക്കവാറും താറുമാറായി പോകും. വെള്ളപ്പൊക്കം നിയന്ത്രികുന്നതിനുള്ള പദ്ധതികൾ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ രൂപപ്പെടുത്തേണ്ടതാണ്.

കോട്ടയം കുമരകം റോഡ് Tourist Development Corporaton ന്റെ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഇല്ലിക്കൽ - തിരുവാർപ്പ് റോഡ്, തിരുവാർപ് - കൊച്ചമ്പലം റോഡ്, എന്നിവ വീതികൂട്ടി മണ്ണിട്ടു ഉയർത്തേണ്ടതാണ്. ഇല്ലിക്കൽ-കുഴിത്താർ റോഡ് വീതി കൂട്ടുകയും വളവുകൾ നേരെയാക്കി ഗതാഗത യോഗ്യമാക്കേണ്ടതാണ്. നിർദ്ദിഷ്ട കാഞ്ഞിരം മലരിക്കൽ റോഡിന്റെ കരാർ ഉറപ്പിച്ചു നിർമ്മാണം ഉടനെ ആരംഭിക്കണം.

പുതിയ റോഡുകൾ എന്ന നിലയിൽ തിരുവാർപ്പ് ഗവ:യു.പി. സ്കൂൾ - ചെങ്ങളം ക്രോസ് റോഡ്, മുട്ടം-മലരിക്കൽ കാഞ്ഞിരം, തിരുവാർപ്പ് വഴി കുമരകം ബൈപാസ് എന്നിവ പദ്ധതികളിൽ ഉൾപ്പെടുത്തണം.

ഈ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ കടത്തുവള്ളങ്ങൾ ഉണ്ട്.

കാഞ്ഞിരം

അറവുപുഴ

പാണംപടി

2, 11 എന്നീ വാർഡുകളിൽ ഓരോ തോണിയും ഉണ്ട്.

പഞ്ചായത്തു റോഡുകൾ മിക്കവാറും എല്ലാംതന്നെ വെള്ളപ്പൊക്കത്തെ തുടർന്ന് താറുമാറായി കിടക്കുന്നു. അവയ്ക്കു ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണ്.

എല്ലാ വാർഡുകളിൽനിന്നും വേണ്ടത്ര റോഡുകളുടെയും, പാലങ്ങളുടെയും, കലുങ്കുകളുടെയും ആവശ്യം ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ ബസ്സ്റ്റാൻറ്, ടാക്സി ഓട്ടോ സ്റ്റാൻഡുകൾ ഒന്നുംതന്നെയില്ല. ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഗതാഗതരംഗത്ത് ആവശ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. 11 വാർഡുകളിലും വേണ്ടത്ര ഗതാഗത സൗകര്യങ്ങൾ ഇല്ല.
2. നിലവിലുള്ള പി.ഡബ്ല്യു.ഡി. റോഡുകളുടെയും മറ്റ് പഞ്ചായത്ത് റോഡുകളുടെയും നിലവാരം വളരെ മോശമാണ്.
3. ഓടകളും, കലുങ്കുകളും ഇല്ല.
4. വെയിറ്റിംഗ് ഷെഡുകൾ ഇല്ല.
5. റോഡുകൾക്കു മതിയായ വീതിയില്ല.
6. അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറില്ല.
7. വെള്ളപ്പൊക്കംമൂലം എല്ലാ വഴികളും താറുമാറാകുന്നു.

### പരിഹാരങ്ങൾ

1. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകൾ, പാലങ്ങൾ എന്നിവ മുൻഗണന പ്രകാരം പദ്ധതികൾ തയ്യാറാക്കുക. അനുബന്ധം: 5.4(2)
2. ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് വിശദമായ സർവ്വേ നടത്തി പദ്ധതികൾ തയ്യാറാക്കുക.
3. വെള്ളപ്പൊക്കം നിയന്ത്രിക്കാൻ പുതിയ പദ്ധതികൾ ജില്ലാ/സംസ്ഥാന തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുക.

## ഊർജ്ജം

തിരുവാർപ്പു ഗ്രാമപഞ്ചായത്തു ഒരു കാർഷിക മേഖലയായതിനാൽ ഏതാണ്ട് 90% വീടുകളിലും വിറക് ഗാർഹിക ഇന്ധനമായി ഉപയോഗിക്കുന്നു. പാചകത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവർ 5%ഉം പാചകവാതകം ഉപയോഗിക്കുന്നവർ 5%ഉം വരും. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ വേണ്ടി 140 അപേ^കർ ഉണ്ട്. ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം കുമരകം, അയ്മനം എന്നീ വൈദ്യുതി ആഫീസുകൾ വഴിയാണ് വൈദ്യുതി വിതരണം സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ആഫീസ് | ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം |
|---|---|---|---|---|
| കുരമകം | 2926 | - | 60 | 15 |
| അയ്മനം | 1285 | - | 16 | 10 |
| ആകെ | 4211 | - | 76 | 25 |

ഈ പഞ്ചായത്തിൽ 767 വഴി വിളക്കുകൾ ഉണ്ട്. എന്നാൽ വൈദ്യുതി ബൾബുകൾ മിക്കവയും തെളിയുന്നില്ല. പഞ്ചായത്തിൽ നിന്നും വഴി വിളക്കുതെളിയിക്കുന്നതിനായി 62004/- രൂപാ ചെലവാക്കിയതായി കാണുന്നു. കുമരകം സെക്ഷന്റെ കീഴിൽ 33 അയ്മനം സെക്ഷന്റെ കീഴിൽ 5ഉം ട്രാൻസ്ഫോർമറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ചെങ്ങളം കുന്നിൻപുറത്ത് 110KV സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും വോൾട്ടേജ് ക്ഷാമം വളരെ ഗുരുതരമായി തുടരുന്നു. പുഞ്ചകൃഷിയുള്ള കാലങ്ങളിൽ വൈദ്യുതിയുടെ ഉപയോഗം കൂടുതലാണ്. വൈദ്യുതി ആഫീസുകളുടെ സേവനം



തൃപ്തികരമല്ല. അഴിമതികൾ അവസാനിപ്പിക്കേണ്ടതാണ്.

വൈദ്യുതി വിതരണ രംഗത്തു കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് വൈദ്യുതി ബോർഡ് നടപടികൾ സ്വീകരിച്ചാൽ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ഇനിയും വൈദ്യുതി ലൈൻ ഇല്ലാത്ത വഴികൾ ഉണ്ട്. അതുപോലെ പതിനൊന്നു വാർഡുകളിലും ഇനിയും ധാരാളം വഴി വിളക്കുകൾ ആവശ്യമുണ്ട്. ഗ്രാമസഭകളിൽ ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. 125 വഴിവിളക്കുകൾ ആവശ്യമാണന്ന് ഗ്രാമസഭകളിൽ ഉന്നയിച്ചിട്ടുണ്ട്.

വിറകിന്റെ ലഭ്യതക്കുറവ് മൂലം സാധാരണക്കാരുടെ വീടുകളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആയതിനാൽ ദക്ഷതയുള്ള പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കണം. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഇന്ധനക്ഷാമം പരിഹിക്കുവാൻ സാധ്യതയും ഉണ്ട്. കൊപ്ര ഉണങ്ങുന്നതിനായി സോളാർ ഡ്രയർ, തീകത്തിച്ച് കൊപ്ര ഉണക്കാൻ കഴിയുന്ന ദക്ഷത കൂടിയ പുകപ്പുര, സോളാർ പവ്വർ ഉപകരണങ്ങൾ, വൈദ്യുതി ലഭീക്കാവുന്ന കോംപാക്ട് ഫ്ലൂറസ് ലാംബ് ഇവ പ്രചരിപ്പിക്കേണ്ടതാണ്. പുറമ്പോക്ക് സ്ഥലങ്ങളിലും കൃഷിയില്ലാത്ത ഭൂമികളിലും മരങ്ങൾ വെച്ചു പിടിപ്പിക്കാനുള്ള സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തണം.

### മാർക്കറ്റ്

തിരുവാർപ്പ് പഞ്ചായത്തിൽ വ്യാപാരം നടത്തുന്നതിനുള്ള മാർക്കറ്റുകൾ ഒന്നുംതന്നെയില്ല. പഞ്ചായത്ത് സ്ഥലംവാങ്ങി ഒരു മാർക്കറ്റിംഗ് കോംപ്ലക്സ് പണിയിപ്പിച്ചു വ്യാപാരങ്ങൾ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇല്ലിക്കൽ പാലത്തിനു സമീപമുള്ള പുറമ്പോക്കു ഭൂമിയിലോ, വലിയപാലത്തിനു സമീപമുള്ള പുറമ്പോക്കു ഭൂമിയിലോ മാർക്കറ്റ് തുടങ്ങാവുന്നതാണ്.



അനുബന്ധം: 5.4 (1)

## തിരുവാർപ്പു ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ വിവരം

| ക്രമനമ്പർ | റോഡിന്റെ പേര് | നീളം | വീതി | ഇനം |
|---|---|---|---|---|
| വാർഡ് I | | | | |
| 1. | കൂർത്തപ്പള്ളി ജമാ അത്ത് റോഡ് | 150 മീ. | 3 മീ. | ഗ്രാവൽ |
| 2. | ഒളപ്പത്ര റോഡ് | 125 മീ. | 230 മീ. | മൺ |
| 3. | കോയിപ്പുറം-വാഴേപ്പടി റോഡ് | 2 കി.മീ. | 3 കി. മീ. | ഗ്രാവൽ |
| 4. | പരവുതറ-വെള്ളാപ്പഴം റോഡ് | 100 മീ. | 2.30 മീ. | ഗ്രാവൽ |
| 5. | കിഴക്കേടത്തുചിറ- കിടങ്ങിൻറോഡ് | 1200 മീ. | 2.50 മീ. | ഗ്രാവൽ |
| 6. | എഴുത്തുപ്പള്ളി-വിത്തോത്തറ " | 800 മീ. | 3.00 മീ. | ഗ്രാവൽ |
| 7. | എലഞ്ഞിക്കൽ-കുന്നിയ്ക്കൻ റോഡ് | 300 മീ. | 2.50 മീ. | ഗ്രാവൽ |
| 8. | പൂതന്റെപറമ്പ് റോഡ് | 800 മീ. | 250 മീ. | ഗ്രാവൽ |
| 9. | നേതാജി റോഡ് | 1 കി. മീ. | 2.75 മീ. | മൺ |
| 10. | വാഴെപ്പടി റോഡ് | 500 മീ. | 2.90 മീ. | മൺ |
| 11. | വാഴക്കാലാ കാഞ്ഞിക്കുന്നത്ത് റോഡ് | 225" | 3.50 " | " |
| 12. | കോയിപ്പുറം-തോട്ടയ്ക്കാട്ടുപുരയിടം | 100" | 2.50 " | " |
| 13. | പെരുഞ്ചിറ തൊണ്ടു റോഡ് | 800" | 1.50" | " |
| 14. | ചാത്തനാട്-കോയിപ്പുറം റോഡ് | 200 " | 1.80" | " |
| 15. | പാഴൂർ തൊണ്ടുറോഡ് | 600" | 1.80" | " |
| 16. | ഒറ്റത്തുരുത്തേൽ റോഡ് | 800 " | 2.40" | " |
| വാർഡ് നമ്പർ II | | | | |
| 17. | കടപ്പനത്ര തൊണ്ടു റോഡ് | 2400 " | 2.40 " | " |
| 18. | അറുപറ - തോണ്ടമ്പ്രാ റോഡ് | 800" | 1.80" | " |
| 19. | അറുപറ - ചെങ്ങളംകുന്നുംപുറം | 800" | 1.80" | " |
| 20. | അറുപറ - പള്ളിയകരിറോഡ് | 800" | 1.80" | ഗ്രാവൽ |
| 21. | പാമ്പാടിച്ചിറ റോഡ് | 800" | 1.80" | " |
| 22. | മരോട്ടിപ്പറമ്പ് - പാലമറ്റം റോഡ് | 800 മീ. | 1.80 മീ. | ഗ്രാവൽ |
| 23. | അമ്പൂരം - തോണിക്കടവ് രോഡ് | 300 മീ. | 2.10 മീ. | മൺ |
| 24. | കുമ്മനം - ഒളപ്പത്ര റോഡ് | 400 മീ. | 3.00 മീ. | മൺ |
| 25. | കൈപ്പള്ളി - ആമ്പൂരം റോഡ് | 800 മീ. | 1.75 മീ. | മൺ |
| 26. | അമ്പൂരം മാമ്പിഴക്കരി ചിറ റോഡ് | 800 മീ. | 2.30 മീ. | മൺ |
| 27. | അറുപറ - കൊറ്റമ്പടം റോഡ് | 150 മീ. | 2.00 മീ. | മൺ |
| 28. | കളത്തൂർവഴി | 100 മീ. | 2.75 മീ | മൺ |
| 29. | കൈപ്പള്ളി - പള്ളി റോഡ് | 220 മീ. | 2.00 മീ. | മൺ |
| 30. | അമ്പൂരം - കിടങ്ങിൻ തത്രപ്പള്ളി തൊണ്ട് | 700 മീ. | 2.50 മീ. | മൺ |
| 31. | വഞ്ചിത്ര - അമ്പൂരം റോഡ് | 50 മീ. | 3.00 മീ. | മൺ |
| 32. | തൊണ്ടമ്പ - പാറേപറമ്പു റോഡ് | 100 മീ. | 2.40 മീ. | മൺ |
| 33. | കൊച്ചറയ്ക്കൽ - പ്ലാമ്പറമ്പ് റോഡ് | 100 മീ. | 1.00 മീ. | മൺ |
| വാർഡ് നമ്പർ III | | | | |
| 34. | മുണ്ടൻചേരിൽ - മുപ്പതിൽറോഡ് | 800 മീ. | 4.00 മീ. | ഗ്രാവൽ |
| 35. | തട്ടാപ്പറമ്പ് - കാവിൽക്കടവ് റോഡ് (എലപ്പള്ളി) | 400 മീ. | 2.60 മീ. | ഗ്രാവൽ |
| 36. | നെടുംഞ്ചിറ - എലപ്പള്ളി റോഡ് | 800 മീ. | 3.00 മീ. | ഗ്രാവൽ |
| 37. | നെടുംഞ്ചിറ - മണലേപത്ത് റോഡ് | 500 മീ. | 2.00 മീ. | മൺ |
| 38. | കാവിൽതാഴെ - വേട്ടനാല്പത് റോഡ് | 300 മീ. | 2.50 മീ. | ഗ്രാവൽ |
| 39. | കുന്നിൻപുറം - പറക്കരി റോഡ് | 160 മീ. | 2.20 മീ. | ഗ്രാവൽ |
| 40. | കുന്നിൻപുറം - കാവിൽതാഴെ റോഡ് | 100 മീ. | 3.00 മീ. | ഗ്രാവൽ |
| 41. | നെടുംചിറ - മുണ്ടകത്തിൽ റോഡ് | 50 മീ. | 2.00 മീ. | മൺ |
| 42. | മണലേച്ചിറ - കോവിലകം റോഡ് | 250 മീ. | 2.00 മീ. | ഗ്രാവൽ |

| | | | |
|---|---|---|---|
| 43. ഏനാദി - കാവിൽക്കടവ് റോഡ് | 1600 മീ. | 5.50 മീ. | ഗ്രാവൽ |
| 44. സെന്റ് ജോസഫ് ചർച്ച് റോഡ് | 1000 മീ. | 3.00 മീ. | ഗ്രാവൽ |
| 45. കുന്നിൻപുറം - മണലേൽപത്ത് റോഡ് | 1000 | 3.00 മീ. | ഗ്രാവൽ |
| 46. കാഞ്ഞുപറമ്പ് - ചേരിത്താഴെ റോഡ് | 800 മീ. | 2.40 മീ. | ഗ്രാവൽ |
| 47. കുന്നിൻപുറം - ഏനാദി പാറെക്കടവ് വഴി | 1000 മീ. | 2.40 മീ. | ഗ്രാവൽ |
| 48. ആമ്പക്കുഴി - തറേത്തറ റോഡ് | 87 മീ. | 3.00 മീ. | മൺ |
| 49. പള്ളിതാഴെ റോഡ് | 410 മീ. | 3.20 മീ. | മൺ |
| 50. കാവിൽകടവ് റോഡ് | 200 മീ. | 4.50 മീ. | ഗ്രാവൽ |
| 51. അയ്യമ്മാത്ര പല്ലാട്ട് റോഡ് | 150 മീ. | 1.75 മീ. | ഗ്രാവൽ |
| **വാർഡ് IV** | | | |
| 52. പനയിടത്തുശ്ശേരി - തൈശേരി റോഡ് | 110 മീ. | 1.60 മീ. | മൺ |
| 53. പൂങ്കശ്ശേരി - പട്ടടറോഡ് | 115 മീ. | 1.75 മീ | മൺ |
| 54. മഠത്തിൽക്കടവ് - പനയിടത്തുശ്ശേരി റോഡ് | 300 മീ. | 1.75 മീ. | മൺ |
| 55. കളപ്പുര താഴെ മണലേൽ റോഡ് | 150 മീ. | 1.80 മീ. | മൺ |
| 56. മോർക്കാട്ട് - അടിച്ചിറ റോഡ് | 210 മീ. | 1.20 മീ. | മൺ |
| 57. വാടയ്ക്കകം ലക്ഷം വീട് കോളനി റോഡ് | 120 മീ. | 1.60 മീ. | മൺ |
| 58. ചേരീത്ര - മുപ്പതിൽ റോഡ് | 100 മീ. | 3.00 മീ. | മൺ |
| 59. മണലേൽപത്ത് - പതിനഞ്ചിൽ റോഡ് | 100 മീ. | 1.80 മീ. | മൺ |
| 60. പള്ളിച്ചിറ റോഡ് | 200 മീ. | 2.50 മീ. | മൺ |
| 61. നെടുംഞ്ചിറ - കരിപ്പൂത്തട്ട് രോഡ് | 700 മീ. | 2.00 മീ. | മൺ |
| 62. പൂങ്കശ്ശേരി റോഡ് | 400 മീ. | 3.00 മീ. | മൺ |
| 63. പാത്തേരികളപ്പുര താഴെ റോഡ് | 600 മീ. | 2.00 മീ | മൺ |
| 64. ചെല്ലിത്തറ - പത്തിൽച്ചിറ റോഡ് | 100 മീ. | 2.00 മീ. | മൺ |
| 65. അറുപറത്തറ - കോതിശ്ശേരി റോഡ് | 400 മീ. | 2.00 മീ. | മൺ |
| 66. കൈതകം - പതിനഞ്ചിൽ റോഡ് | 100 മീ. | 2.00 മീ. | മൺ |
| 67. മണലേച്ചിറ - ചേരിത്താഴെ റോഡ് | 115 മീ. | 2.50 മീ. | മൺ |
| 68. മഠത്തിൽക്കടവ് - കുട്ടോല റോഡ് | 225 മീ. | 1.80 മീ. | മൺ |
| 69. പതിനഞ്ചിൽ റോഡ് | 160 മീ. | 1.50 മീ. | മൺ |
| 70. കരിപ്പുറം റോഡ് | 130 മീ. | 2.00 മീ. | മൺ |
| 71. നെടുംചിറ - മണലേൽപത്ത് റോഡ് | 52 മീ. | 2.00 മീ. | മൺ |
| 72. പാച്ചേരി - കളപ്പുരതാഴെ റോഡ് | 160 മീ. | 2.00 മീ. | മൺ |
| 73. വലിയതറ ലക്ഷംവീട് കോളനി റോഡ് | 500 മീ. | 1.50 മീ. | മൺ |
| 74. കളപ്പുര - കരുമാങ്കവ് റോഡ് | 1800 മീ. | 2.00 മീ. | മൺ |
| 75. ചേരിര - കളമാങ്കാവ് റോഡ് | 2100 മീ. | 3.00 മീ. | മൺ |
| 76. പള്ളിത്തറ - പട്ടട റോഡ് | 315 മീ. | 2.20 മീ. | മൺ |
| 77. ഇരുപത്തിനാലിൽ - വാഴയ്ക്കാലചിറ റോഡ് | 153 മീ. | 2.20 മീ. | മൺ |
| 78. മണപ്പത്തിൽ - CSI പള്ളി റോഡ് | 250 മീ. | 2.00 മീ. | മൺ |
| **വാർഡ് V** | | | |
| 79. ഓൾഡ് കുമരകം രോഡ് | 2 കി. മീ. | 3.50 മീ. | ഗ്രാവൽ |
| 80. തുണ്ടിയിൽ റോഡ് | 300 മീ. | 2.00 മീ. | ഗ്രാവൽ |
| 81. അട്ടിപ്പുരയിടം - അയ്മനത്ത് പാലം റോഡ് | 1 കി. മീ. | 2.00 മീ. | മൺ |
| 82. വാഴക്കാല ലക്ഷംവീട് റോഡ് | ഡ് മീ. | 2.00 മീ. | മൺ |
| 83. ചെമ്മനാട്ടുതറ SNDP റോഡ് | 800 മീ. | 2.00 മീ. | ഗ്രാവൽ |
| 84. വലിയതറ കോളനി റോഡ് | 300 മീ. | 2.00 മീ. | ഗ്രാവൽ |
| 85. അയ്യമ്മാത്ര - പാലത്ര റോഡ് | 500 മീ. | 1.25 മീ. | മൺ |
| 86. അയ്യമ്മാത്ര - തുമ്പേക്കളം റോഡ് | 1.500 മീ. | 2.00 മീ. | മൺ |
| 87. മൂന്നുമൂല - കേളക്കേരി റോഡ് | 1.500 മീ. | 1.50 മീ. | മൺ |
| 88. വായനശാല - മഠത്തിൽക്കടവ് റോഡ് | 200 മീ. | 5.50 മീ. | ഗ്രാവൽ |
| 89. മാവേലിക്കുഴി - മരുതനാൽ ചെങ്ങളം | 1.250 മീ. | 2.00 മീ. | മൺ |
| 90. ചെങ്ങളം മോസ്ക് -കൊല്ലുളപറമ്പ് റോഡ് | 1 കി. മീ. | 2.20 മീ. | ഗ്രാവൽ |

| | | | | |
|---|---|---|---|---|
| 91. | മരുതനാൽ - പരുത്തിയകം കോളനി | 350 മീ. | 250 മീ. | മൺ |
| 92. | പന്തിരുപറതോട് - പരുത്തിയകം കോളനി | 450 മീ. | 3.70 മീ. | മൺ |
| 93. | മുത്തമൂല - പട്ടട റോഡ് | 350 മീ. | 2.50 മീ | മൺ |
| 94. | മറ്റത്തുംക്കടവ് - കൊച്ചുപറമ്പിൽ റോഡ് | 100 മീ. | 2.00 മീ. | മൺ |
| 95. | മാവേലിക്കുഴി -തുമ്പേക്കുളം റോഡ് | 1.2 കി. മീ. | 1.50 മീ. | മൺ |

വാർഡ് VI

| | | | | |
|---|---|---|---|---|
| 95. | ഇരുപത്തിനാലിൽ വാഴക്കാലാചിറ റോഡ് | 153 മീ | 2.20 മീ. | മൺ |
| 96. | കട്ടത്തറ - തിരുവാർപ്പ് യു.പി.സ്കൂർ റോഡ് | 2.50 കി. മീ. | 1.50 മീ. | മൺ |
| 97. | തിരുവാർപ്പ് യു. പി. സ്കൂൾ-തുമ്പേക്കളം റോഡ് | 1.00 കി. മീ. | 1.50 മീ. | മൺ |
| 98. | കൊച്ചുപാലം - തുമ്പേക്കളം റോഡ് | 1 കി. മീ. | 3.00 മീ. | മൺ |
| 99. | ചെത്തുവേലി - മഴുവണ്ണൂർ റോഡ് | 150 മീ. | 2.90 മീ. | മൺ |
| 100. | തുമ്പേക്കളം - ആളുശ്ശേരി റോഡ് | 500 മീ. | 2.20 മീ. | മൺ |
| 101. | മൂരിപ്പാറ - ചക്കനാട്ട് റോഡ് | 700 മീ. | 2.80 മീ. | ഗ്രാവൽ |
| 102. | ചക്കനാട്ട് - തട്ടാർകാട് റോഡ് | 1.800 മീ. | 1.50 മീ. | ഗ്രാവൽ |
| 103. | കൊച്ചുപാലം - കൊച്ചമ്പലം റോഡ് | 1 കി. മീ. | 5.50 മീ. | ഗ്രാവൽ |
| 104. | തിരുവാർപ്പ് ടെമ്പിൾ-ബസ്സ്റ്റാന്റ് റോഡ് | 150 മീ | 6.00 മീ. | ഗ്രാവൽ |
| 105. | ശിവൻകോവിൽ - പാകത്തുശ്ശേരി കോളനിറോഡ് | 200 മീ. | 1.50 മീ. | മൺ |
| 106. | വാതപ്പള്ളി റോഡ് | 850 മീ. | 2.20 മീ. | മൺ |
| 107. | മീഞ്ചിറ - മുപ്പത്തിഎൻപതിൽ റോഡ് | 200 മീ. | 1.80 മീ. | മൺ |
| 108. | തറയിൽപാകത്തുശ്ശേരി റോഡ് | 200 മീ. | 2.4 മീ. | മൺ |
| 109. | കൊച്ചുപാലം - ഷാപ്പുപാലം റോഡ് | 70 മീ. | 2.50 മീ. | മൺ |
| 110. | മഠംപ്പുറം - ഷാപ്പുപാലം റോഡ് | 100 മീ. | 1.5 മീ. | മൺ |
| 111. | തിരുവാർപ്പ് യു.പി.എസ്. അപ്രോച്ച് റോഡ് | 50 മീ. | 2.50 മീ. | മൺ |
| 112. | ഇരുപത്തഞ്ചിൽമുട്ട് - പാകത്ത്ശ്ശേരി റോഡ് | | | |

വാർഡ് VII

| | | | | |
|---|---|---|---|---|
| 113. | മൂരിപ്പാറ - മീഞ്ചിറ വെട്ടിക്കാട് റോഡ് | 1800 മീ. | 3.50 മീ. | മൺ |
| 114. | ഷാപ്പുപാലം - നേര്യന്തറ മാധവശ്ശേരി റോഡ് | 1200 മീ. | 2.40 മീ. | ഗ്രാവൽ |
| 115. | കൊച്ചുപാലം - കൊടുവറാച്ചിറ റോഡ് | 1200 മീ. | 3.00 മീ. | ഗ്രാവൽ |
| 116. | മൂരിപ്പാറ - കുറുമുട്ടം റോഡ് | 1200 മീ. | 2.50 മീ. | മൺ |
| 117. | പരപ്പേൽ - മീൻചിറ റോഡ് | 500 മീ. | 1.25 മീ. | ഗ്രാവൽ |
| 118. | കൊടുവാടച്ചിറ -പാലയ്ക്കാശ്ശേരി റോഡ് | 1000 മീ. | 2.80 മീ. | ഗ്രാവൽ |
| 119. | കണിയാംപള്ളി റോഡ് | 50 മീ. | 1.90 മീ. | മൺ |
| 120. | തിരുവാർപ്പ് മോസ്ക് വട്ടത്തിൽ - തട്ടാർകാട് റോഡ് | 2 കി. മീ. | 1.50 മീ. | മൺ |
| 121. | വെട്ടിക്കാട്ട് - കുമ്പളശ്ശേരി റോഡ് | 1000 മീ. | 1.75 മീ. | മൺ |
| 122. | എൺപറ - പാലയ്ക്കാശ്ശേറി റോഡ് | 800 മീ. | 1.50 മീ. | മൺ |
| 123. | പാലയ്ക്കാശ്ശേരി - പുതിയാത്തുറോഡ് | 200 മീ. | 1.20 മീ. | മൺ |
| 124. | ശാസ്താമംഗലം - മാധവശ്ശരി തെക്കേച്ചിറ റോഡ് | 132 മീ. | 1.85 മീ | മൺ |
| 125. | മുസ്ലീംപള്ളി - പരപ്പേൽ രോഡ് | 60 മീ. | 1.35 മീ. | മൺ |
| 126. | കാട്ടേഴം - കായലോടി ബണ്ട് റോഡ് | | | |

വാർഡ് VIII

| | | | | |
|---|---|---|---|---|
| 127. | കുഴിത്താർ - പുന്നത്തുറ റോഡ് | 750 മീ. | 1.50 മീ. | ഗ്രാവൽ |
| 128. | കൊച്ചുപാലം - ചേന്നാട്ടുമുട്ട് റോഡ് | 800 മീ. | 3.00 മീ | ഗ്രാവൽ |
| 129. | 88കോപ്പറേറ്റീവ് ബാങ്ക് - ചേന്നാട്ടുമുട്ട് റോഡ് | 1.5 കി. മീ. | 3.50 മീ. | ഗ്രാവൽ |
| 130. | തമ്പാമാലി - കുമ്പളത്തുചിറ റോഡ് | 50 മീ. | 2.50 മീ. | ഗ്രാവൽ |
| 131. | തെക്കേക്കുറ്റ് - കൃഷ്ണവിലാസം റോഡ് | 2.00 മീ. | | ഗ്രാവൽ |
| 132. | ചേരിക്കൽ - സർപ്പപറമ്പ് റോഡ് | 700 മീ. | 2.00 മീ. | ഗ്രാവൽ |
| 133. | പോസ്റ്റാഫീസ് റോഡ് | 50 മീ. | 1 മീ. | ഗ്രാവൽ |
| 134. | തിരുഹൃദയഭവൻ - സർപ്പപറമ്പ് റോഡ് | 500 മീ. | 2.00 മീ. | മൺ |
| 135. | ഇല്ലിക്കൽ - പള്ളിക്കാര്യം റോഡ് | 825 മീ. | 3.50 മീ. | മൺ |

| | | | |
|---|---|---|---|
| 136. കുഴിവേലിമാലി - റിവർബാങ്ക് റോഡ് | 50 മീ. | 1.50 മീ. | മൺ |
| 137. വലിയപാലം അപ്രോച്ച് റോഡ് | 1.50 മീ. | 3.50 മീ. | ഗ്രാവൽ |
| 138. ആമ്പക്കുഴി - തറേത്താ റോഡ് | 215 മീ. | 3.00 മീ. | മൺ |
| 139. ഇല്ലിക്കൽ - തോരണം റോഡ് | 1600 മീ. | 3.60 മീ. | ഗ്രാവൽ |
| 140. കാർത്തിയാനിവിലാസം റോഡ് | 900 മീ. | 3.60 മീ. | മൺ |
| 141. ലളിതവിലാസം റോഡ് | 80 മീ. | 1.50 മീ. | മൺ |
| 142. അറുപറ - പള്ളിക്കാര്യം റോഡ് | 750 മീ. | 2.00 മീ. | മൺ |
| 143. ആമ്പക്കുഴി - നടാച്ചിറ റോഡ് | 150 മീ. | 1.30 മീ. | മൺ |
| 144. കളരിപ്പറമ്പ് കോളനി റോഡ് | 200 മീ. | 1.50 മീ. | മൺ |
| 145. ചെമ്പാലത്തറ - തുരുത്തിമാലി റോഡ് | 170 മീ. | 1.50 മീ. | മൺ |
| 146. അറുപതിൽ - ആമ്പക്കുഴി റോഞ് | 700 മീ. | 3.00 മീ. | മൺ |

വാർഡ് IX

| | | | |
|---|---|---|---|
| 147. പാണമ്പടി - എടനാട്ടുതറ റോഡ് | 1.25 കി. മീ. | 4 മീ. | മൺ |
| 148. കിളിരൂർകുന്ന് - കാഞ്ഞിരംപാലം റോഡ് | 250 മീ. | 3.00 മീ. | മൺ |
| 149. പാണമ്പടിക്കടവ് അപ്രോച്ച് റോഡ് | 1 കി. മീ. | 4 മീ. | ഗ്രാവൽ |
| 150. കിളിരൂർക്കുന്ന് - നീലിക്കാവ് കടവ് റോഡ് | 150 മീ. | 2.00 മീ. | മൺ |
| 151. കിളിരൂർക്കുന്ന് - കൊട്ടക്കാട് വഴി | 300 മീ. | 3.00മീ | മൺ |
| 152. കൊച്ചേരിപ്പാലം - ചെങ്ങളത്തറ വഴി | 300 മീ. | 1.50 മീ. | മൺ |
| 153. ചെങ്ങളത്തറ മുതൽ വഞ്ചിത്താറ്റുവഴി | 100 മീ. | 2.00 മീ. | മൺ |
| 154. വടകര - കണ്ണങ്കേരി റോഡ് | 500 മീ. | 1.50 മീ. | മൺ |
| 155. വടകര - മാമ്പിലാ എഴുപതിൽ റോഡ് | 300 മീ. | 2.00 മീ. | മൺ |
| 156. ചെങ്ങളത്തറ - പനമൂട്ടിൽ ലെയ്ൻ | 600 മീ. | 1.50 മീ. | മൺ |
| 157. താമരശ്ശേരി കോളനി റോഡ് I | 27 മീ | 2.50 മീ. | മൺ |
| 158. താമരശ്ശേരി കോളനിക്ക് സമീപംകൂടിയുള്ള റോഡ് II | 111 മീ. | 2.50 മീ. | മൺ |
| 159. താമരശ്ശേറി കോളനി റോഡ് III | 60 മീ. | 2.20 മീ. | മൺ |
| 160. താമരശ്ശേരി- ഇടമലശ്ശേരി റോഡ് | 68 മീ. | 3.50 മീ. | മൺ |

വാർഡ് X

| | | | |
|---|---|---|---|
| 161. ലാൽഭവൻ റോഡ് | 50 മീ. | 2.00 മീ | മൺ |
| 162. കോതമംഗലം റോഡ് | 180 മീ. | 2.50 മീ. | മൺ |
| 163. കാഞ്ഞിരം - മലരിക്കൽ റോഡ് | 2 കി. മീ. | 2.50 മീ. | മൺ |
| 164. പനമൂട്ടിൽ - വട്ടപ്പള്ളി റോഡ് | 350 മീ. | 1.50 മീ. | മൺ |
| 164. അറുഞ്ഞൂറ്റിമംഗലം കോളനി റോഡ് | 104 മീ. | 2.00 മീ. | മൺ |
| 166. കാഞ്ഞിരം കടത്ത് - എസ്.എൻ.ഡി.പി. വട്ടപ്പള്ളി റോഡ് | 200 മീ. | 1.50 മീ. | മൺ |
| 167. കുട്ടായിച്ചിറ - പോളയ്ക്കമുട്ട് ബണ്ട് റോഡ് | | | |

വാർഡ് XI.

| | | | |
|---|---|---|---|
| 168. താഴത്തറ ആര്യാടംപാക്കിൽ റോഡ് | 143 മീ. | 1.50 മീ | ഗ്രാവൽ |
| 169. പരപ്പേൽ പാലത്തിന് പടിഞ്ഞാറുവശത്തുള്ള താഴത്തുവീട് റോഡ് | 150 മീ. | 1.50 മീ. | ഗ്രാവൽ |
| 170. ചക്കനാട്ട് കേളക്കേരി റോഡ് | 1650 മീ. | 2.00 മീ. | മൺ |
| 171. മാലത്തുശ്ശേരി മീൻചിറ റോഡഡ് | 1 കി. മീ. | 2.50 മീ. | മൺ |
| 172. ചക്കനാട് - കാക്കരകം ബണ്ട് റോഡ് | 1.5 കി. മീ. | 1.50 മീ. | മൺ |

### അനുബന്ധം: 5.4 (2)

## തിരുവാർപ്പു ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകൾ

### വാർഡ് I

മാമ്പഴക്കരി - അമ്പൂരം റോഡ്, മാമ്പഴക്കരി ലിങ്ക് റോഡ്, ആല്യംമൂട് - അമ്പൂരം റോഡ്, വാഴേപ്പടി - കോയിപുറം റോഡ്, കാഞ്ഞിരം പറമ്പ് - മടക്കണ്ടറോഡ്, ഇലഞ്ഞിക്കൽ - അമ്പൂരം റോഡ്, കണ്ണപ്പുര - കുന്നത്തുകുഴി റോഡ്, പരവുതറ - കുമ്മനം പള്ളിറോഡ്, കൊച്ചുകുന്നപ്പള്ളി - കളരിയ്ക്കൽ റോഡ്, കൈപ്പള്ളി - വാളന്റെ മാലി റോഡ്, നേതാജി റോഡ്, വിഞ്ഞോത്തറ - പുതുപ്പറമ്പിൽ റോഡ് എന്നിവയാണ് പുതുതായി നിർൾദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

### വാർഡ് II

നിലവിലുള്ള ഇല്ലിക്കൽ കുഴിത്താർ റോഡ് വീതികൂട്ടുക, തൊണ്ടമ്പ്ര-ചെങ്ങളം കുന്നിൻപുറം ബണ്ട് റോഡ് 9 മീറ്റർ വീതിയിൽ ബ്ലോക്ക് സ്കീമിൽ ഉൾപ്പെടുത്തണ്. തോണ്ടമ്പ്രാ - ചെങ്ങളം പൈപ്പ്ലൈൻ റോഡിൽ കലുങ്ക് നിർമ്മിച്ച് വഴി ഉയർൾത്തി ഗതാഗത യോഗ്യമാക്കുക ചക്കാലക്കുഴി - പൈപ്പുറോഡ്, കുമ്മനം ലക്ഷംവീട് - പുത്തൻപുരറോഡ്, വാഴക്കാലമറ്റം - ചമ്പക്കാട്ടുറോഡ്, അമ്പൂരം - വലിയ പറമ്പു റോഡ്, പുതുശ്ശേരി - കളരിയ്ക്കൽ വഴി പൈപ്പ് റോഡ്, വളയംകണ്ട് റോഡ് എന്നിവയാണ് പുതി നിർദ്ദേശങ്ങൾ.

### വാർഡ് III

ടാർചെയ്യേണ്ടവ: സെന്റ് ജോസഫ് പള്ളി - ആമ്പക്കുഴി റോഡ്. മുണ്ടൻചേരിൽ - പതിനഞ്ചീൽ റോഡ്. ചെങ്ങളത്തുകാവ് - മഹിളാസമാജം മണലേചിററോഡ്. ചേരിത്താഴെ - കാഞ്ഞുപറമ്പിൽ റോഡ്. കാഞ്ഞിൻകടവ് - തട്ടാൻപറമ്പിൽ റോഡ്. ചെറുപറമ്പിൽ - പഴുത്തറ റോഡ്. യൂത്ത് ക്ലബ്ബ് - വേട്ടനാൽപത് റോഡ്. നെട്ടയിൽ - സബ്സ്റ്റേഷൻ റോഡ്. കുരിശുംതൊട്ടി പണിവിരുത്തി റോഡ്. സെന്റ് തോമസ് പള്ളി - ഇടച്ചേരിവാല റോഡ്, എന്നീ റോഡുകൾ വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.

ഇടക്കരി - ഇടക്കരിച്ചിറ കുന്നുംപുറം റോഡ്. വേളാർ സൊസൈറ്റി - ഭഗവതി പറമ്പ് റോഡ്, പല്ലാട്ട് മാലിയിൽ - അയ്യമ്മാത്ര റോഡ്, ഏലപ്പള്ളിപാലം - മായിലിയിൽ റോഡ്, മഹിളാസമാജം - വടക്കത്തില്ലം റോഡ്, ഏലപ്പള്ളിപാലം - വാഴത്തറ റോഡ്, വട്ടുകളം - ഇടക്കറിച്ചിറ റോഡ്, യൂത്ത്ക്ലബ്ബ് - ചേരിത്താഴെ റോഡ്, തീയറ്റർ-മഠത്തിപ്പറമ്പിൽ റോഡ്, കാഞ്ഞൂപ്പറമ്പിൽ - നെയ്ച്ചേരിക്കാട്ട് റോഡ്, സബ്സ്റ്റേഷൻ - ഇടക്കരിപ്പറമ്പിൽ റോഡ്, നെടുംചിറ റോഡ് - വലിയ മുണ്ടകം എന്നിവ അറ്റകുറ്റപ്പണികൾ നടത്തണം.

### വാർഡ് IV.

മോർകാട് - പൂങ്കശ്ശേരിപാലംവരെ കല്ലുകെട്ടുക, പുതിയാട്ടിൽ - ദൈവത്താറ റോഡ്, 30ൽ നിന്നും വടക്കോട്ട് കോതമന റോഡ്, കുഴിയിൽപള്ളി പാലം മുതൽ കണ്ണംകേരി മൂലവരെ, ചേരീത്ര പാലം മുതൽ കളപ്പുരയ്ക്കൽ താഴെ പാലം, മഠത്തിൽക്കടവു പാലത്തിന് കിഴക്കോട്ടുള്ള റോഡ് കല്ലുകെട്ടി ടാർ ചെയ്യുക.

മണലേച്ചിറ പാലംമുതൽ ചേരീത്ര പാലം റോഡ്, മഠത്തിൽകടവ് പാലം മുതൽ പിടഞ്ഞാറോട്ട് കണ്ടംകേരി പാലം വരെയുള്ള റോഡ്, മഠത്തിൽ കടവ് കണ്ടംകേരി പട്ടവഴി കരിമാങ്കാവ് റോഡ്, ഇരവുകേരിപറമ്പ്-മഹിളാസമാജം റോഡ്, വാടയ്ക്കകം കോളനി തൈശ്ശേരിവഴി പനയിടത്തുശ്ശേരി റോഡ്, പള്ളിത്തറ - വള്ളോന്തറ റോഡ്, മണലേച്ചിറ കൈതകം വഴി കരിമാങ്കാവ് റോഡ്, പതിനഞ്ചിൽ അട്ടിച്ചിറ റോഡ്, മണ്ഡപത്തിൽ നാലുതോട് നടപ്പാത, പട്ടട പള്ളി റോഡ്.

### വാർഡ് V

പരുത്തിയകം - തുമ്പേക്കളം റോഡ് മണ്ണിട്ടുയർത്തി ടാർ ചെയ്യുക. മരുതനാൽ - പരുത്തിയകം റോഡ്, അയ്യമ്മാത്ര - തുമ്പേക്കളം, പാത്ര കോളനി റോഡ്, മൂന്നുമൂല - കേളേക്കരി റോഡ്, വായനാശാല - പന്തിരുപറ റോഡ്, കടത്തുകവലയിൽനിന്നും മഹാദേവൻപിള്ളയുടെ വീടുവരെയുള്ള റോഡ്, പരുത്തികയകം - മൈലത്തറ റോഡ്, കോളനി കളിലേക്കുള്ള ചെറുവഴികളും മണ്ണിട്ടുയർത്തണം. ചെങ്ങളം - തിരുവാർപ്പ് പഞ്ചായത്ത് ഓഫീസ് റോഡ് എന്നിവ ടാർചെയ്യുക.

### വാർഡ് VI

19-ൽ ചിറ- മൂന്നുമൂല കലുങ്ക്വരെയുള്ള റോഡ്, കരമശ്ശേരി - കട്ടത്തറ റോഡ്, തിരുവാർപ്പ് - ചെങ്ങളം റോഡ്, കൊച്ചുപാലം - തുമ്പേക്കളം റോഡ്, പാലത്തുശ്ശേരി - ഇരുപത്തിയഞ്ചിൽ മാണങ്കുളം ലിങ്ക് റോഡ്, കട്ടത്തറ - 19ൽചിറ റോഡ്, കൊച്ചമ്പലം - ചക്കനാട്ട് റോഡ്, കുമരകംബണ്ട് റോഡ്, കട്ടത്തറ - കൊച്ചമ്പലം റോഡ്, 19-ൽചിറ അംബേദ്കർ കോളനി റോഡ്, കരുവേലി - കേളങ്കരി റോഡ്.

### വാർഡ് VII

ഷാപ്പുപാലം - മാധവശ്ശേരി കോളനി റോഡ്, ശാസ്താംകടവ് - തെക്കേച്ചിറ റോഡ്, സെ. മേരീസ് L.P. സ്കൂൾ - കന്നിട്ട റോഡ്, ശാസ്താംകടവ് - വെട്ടിക്കാട് ജെട്ടി റോഡ്, മൂരിപ്പാറ - വെട്ടിക്കാവ് ജെട്ടിറോഡ്, കൊടുവാറച്ചിറ - വാണിയപ്പുരക്കൽ റോഡ്, കൊടുവിറാച്ചിറ - പുതിയാത്ത് റോഡ്.

### വാർഡ് VIII

ഇല്ലിക്കൽ -പരുത്തിയകം തോരണം റോഡ് മണ്ണിട്ട് ടാർ ചെയ്യുക. ചേരിക്കൽ കലുങ്കുമുതൽ മാവേലിക്കുഴി വരെ തോടിന്റെ സൈഡുകൾ കല്ലുകെട്ടി ഗതാഗത യോഗ്യമാക്കുക. തിരുവർപ്പ് കോ. ബാങ്കിന് കിഴക്കുവശം തമ്പാൻമാലി റോഡ് പതിനാലിൻ പറവരെയുള്ള റോഡ് വീതി കൂട്ടി മണ്ണിട്ട് ഉയർത്തുക. പള്ളിക്കാര്യം - അറുപറ റോഡ് വീതി കൂടി മണ്ണിട്ടുയർത്തി ഗതാഗതയോഗ്യമാക്കുക, പള്ളിക്കാര്യം - ഐക്കര നാല്പതിൽകൂടി ഇല്ലിക്കൽ കവലവരെയുള്ള നടവഴി വീതികൂട്ടുക. SBTയുടെ വടക്കുവശത്തുനിന്നും സർപ്പപ്പറമ്പുവഴി തോരണം റോഡിൽ എത്തുന്നതിനുള്ള വഴി ബണ്ടുറോഡാക്കുക. തുരുത്തിമ്മാലി റോഡ് മണ്ണിട്ടുയർത്തുക, കൊച്ചുപാലം മുതൽ കൊല്ലപ്പറമ്പുകടവ് വരെ മീനച്ചിലാറിന്റെ തീരത്ത് റോഡിന് സംരക്ഷണ ഭിത്തികെട്ടുന്നതിന് നടപടികൾ സ്വീകരിക്കുക, കൊച്ചുപാലം - ചേന്നാട്ടു കാർത്ത്യായനി വിലാസം റോഡ് ടാർചെയ്യുക. കൊച്ചുപാലത്തുനിന്നും 27ൽചിറ റോഡ് വീതികൂട്ടി പൊക്കുക. കാർത്ത്യായനി വിലാസം റോഡ് പൂർത്തിയാക്കുക. ഇല്ലിക്കൽ - തോരണം റോഡിൽ നിന്നും അറുപതിൽ ആമ്പക്കുഴി മടിച്ചിറ വരെയുള്ള റോഡ് മണ്ണിട്ട് ഉയർത്തുക. തോരണം കൊട്ടയ്ക്കാട്ടിരുപത് റോഡ് മണ്ണിട്ട ചേന്നാട്ട് മുട്ട് കലുങ്ക് പണിത് കൊച്ചുപാലം ഉയത്തുക. SBT യുടെ തെക്കുവശം വഴി ആറ്റിലേക്കുള്ള റോഡ് സഞ്ചാര യോഗ്യമാക്കി കുളിക്കടവുണ്ടാക്കുക. SVGVP ഹൈസ്കൂളിനു സമീപമുള്ള പൂവണിയിൽകടവ് നിർമ്മിക്കുക.

### വാർഡ് IX.

കാഞ്ഞിരം ജെട്ടിറോഡ്, കുന്നുംപുറം - ഇടനാട്ടുതറ റോഡ് ടാർ ചെയ്യുക. മുല്ലശ്ശേരി - പുതിയാത്ത് റോഡ് നിർമ്മിക്കുക. കോട്ടയ്ക്കാട് - വേമ്പൽക്കേരി റോഡ്, കുടമാളൂശ്ശേരി -മാമ്പലാഴുപതിൽ നടപ്പാത, വട്ടപ്പള്ളിൽ പാലം - പുതിയാത്തുപാലം നിർമ്മിക്കുക.

### വാർഡ് X

കാഞ്ഞിരത്തുനിന്നും വെട്ടിയ്ക്കാട്ടു റോഡ് ടാർചെയ്യണം. മലരിക്കൽ - ഇറമ്പം റോഡ്, മലരിക്കൽ - കാളിക്ഷേത്രം വഴി ചേരിക്കൽ റോഡ് ടാർചെയ്യുക. കാഞ്ഞിരം മലരിയ്ക്കൽ ബണ്ട്, തിരുവായ്ക്കരി ബണ്ട് റോഡ്, മലരിക്കൽ - വലിയവീട് ബണ്ട് റോഡ്, അറുനൂറ്റിമംഗലം കോളനി - നേഴ്സറിസ്കൂർ റോഡ്, വെട്ടിക്കാട്ട് ജെട്ടിയിൽനിന്നും തെക്കോട്ടുള്ള റോഡ്, കറുകശ്ശേരി വഴി, പാറേനാല്പതിലേക്കുള്ള വഴി, മലരിയ്ക്കൽ - വട്ടുകളം ചുങ്കം നടപ്പാത, കുറ്റിത്താറാടി - കോതമംഗലം റോഡ്, ചേരിക്കൽ - അടിവാക്കൽ ചിറയുമായി ബന്ധിക്കുന്ന വഴി, നീലിക്കാവ് തോടിൻരെ സൈഡ് റോഡ്, മാളേക്കാട് തോടിനു സൈഡിൽക്കൂടിയുള്ള റോഡ്, കൃഷ്ണൻനായർ മോട്ടോർതോടുമായി ബന്ധിക്കുക.

### വാർഡ് XI

തിരുവാർപ്പ് - കുമരകം ബൈപ്പാസ് നിർമ്മിക്കുക. പഴയകുമരകം റോഡ് ടാർചെയ്യുക. 13 നടപ്പാതകൾ മണ്ണിട്ടു പൊക്കി വാഹന ഗതാഗത യോഗ്യമാക്കുക, വെട്ടിക്കാട്ടു നിന്ന് മൂന്നുമൂല വരെയുള്ള റോഡ് മീഞ്ചിറ മാലത്തുശ്ശേരി വഴി, രണ്ടാം കലുങ്ക് മുതൽ ചേൽക്കാട് പാലംവരെ, മീഞ്ചിറ മുതൽ വട്ടംവരെ റോഡ്, പൂങ്കശ്ശേരി പാലം മുതൽ തെക്ക് ഉസ്മാൻകവല വരെയുള്ള റോഡ്, മൂന്നുമൂലയിൽ നിന്നും കളരിത്തറ നടപ്പാത രണ്ടാം കലുങ്ക് - വെങ്ങാലിക്കാട് റോഡ്.

### പാലങ്ങളും കലുങ്കുകളും

1-ാം വാർഡിൽ ഉളപത്ര കലുങ്ക്, തത്രാപ്പള്ളി കലുങ്ക്, 2-ാം വാർഡിൽ തോണിക്കടവ് പാലം, അറുപറ പാലം 3-ാം വാർഡിൽ പണിക്കശ്ശേരി കോളനിയിലെ പാലം പുതുക്കിപണിയുക 4-ാം വാർഡിൽ തുണ്ടിയിൽപാലം, ആര്യാടൻപാക്കൽ ഇടവഴിയിലേക്കുള്ള പാലം, 5-ാം വാർഡിൽ പുല്ലൂപ്പാലം, മുപ്പായികരി പാലം, മാലിയിൽപാലം, കേളേക്കരിയിൽ പാലം, 8-ാം വാർഡിൽ ചേന്നാട്ടുമുട്ടിൽ പാലം 9-ാം വാർഡിൽ നീലിക്കാവ് തോട്ടിൽ പാലം കാഞ്ഞിരം ജെട്ടിപാലം, മറിയപ്പള്ളി (മുട്ടം) പാലം, മലരിക്കൽ, വേളൂർ - കാഞ്ഞിരം, ഇറമ്പം, ചേരിക്കൽ, കാളീക്ഷേത്രം, പഴുക്കാനില എന്നിവിടങ്ങളിൽ നടപ്പാലങ്ങളും നിർമ്മിക്കുക. 11-ാം വാർഡിൽ ശാലേം മാർത്തോമ്മാ പള്ളിയുടെ മൂൻവശം പാലം, പരപ്പേൽ പാലം, ചക്കനാട്ടുപാലം, കേളക്കേരി മൂലയിൽ പാലം, പത്തമ്പതിൽചിറ കോളനിപ്പാലം, മൂന്നുമൂല തെക്കുവശം പാലം, ആമ്പലാറ്റിൻപാലം തുടങ്ങിയ 8 പാലങ്ങൾ വാഹനഗതാഗതയോഗ്യമായ പാലങ്ങൾ പണിയണം. വെങ്ങാലിക്കാട്, തട്ടാർകാട്ടിൽ, കട്ടത്തറപാലം, 78തറപാലം, കളത്തിപറമ്പുതാഴത്തുവീടുപാലം, താഴത്തറ വാലയിൽ നടപാലം, മൂത്തൻനട എന്നീ നടപ്പാലങ്ങളും പണിയുക.

# 5.5
# വിദ്യാഭ്യാസം

കേരളത്തിലെ ജനസംഖ്യയുടെ അഞ്ചിൽ ഒരു ഭാഗം ഇന്ന് വിദ്യാലയങ്ങളിലാണ്. വിദ്യാഭ്യാസ് കാര്യത്തിൽ ഉള്ള പ്രത്യേക ശൈലി കേരളത്തിന് ഇൻഡ്യൻ വിദ്യാഭ്യാസ ഭൂപടത്തിൽ നിറപ്പകിട്ടാർന്ന സ്ഥാനംനേടാൻ സഹായിച്ചിട്ടുണ്ട്. നിരന്തര പരിശ്രമഫലമായി ഔപചാരിക വിദ്യാഭ്യാസരംഗം ശക്തിപ്രാപിക്കുകയും സാധാരണക്കാരിലേക്ക് ഇറങ്ങിവരികയും ചെയ്തു. ഇതിന്റെ മുഖ്യഘടകം കേരളത്തിൽ നടപ്പാക്കിയ ഭൂപരിഷ്കരണമാണ്. കാർഷികവൃത്തിയിൽ മുഴുകിയിരിക്കുന്ന കൃഷിക്കാരുടെയും കർഷകതൊഴിലാളികളുടെയും വരുമാനത്തിലുണ്ടായ വർദ്ധനവും, തൊഴിലാളി വർഗാഭിമുഖ്യമുള്ള പുരോഗമന പ്രസ്ഥാനങ്ങളും സാമുദായിക സാംസ്കാരിക സംഘടനകളും നമ്മുടെ മുഴുവൻ കുട്ടികൾക്കും സാമാന്യ വിദ്യാഭ്യാസം നേടാനുള്ള അവസരമുണ്ടാക്കി. വിദ്യാഭ്യസരംഗത്ത് ഉണ്ടായ പുരോഗതി സാമൂഹിക, സാംസ്കാരിക, ആരോഗ്യ രംഗങ്ങളിൽ കേരളത്തിന് വമ്പിച്ച മുന്നേറ്റമാണുണ്ടായത് സ്ത്രീ വിദ്യാഭ്യാസം മാത്രമെടുത്തുനോക്കിയാൻ നാം വളരെ മുന്നിൽ നിൽക്കുന്നു എന്നു കാണാം.



നാം വിദ്യാഭ്യാസത്തിൽ സാർവത്രികത കൈവരിച്ചെങ്കിലും നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ല. പ്രൈമറി വിദ്യാലയങ്ങളിൽ പഠിക്കുന്ന മൂന്നിൽ ഒരുഭാഗം കുട്ടികൾക്ക് അക്ഷരജ്ഞാനമോ സംഖ്യാബോധമോ ഉറയ്ക്കാത്തവരാണ് എസ്.എസ്.എൽ.സി. പരീക്ഷയിൽ ജയിക്കുന്ന കുട്ടികളുടെ യഥാർത്ഥ കണക്ക് 15 മുതൽ 20 ശതമാനം വരെയാണ്. ഇന്ന് കേരളത്തിൽ വിദ്യാഭ്യാസ നിലവാരം മോശമാണെന്നുള്ള ധാരണ ജനങ്ങൾക്കിടയിലുണ്ട്. കാരണം അഖിലേന്ത്യാ നിലവാരത്തിൽ നടത്തുന്ന മത്സരപരീക്ഷകളിൽ നമ്മുടെ കുട്ടികളുടെ പങ്കാളിത്തം കുറവാണ്. അർപ്പണ

## അനുബന്ധം I

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ആകെസ്ഥലം ഏക്കർ. | സെന്റ് | ഉപയോഗ യോഗ്യം | കളി സ്ഥലം | നിലം | മൂത്രപ്പുര | കക്കൂസ് |
|---|---|---|---|---|---|---|---|---|
| 1. | ഗവ. ഹൈസ്കൂൾ ചെങ്ങളം | 2. | 50 | 1.50 | ഇല്ല | 1.00 | 2 | 2 |
| 2. | S.N.D.P. H.S. കിളിരൂർ | 6. | 62 | 2.42 | 1.20 | 3.00 | 2 | 2 |
| 3. | S.V.G.V.P.H.S കിളിരൂർ | 2. | 00 | - | 0.85 | - | 2 | - |
| 4. | ഗവ. യു. പി. സ്കൂൾ, കിളിരൂർ | 3. | 50 | 2.60 | ഇല്ല | 0.90 | 1 | - |
| 5. | ഗവ. യു. പി. സ്കൂൾ, തിരുവാർപ്പ് | 1. | 85 | 1.20 | 0.50 | 0.15 | 1 | 1 |
| 6. | സെ. ജോസഫ്സ് LPS ചെങ്ങളം | 0. | 30 | 0.30 | ഇല്ല | ഇല്ല | 2 | 1 |
| 7. | സെ. മേരീസ് LPS തിരുവാർപ്പ് | 1. | 50 | 1.00 | 0.50 | ഇല്ല | 2 | 1 |
| 8. | തോണ്ടമ്പ്രാൽ LPS | 0. | 45 | 0.45 | ഇല്ല | ഇല്ല | 1 | - |

ബോധമുള്ള അദ്ധ്യാപകരുടെ കുറവും. അമിതശിക്ഷണവും, വിരസമായ പഠന സങ്കേതങ്ങളും, ദുർബലമായ സാമ്പത്തിക സാഹചര്യങ്ങളുമാകണം ഈ മൂല്യതകർച്ചക്ക് കാരണം. ഈ നില തരണം ചെയ്യാൻ എങ്ങനെ കഴിയുമെന്ന് ബഹുജന സംഘടനകളും സർക്കാരും അക്കാദമിയ പണ്ഡിതന്മാരും കൂടി ചർച്ച ചെയ്തു തീരുനമാനിക്കണം.

ഈ സാഹചര്യങ്ങളിൽ നിന്നുകൊണ്ടുതന്നെ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതീക, വിദ്യാഭ്യാസ നിലവാരങ്ങളെപ്പറ്റി ഒരു പഠനം നടത്തുകയാണ്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കുമുള്ള വിദ്യാഭ്യാസ സ്ഥാപനം 1886-ൽ കിളിരൂർ കുന്നിൻപുറത്ത് സ്ഥാപിച്ച എഴുത്തുപള്ളിക്കൂടമാണ്. ഇതിന്റെ പരിവർത്തിത രൂപമാണ് ഇന്നത്തെ കിളിരൂർ ഗവ. യ.. പി. സ്കൂൾ. 1986-ൽ ഇതിന്റെ ശതാബ്ദി ആഘോഷങ്ങൾ നടക്കുകയുണ്ടായി. ഇതേ കാലയളവിൽ ചെങ്ങളം കുന്നിൻപുറത്ത് മിസ്സിസ് ക്ലാരാബേക്കർ എന്ന ബ്രിട്ടീഷ് യുവതി ഈ നാട്ടിലെ സവർണ്ണ പെൺകുട്ടികളുടെ വിദ്യാഭ്യാസവശ്യത്തിനായി സനാന എന്ന സ്കൂൾ സ്ഥാപിക്കുകയുണ്ടായി. ഇത് മദാമ്മ പള്ളിക്കൂടം എന്നും അറിഞ്ഞിരുന്നു. പിൽക്കാലത്ത് ഇതിന്റെ പ്രവർത്തനം നിലക്കുകയുണ്ടായി. കൊല്ലവർഷം 1094 തുലാമാസം 17-ാം തീയതി തിരുവാർപ്പ് സ്വാമിയാർ മഠത്തിന് പടിഞ്ഞാറുവശം ശ്രീചിത്തിരവിലാസം ഗേൾസ് സ്കൂൾ സ്ഥാപിച്ചു. ഇതാണ് ഇപ്പോഴുള്ള ഗവ. യു. പി. സ്കൂൾ.

ഹൈസ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഇന്ന് ഈ പഞ്ചായത്തിലുള്ളത് 1980-ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. ചെങ്ങളം ഗവ. ഹെസ്കൂളും 1950-ൽ എൽ.പി.സ്കൂളും. 1957-ൽ യു.പി.എസ്സും. 1964 മുതൽ ഹൈസ്കൂളായി പ്രവർത്തിക്കുന്ന SNDP ഹൈസ്കൂളും, 8, 9, 10 എന്നീ സ്റ്റാൻഡേർഡുകൾ മാത്രമുള്ള 1936 സ്ഥാപിതമായ സ്രീ വിജയനാന്ദഗുരുകുല വിദ്യാപീഠം ഹൈസ്കൂളും മാത്രമാണുള്ളത്. കൂടാതെ പഞ്ചായത്തിൽ 3 എൽ.പി.സ്കൂൾകൾ കൂടി ഉണ്ട്. അവ തിരുവാർപ്പിലുള്ള സെന്റ്. മേരീസ് എൽ. പി. സ്കൂളും. ചെങ്ങളം കുന്നിൻപുറത്തുള്ള സെന്റ് ജോസഫ് എൽ.പി.സ്കൂളും കുമ്മനത്തിലുള്ള തൊണ്ടമ്പ്രാൽ എൽ.പി.സ്കൂളുമാണ്.

ഇതുകൂടാതെ ഈ പഞ്ചായത്തിൽ ഒരു ഐ.റ്റി.സിയും, രണ്ടു കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനുതകുന്ന ഒറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങൾപോലും നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇല്ല. അംഗനവാടികളും, മഹിളാ സംഘടനകളും മതസ്ഥാപനങ്ങളും നടത്തുന്നു. 12 നഴ്സറിസ്കുളുകളുണ്ട്. ഇതിൽ ചിലതൊഴികെ ഒന്നുംതന്നെ നഴ്സറി സ്കൂളുകളടെ നിയമാവലികൾ അനുസരിച്ച് നടത്തുന്നവയല്ല. പലതും ഡേ കെയർ സെന്ററിന്റെയും, ബേബി സിറ്റിംഗ്കളുടെയും നിലവാരമേ പുലർത്തുന്നുള്ളൂ. വിദ്യാഭ്യാസത്തിന്റെ ആദികാല രൂപമായ എഴുത്തുപള്ളിക്കൂടങ്ങൾ ഇന്നും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആളുകൾക്ക് അക്ഷരജ്ഞാനം ഉറപ്പുവരുത്താൻ ഇന്നത്തെ നഴ്സറി സിസ്റ്റത്തെക്കാൾ ഏറെ ഫലപ്രദം കളരിപ്പള്ളിക്കൂടങ്ങൾ എന്നറിയപ്പെടുന്ന ഈ സ്ഥാപനങ്ങളാണ്. ഒൻപത് പേർക്ക് ഈ പഞ്ചായത്തിൽ നിന്നും ഗ്രാൻറ് കൊടുക്കുന്നു.

### ഭൗതീക സാഹചര്യങ്ങൾ

എല്ലാ സ്കൂളുകൾക്കും പരിമിതമായ തോതിൽ സ്വന്തം സ്ഥലങ്ങളുണ്ട്. ഉള്ള സ്ഥലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കുന്നതുതന്നെസ്വന്തം പേരിലുള്ള പുഞ്ചപ്പാടങ്ങൾ കൂട്ടിയാണ്. അതിനാൽ മിക്ക സ്ഥാപനങ്ങൾക്കും മതിയായ കളിസ്ഥലങ്ങളില്ല ഇത് കുട്ടികളുടെ കായിക വിനോദങ്ങളെ സാരമായി ബാധിക്കുന്നു മിക്ക സ്കുളുകൾക്കും മതിയായ കെട്ടിടങ്ങളുണ്ട്. ചെങ്ങളം ഗവ. ഹൈസ്കൂളിന് കെട്ടിടങ്ങളുടെ അഭാവമുണ്ട്. അത് അവിടത്തെ കുട്ടികളുടെ പഠനത്തെപ്പോലും ബാധിക്കുന്നു. വെള്ളപ്പൊക്കം ഗവ. സ്കുളുകളിലെ കെട്ടിടങ്ങളുടെ സ്ഥിതി പരിതാപകരമാക്കുന്നു. ആണ്ടുതോറുമുള്ള വെള്ളപ്പൊക്കം കെട്ടിടങ്ങളുടെ സുരക്ഷിതത്വത്തെ തന്നെ ചോദ്യംചെയ്യുന്നു. എല്ലാ സ്കൂളുകൾക്കും ആവശ്യമായ ബഞ്ചും, ഡെസ്കും ഉണ്ട്. എങ്കിലും

കാലാകാലങ്ങളിൽ ഇവ റിപ്പയർ ചെയ്യാത്തതിനാൽ ആവശ്യത്തിന് തികയുന്നില്ല. പഠനോപകരണങ്ങളും ശരിയായ തോതിൽ ഒരു സ്കൂളിലുമില്ല. ഉള്ള സ്കൂളുകളിൽ ഇവ ശരിയായി ഉപയോഗിക്കുന്നില്ല. ഈ പഞ്ചായത്തിലെ ഒരു സ്കൂളിനും ചുറ്റുമതിലുകളില്ല. ശരിയായ രീതിയിലുള്ള സാനിട്ടേഷൻ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഇത് വിദ്യാർത്ഥികളുടെ ആരോഗ്യത്തെപ്പോലും ബാധിക്കുന്നു. സ്കൂളുകളുടെ ഭൗതീക സാഹചര്യങ്ങളെ കാണിക്കുന്ന കണക്കുകൾ അനുബന്ധം നമ്പർ 1 ൽ ചേർക്കുന്നു.

പഞ്ചായത്തിലെ സ്കൂളുകളുടെ അക്കാഡമിക് സൗകര്യങ്ങളെപ്പറ്റി പറയുകയാണെങ്കിൽ മൂന്നു ഹൈസ്കൂളുകളിലും പരിമിതമായ സൗകര്യത്തോടെ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. രണ്ടു ഹൈസ്കൂളുകളിൽ മാത്രമാണ് ലൈബ്രറി പ്രവർത്തിക്കുന്നത്. S.V.G.V.P. ഹൈസ്കൂളിൽ ലൈബ്രറി പ്രവർത്തിക്കുന്നില്ല. മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ എല്ലാ സ്ഥാപനങ്ങളും ഉണ്ടെങ്കിലും ഇത് കാര്യമായി ഉപയോഗിക്കുന്നില്ല. ചില സ്കൂളുകളിൽ മാത്രമേ റേഡിയോ ഉള്ളൂ. ഓഡിയോ, വീഡിയോ സൗകര്യങ്ങൾ ഒരു സ്കൂളിലുമില്ല. സമരങ്ങളെക്കാളേറെ ഈ സ്കൂളുകളിൽ അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നത് വെള്ളപ്പൊക്കം മൂലമാണ്. എല്ലാ സ്കൂളുകളിലും മാതൃസംഗമങ്ങൾ ഉണ്ട് ഇത് വേണ്ടവിധം പ്രവർത്തിക്കുന്നുണ്ടോ എന്നു സംശയമാണ്. അതുപോലെതന്നെ ക്ലാസ്റൂം പി. ടി. എ. കളും

സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ കാലാകാലങ്ങളിൽ നികത്താത്തതിനാൽ അദ്ധ്യാപനം ശരിയായി നടക്കുന്നില്ല. ഈ പഞ്ചായത്തിലെ 3 സ്കൂളുകളിലും കഴിഞ്ഞ നാലു വർഷങ്ങളിലും സ്റ്റേറ്റ് അവറേജിനെക്കാൾ കൂടുതൽ SSLC വിജയശതമാനമുണ്ട്

**അനുബന്ധം II**

**SSLC വിജയശതമാനം**

| സ്കൂളിന്റെ പേര് | 92-93 | 93-94 | 94-95 | 95-86 |
|---|---|---|---|---|
| ഗവ. ഹൈസ്കൂൾ ചെങ്ങളം | 43 | - | 50 | 57 |
| S.N.D.P. Hസ്കൂൾ കാഞ്ഞിരം | 87 | 78 | 49 | 53 |
| S.V.G.V.P.H. സ്കൂൾ കിളിരൂർ | 46 | 44 | 42 | 43 |

യു. പി. സ്കൂളിലും, എൽ.പി.സ്കൂളിലും ഇങ്ങനെ ഒരു പഠനത്തിന് സൗകര്യമില്ല. പകുതിയിൽ ഏറെ കുട്ടികൾ പൊതു നിലവാരത്തിന് താഴെയാണ്. 30% മുതൽ 40% വരെ കുട്ടികൾ 30%ൽ താഴെ മാർക്കുനേടുന്നവരാണ്. 30% മുതൽ 40% വരെ മാർക്കുനേടുന്നവർ 20% വരും. 40 മുതൽ 50 ശതമാനം വരെ മാർക്കു നേടുന്നവൻ 15 ശതമാനം വരും. 50 മുതൽ 60 ശതമാനം വരെ മാർക്കുനേടുന്നവർ 10 ശതമാനം വരും. 60 ശതമാനത്തിൽ കൂടുതൽ മാർക്കുനേടുന്നവർ 5 ശതമാനത്തിൽ താഴെയാണ്. ഇതിനുള്ള മുഖ്യകാരണം അർപ്പണ ബോധമുള്ള അദ്ധ്യാപകകരുടെ കുറവും, അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ്. കായിക വിനോദങ്ങളിൽ പങ്കെടുത്ത് ജില്ലാതല നിലവാരത്തിൽ സമ്മാനങ്ങൾ വാങ്ങിയ സ്കൂളുകളാണ്. ഗവ. ഹൈസ്കൂൾ ചെങ്ങളവും, SNDP ഹൈസ്കൂൾ കാഞ്ഞിരവും.

ഈ പഞ്ചായത്തിൽ ആകെയുള്ള സ്കൂളുകളിൽ 121 അദ്ധ്യാപകർ ജോലിചെയ്യുന്നു. ഇതിൽ 20 പുരുഷന്മാരും 101 സ്ത്രീകളുമാണ്. മൊത്തം 2805 കുട്ടികൾ പഠിക്കുന്നു. ഇതിൽ 1471 ആൺകുട്ടികളും 1334 പെൺകുട്ടികളുമാണ്. പിന്നോക്ക സമുദായ/വർഗ കുട്ടികളുടെ എണ്ണം 323 ആണ്. ഇതിൽ 189 ആൺകുട്ടികളും 134 പെൺകുട്ടികളും തോറ്റു പഠിക്കുന്നുവർ 67 പേരാണ്. 45 ആൺകുട്ടികളും 22 പെൺകുട്ടികളും. പിന്നോക്ക സമുദായ/വർഗ്ഗ വിഭാഗത്തിൽ 21 പേരാണുള്ളത് തോറ്റു പഠിക്കുന്നവർ ഇതിൽ 16 ആൺകുട്ടികളും 5 പെൺകുട്ടികളും വരും. ഈ കാലയളവിൽ പഠനം നിറുത്തിപ്പോകുന്ന കുട്ടികൾ പിന്നോക്കസമുദായ/വർഗ്ഗ വിഭാഗത്തിൽ 3ഉം അല്ലാത്തവർ 17മാണ്. ഇടക്കുവച്ച് പഠനം നിറുത്തിപ്പോകുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിഷയങ്ങളെ കാണിക്കുന്ന കണക്കുകൾ അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

പിന്നോക്ക സമുദായത്തിലും പിന്നോക്ക വർഗത്തിലും ഈ സമുദായത്തിൽനിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്ത 526 കുട്ടികൾക്ക് ലംസംഗ്രാന്റ് ലഭിക്കുന്നുണ്ട്. 74 മുസ്ലീം പെൺകുട്ടികൾക്കും, നാല് വികലാംഗ കുട്ടികൾക്കും, മത്സ്യത്തൊഴിലാളികളുടെ കുട്ടികളായ 142 പേർക്കും ധനസഹായം ലഭിക്കുന്നു. ഈ പഞ്ചായത്തിൽ മെരിറ്റ് സ്കോളർഷിപ്പ് കിട്ടുന്ന 11 വിദ്യാർത്ഥികളുണ്ട്. ജവാന്മാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം രണ്ടു വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് അനുബന്ധം IV ൽ ചേർത്തിരിക്കുന്നു

ഈ പഞ്ചായത്തിൽ ഇപ്പോൾ പഠിക്കുന്ന കുട്ടികളുടെ അത്രയുംതന്നെ കുട്ടികൾ പഞ്ചായത്തിന് വെളിയിൽപോയി പഠിക്കുന്നു. ഇതിനുള്ള കാരണങ്ങളെപ്പറ്റി ആഴത്തിലുള്ള പഠനം ആവശ്യമാണ്. പുതിയതലമുറയിലുള്ള കുട്ടികളെ നല്ല നിലിയിൽ വളർത്തണമെന്ന രക്ഷിതാക്കളുടെ ആഗ്രഹമാകണം പ്രധാന കാരണം. 'അണുകുടുംബങ്ങൾ' വളർന്നു വരുന്നതിനാൽ കുട്ടികൾക്കുവേണ്ടി പണം ചിലവാക്കാൻ രക്ഷിതാക്കൾക്ക് മിടിയില്ല. പണപ്പെരുപ്പം വർദ്ധിച്ച കൂലിനിരക്കും ഇതിന് സഹായിക്കുന്നു. ഇപ്പോഴുള്ള സ്ഥാപനങ്ങളിലെ പഠന നിലവാരത്തിലുള്ള തകർച്ച, സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങളിലെ അപര്യാപ്തത, അദ്ധ്യാപനത്തിലുള്ള ആത്മാർത്ഥതകുറവ്, ഇംഗ്ലീഷ് ഭാഷയോടുള്ള രക്ഷിതാക്കളുടെ അമിതമായ സ്നേഹം, മുതലായവ കാരണങ്ങളാണ്.

സാക്ഷരതാ പ്രസ്ഥാനത്തെ ഒഴിച്ചു നിറുത്തിയുള്ള വിദ്യാഭ്യാസത്തെപ്പറ്റിയുള്ള വിലയിരുത്തൽ മുഴുവനാവുകയില്ല. പ്രത്യേകിച്ചും സമ്പൂർണ്ണ സാക്ഷരതാ കൈവരിച്ച കേരളത്തിൽ. അതിന് മാർഗദീപം തെളിച്ച കോട്ടയം ജില്ലയിലെ

ഈ പഞ്ചായത്തിലെ സാഹചര്യങ്ങളെപ്പറ്റിയുള്ള വിലയിരുത്തലുകൾ. ഇവിടെ സാക്ഷരതയുടെ ഒന്നും രണ്ടും ഘട്ട പ്രവർത്തനങ്ങൾകഴിഞ്ഞു. ഒന്നാം ഘട്ടപ്രവർത്തനങ്ങളിൽ 400 പേരാണ് പങ്കെടുത്തത്. രണ്ടാം ഘട്ടപ്രവർത്തനങ്ങളിൽ 100 പേരുംപങ്കെടുത്തു. 3-ാം ഘട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ പരിശീലനം കിട്ടിയ 22 പേരാണ് ഈ പഞ്ചായത്തിലുള്ളത്. വളരെ ആവേശത്തോടുകൂടി ഉയർന്നുവന്ന സാക്ഷരതാ പ്രസ്ഥാനം കഴിഞ്ഞ സർക്കാരിന്റെ നയവൈകല്യം കാരണം തീർത്തും നിർജീവാവസ്ഥയിലാണ്.

### സാദ്ധ്യതകൾ.

പഞ്ചായത്തിലെ സ്കുളുകളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സ്കൂളുകൾക്കും ചുറ്റുമതിൽ കെട്ടണം. വെള്ളപ്പൊക്കനിവാരണത്തിന്റെ ഭാഗമായി ചുറ്റുമുള്ള സ്ഥലങ്ങൾ മണ്ണിട്ട് ഉയർത്തണം. സ്ഥലലഭ്യത അനുസരിച്ച് കളിക്കളങ്ങൾ നിർമ്മിക്കണം. ആവശ്യമായ സ്കൂളുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുക. ഇപ്പോഴുള്ള കെട്ടിടങ്ങൾ പുതുക്കി ബലപ്പെടുത്തുകയും ചെയ്യണം. ആവശ്യാനുസരണം ഫർണിച്ചറുകളും പഠനോപകരണങ്ങളും ലഭ്യമാക്കുകയും അത് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തകയും ചെയ്യണം.

അക്കാഡമിക് നിലവാരം ഉയർത്തുന്നതിനായി അർപ്പണബോധമുള്ള അദ്ധ്യാപക സമൂഹത്തെ വാർത്തെടുക്കാൻ ആവശ്യമായ പരിശീലന പരിപാടികൾ തയ്യാറാക്കണം. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കർമ്മസമിതികൾ രൂപീകരിക്കണം, പരിപാടികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പിലാക്കണം. സ്കൂൾ പി.ടി.എ.കളും, ക്ലാസ് റൂം പി.ടി.എ.കളും, മാതൃസംഗമങ്ങളും ഫലപ്രദമായി സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കണം. എല്ലാ പ്രൈമറി സ്കൂളുകളിലും മുഴുൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകണം. മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഭാഷക്ക് പ്രാധാന്യം കൊടുക്കുകയും അതനുസരിച്ചുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കണം. ത്രിഭാഷാ പദ്ധതി നിലവിലുള്ളത് കാര്യക്ഷമമാക്കണം. സൗകര്യമുള്ള ഏതെങ്കിലും സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ തുടങ്ങണം. ഹൈസ്കൂൾ തലത്തിലെ വിദ്യാർത്ഥികളെ ശാസ്ത്രീയ സാങ്കേതിക വിദ്യകൾ അഭ്യസിപ്പിക്കാനായി ഒരുടെക്നിക്കൽ സ്കൂൾ തുടങ്ങണം. ഇവിടെ ഫിഷറീസും അക്വാകൾച്ചറും, കൃഷിയും അതിനോട് അനുബന്ധിച്ച വിഷയങ്ങളും പഠിപ്പിക്കണം. ഉപരി വിദ്യാഭ്യാസം എന്ന നിലക്ക് ഈ പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ സ്ഥാപിക്കണം. ജനസാന്ദ്രത ഏറെയുള്ള പ്രദേശം എന്ന നിലയ്ക്ക് ഈ പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡിലെ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുമ്മനത്തിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളായി ഉയർത്തണം.

## അനുബന്ധം III – കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ എണ്ണം |
| Std. | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 133 | 142 | 275 | 12 | 10 | 22 | - | - | - | - | - | - | - | - | - | - | - | - | - |
| II | 126 | 131 | 257 | 16 | 13 | 29 | 1 | 2 | 3 | 4 | 2 | 6 | 1 | 1 | 2 | - | - | - | 2 |
| III | 152 | 147 | 299 | 22 | 10 | 32 | 1 | - | 1 | 4 | 6 | 10 | - | - | - | 1 | 1 | 2 | 2 |
| IV | 152 | 158 | 310 | 19 | 14 | 33 | - | 1 | 1 | 8 | 5 | 13 | - | - | - | - | - | - | - |
| V | 128 | 103 | 231 | 16 | 12 | 28 | 3 | - | 3 | 6 | 4 | 10 | - | - | - | - | - | - | - |
| VI | 141 | 103 | 244 | 17 | 12 | 29 | 3 | - | 3 | 7 | 1 | 8 | - | - | - | - | - | - | - |
| VII | 141 | 123 | 264 | 17 | 19 | 36 | 5 | 2 | 7 | 7 | 4 | 11 | 1 | - | 1 | 5 | 2 | 7 | 8 |
| VIII | 182 | 151 | 333 | 23 | 15 | 38 | - | - | - | 3 | - | 3 | - | - | - | 1 | 1 | 2 | 2 |
| IX | 170 | 142 | 312 | 23 | 12 | 35 | 3 | - | 3 | 6 | - | 6 | - | - | - | 3 | - | 3 | 3 |
| X | 146 | 134 | 280 | 24 | 17 | 41 | - | - | - | - | - | - | - | - | - | - | - | - | - |
| Total | 1471 | 1334 | 2805 | 189 | 134 | 323 | 16 | 5 | 21 | 45 | 22 | 67 | 2 | 1 | 3 | 10 | 4 | 14 | 17 |

## അനുബന്ധം IV – സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെരിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺ കുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെമക്കൾക്കുള്ള സ്കോളർഷിപ്പ് | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളി സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഗവ. ഹൈസ്കൂൾ ചെങ്ങളം | 6 | 111 | 37 | 2 | - | - | 25 | |
| 2 | S.N.D.P. H.S. കിളിരൂർ | - | 198 | 18 | 2 | - | - | 28 | |
| 3 | S.V.G.V.P.H.S കിളിരൂർ | - | 86 | 9 | - | - | - | 40 | |
| 4 | | - | 41 | 8 | - | - | - | - | |
| 5 | ഗവ. യു. പി. സ്കൂൾ, കിളിരൂർ | 5 | 50 | 2 | - | 2 | 1 | 49 | |
| 6 | ഗവ. യു. പി. സ്കൂൾ, തിരുവാർപ്പ് | - | 28 | - | - | - | - | - | |
| 7 | സെ. ജോസഫ്സ് LPS ചെങ്ങളം | - | 10 | - | - | - | - | - | |
| 8 | തോണ്ടമ്പ്രാൽ LPS കുമ്മനം | - | 2 | - | - | - | - | - | |
| Total | | 11 | 526 | 74 | 4 | 2 | 1 | 142 | |

# 5.6
# പൊതുജനാരോഗ്യം
# കുടിവെള്ളം

### പൊതുജനാരോഗ്യം

തിരുവാർപ്പു പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ 27195 ആണ്. ഇവരിൽ 13656 പുരുഷന്മാരും 13539 പേർ സ്ത്രീകളുമാണ്. 7 സ്കൂളുകളിൽ ഉച്ചഭക്ഷണം നല്കുവാൻ സംവിധാനമുണ്ട്. ഇതിന്റെ പ്രയോജനം ഈ പഞ്ചായത്തിലെ 350 കുട്ടികൾക്ക് ലഭിക്കുന്നു. നിലവിലുള്ള 5 ബാലവാടികൾ വഴിയും പോഷകാഹാര പരിപാടി നടക്കുന്നുണ്ട്.



തിരുവാർപ്പ് പഞ്ചായത്തിൽ അലോപ്പതി ചികിത്സക്കായി ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും അതിന്റെ നാല് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഈ ഉപകേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരുദിവസം മാത്രമേ നഴ്സുമാരുടെ സേവനം ലഭ്യമാകുന്നുള്ളൂ. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പൂർണ്ണ സമയം ഡോക്ടറോ, കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളോ ഇല്ല. ഈ കേന്ദ്രം നിലവിൽ വന്നിട്ട് മൂന്നുവർഷം മാത്രമേയായുള്ളൂ. കുമ്മനം ഭാഗത്ത് ഒരു സർക്കാർ ഹോമിയോ ഡിസ്പൻസറി പ്രവർത്തിക്കുന്നുണ്ട് ഇതിന്റെ പ്രയോജനം 1, 2 എന്നീ വാർഡുകളിലുള്ളവർക്കേ ലഭിക്കുന്നുള്ളൂ. കാഞ്ഞിരം കേന്ദ്രമാക്കി ഒരു സഹകരണ ആശുപത്രി നേരത്തെ പ്രവർത്തിച്ചിരുന്നു. കൂടാതെ സ്വകാര്യ ഉമടമസ്ഥതയിൽ പ്രവർത്തിക്കുന്ന 3 അലോപ്പതി ഡിസ്പെൻസറികളും 4 ഹോമിയോ ഡിസ്പൻസറികളും 6 പരമ്പരാഗത ആയുർവ്വേദ വൈദ്യശാലകളുമുണ്ട്.

ഈ പഞ്ചായത്തിൽ 70% ജനങ്ങളും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിച്ചു വരുന്നത്. പഞ്ചായത്തിനു വെളിയിലാണ് ഈ ആധുനിക സൗകര്യമുള്ള ആശപുത്രികൾ സ്ഥിതി ചെയ്യുന്നത്. നമ്മുടെ സർക്കാർ ആശുപത്രിയിലെ നിലവിലുള്ള സേവനവും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നില്ല. ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മുഴുവൻ സമയവും പ്രവർത്തിക്കുന്ന ആശുപത്രിയായി നമ്മുടെ P.H. സെന്റർ മാറണം. കുറഞ്ഞത് 100 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. കുമ്മനത്തിലുള്ള ഹോമിയോ ഡിസ്പെൻസറി രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ തക്കവണ്ണം വിപുലീകരിക്കണം. തിരുവാർപ്പു P. H. സെന്ററിൽ നിന്നു രോഗം സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ അനുബന്ധം:5.6(1) ൽ.

**പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ**

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 92-93 | 56 | - | - | - |
| 94-95 | 29 | - | - | - |
| 95-96 | 128 | 4 | 3 | - |

90% പ്രദേശങ്ങളും വെള്ളക്കെട്ടും ചതുപ്പു നിലങ്ങളുമായി കിടക്കുന്ന ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാന ആരോഗ്യ പ്രശ്നം ജലമലിനീകരണമാണ്. ജലജന്യ രോഗങ്ങൾ പ്രധാനമായും ബാധിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 6 മാസത്തിലൊരിക്കൽ ആരോഗ്യ സർവ്വെ നടത്തി രോഗവിവരം സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കണം. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.

പഞ്ചായത്തിൽ രണ്ടു കേന്ദ്രങ്ങളിൽ പൊതുശ്മശാനം സ്ഥാപിക്കേണ്ടതാണ്. അതിനുള്ള സ്ഥലം വിദഗ്ദ സമതികളെ നിയമിച്ചു കണ്ടുപിടിക്കണം. ജനസാന്ദ്രത കൂടിയ പഞ്ചായത്ത് എന്ന നിലയ്ക്ക് ആധുനിക രീതിയിലുള്ള ദഹനക്രിയകൾകൂടി ഇവിടങ്ങളിൽ സ്ഥാപിക്കണം.

കൊതുകുശല്യം വളരെയേറെയാണ്. കൊതുകു പരത്തുന്ന രോഗങ്ങൾ വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കണം. ഉയർന്ന അന്തരീക്ഷ മർദ്ദം ശ്വാസകോശരോഗ

ങ്ങൾക്കും, ആസ്മയ്ക്കും കാരണമാകാറുണ്ട്. വർഷത്തിൽ രണ്ടും മൂന്നും തവണ ആവർത്തിക്കാറുള്ള രൂക്ഷമായ വെള്ളപ്പൊക്കം സ്ഥിതിഗതികൾ വഷളാക്കുന്നു. വയറുകടി, ചെങ്കണ്ണ് എന്നീ പകർച്ച വ്യാധികളും പടർന്നു പിടിക്കാറുണ്ട് ചിക്കൻ പോക്സും ആളുകളെ ബാധിക്കുന്നു.

നിലവിലുള്ള ആരോഗ്യപരിപാലന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ബോധവൽക്കരണ പരിപാടികളും ആരോഗ്യവകുപ്പുജീവനക്കാരുടെ നിരന്തര ഗൃഹസന്ദർശന പരിപാടികളും ഉണ്ടാകണം. കൊതുകനശീകരണം നടത്തുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം. രോഗപ്രതിരോധ ചികിത്സാസൗകര്യങ്ങൾ ശക്തമാക്കണം. പ്രത്യേകിച്ച് ആളുകൾ തിങ്ങിപ്പാർക്കുന്ന കോളനികൾക്ക് മുൻഗണന നല്കി നടപ്പാക്കണം. P. H. സെന്ററിന്റെ സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആരോഗ്യപരിപാലനം സംബന്ധിച്ച് ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നിശ്ചയിക്കുന്ന ഘടന പ്രകാരം ജനകീയ ഉപദേശക സമിതികൾ രൂപീകരിക്കണം. ഈ സമിതികളുടെ സഹകരണത്തോടെ വ്യാപന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതുപോലുള്ള സാഹചര്യങ്ങളിൽ ഇത്തരം സമിതികൾക്ക് സജീവമായി ഇടപെടാനും കഴിയണം.

## കുടിവെള്ളം

നാലുപാടും വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്ത് ആണെങ്കിലും എപ്പോഴും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. മീനച്ചിലാറും അതിന്റെ കൈവഴികളും തോടുകളും കിണറുകളുമാണ് മുഖ്യ സ്രോതസ്സുകൾ വർഷകാലത്ത് കലങ്ങിയ പ്രളയജലവും വേനൽക്കാലത്ത് മലിന ജലവുമാണ് ആറുകളിലും തോടുകളിലും കാണുക. അധിക ഉപയോഗം കൊണ്ട് കിണറുകളിലെ വെള്ളംപോലും അശുദ്ധമാകാറുണ്ട്.

ഇതിന് ഏകദേശം പരിഹാരമെന്ന നിലയ്ക്ക് ലോക ബാങ്കിന്റെ സഹായത്തോടെ 1988-ൽ കുമ്മനം ഭാഗത്തെ മീനച്ചിലാറിൽനിന്നും വെള്ളം പമ്പുചെയ്തു ചെങ്ങളത്തു വെച്ച് ശുദ്ധിചെയ്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം. 1982-ലെ കണക്കുകളനുസരിച്ച് 13600 ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ശുദ്ധീകരണശാലയുടെ സംഭരണശേഷി 2.25 M.L.D യും 3 ടാങ്കുകളുടെ സംഭരണശേഷി 3 ലക്ഷം ലിറ്ററുമാണ്. ഇപ്പോൾ ഏകദേശം 234 പൊതുടാപ്പുകളുണ്ട്. 70 കിലോമീറ്റർ നീളത്തിൽ പ്രവർത്തന ക്ഷമമായ ലൈനുകളുണ്ട്. പദ്ധതി പ്രകാരം 6 കിലോമീറ്റർ നീളത്തിൽ ലൈനുകർ സ്ഥാപിക്കാനുണ്ട്. ഇതിനു പുറമേ അത്യാവശ്യമായി 3 കിലോമീറ്റർ നീളത്തിൽ കൂടി പൈപ്പിടണം. കുടിവെള്ളത്തിന്റെ PH. 7 ആണ്. ഇപ്പോൾ 247 ഹൗസ് കണക്ഷൻ ഉണ്ട്. ഈ പദ്ധതിക്ക് ഇപ്പോൾതന്നെ അനവധി പോരായ്മകളുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വളരെയധികം വർദ്ധിച്ചിരിക്കുന്നു. മെയിൻ കുഴലുകൾക്ക് വേണ്ടത്ര വ്യാസമില്ലാത്തതിനാൽ തിരുവാർപ്പ് മേഖലയിലെ ടാങ്കുകളിൽ വെള്ളം പൂർണ്ണതോതിൽ എത്താറില്ല. പൊതു ടാപ്പുകളിൽ കൂടുതലും ഗുണേന്മയില്ലാത്തതിനാൽ കേടായി ഉള്ള വെള്ളംതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് വിതരണംചെയ്യുന്ന വെള്ളത്തിന് ഉപ്പുരസമുണ്ട്.

## പരിഹാരമാർഗ്ഗങ്ങൾ.

ഈ പഞ്ചായത്തിൽ ഇപ്പോഴുള്ള ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യണം. ഇപ്പോഴുള്ള ജലവിതരണ പദ്ധതിയുടെപോരായ്മകൾ അടിയന്തിരമായി പരിഹരിക്കണം. മലരിയ്ക്കൽ ഇറമ്പം മുതലായ പഞ്ചായത്തിന്റെ തെക്കേ അറ്റത്തുള്ള പ്രദേശങ്ങൾ ഇതിനടുത്തുള്ള നാട്ടകം ശുദ്ധജല പദ്ധതിയുമായി ബന്ധപ്പെടുത്തണം. നിലവിലുള്ള സംഭരണിയുടെ ശുചിത്വത്തിലും ജലശുദ്ധികരണത്തിലും പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കണം. മുഴുവൻ കോളനികളിലും ശുദ്ധജലമെത്തിക്കാൻ കഴിയണം, പൊതു ടാപ്പുകൾ കോളനികളിൽ സ്ഥാപിക്കണം. ശുദ്ധജലത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിക്കണം. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ശുദ്ധജലം ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ ജനകീയ സഹകരണത്തോടെ പൊതുകിണറുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും വേണം. ഇപ്പോഴുള്ള അപേക്ഷകർക്ക് ഹൗസ് കണക്ഷനുകൾ ഉടൻതന്നെ നൽകണം.

**അനുബന്ധം:5.6 (1)**

| വർഷം | ഇൻ പേഷ്യന്റ് | ഔട്ട് പേഷ്യന്റ് | ത്വക്ക് രോഗം | രോഗം സംബന്ധിച്ച വിവരങ്ങൾ | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | | വാതരോഗം | പകർച്ച വ്യാധി | വിഷ ചികിത്സ | മറ്റു രോഗങ്ങൾ | |
| 1993-94 | Nil | 11145 | 193 | 313 | 56 | Nil | 10583 | 11145 |
| 94-95 | Nil | 9506 | 56 | 124 | 29 | Nil | 9297 | 9506 |
| 95-96 | Nil | 27468 | 293 | 476 | 128 | Nil | 26571 | 27486 |
| Total | – | 48119 | 542 | 903 | 213 | – | 46451 | 48119 |

# 5.7
# പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം:- തിരുവാർപ്പു ഗ്രാമ പഞ്ചായത്തിൽ 11 വാർഡുകളിലായി ആകെ 6645 വീടുകൾ ആണ് ഉള്ളത്. കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിലെ ഭൂമിയുടെ വിസ്തീർണ്ണം പരിശോധിച്ചാൽ 2307.81.58 ഹെക്ടർ നിലവും 613.43.98 ഹെക്ർ കരഭൂമിയുമുണ്ട് വെള്ളകെട്ടുപ്രദേശമായതിനാൽ കരഭൂമിതന്നെ ചിറകൾ പിടിച്ച് രൂപപ്പെടുത്തിയിട്ടുള്ളതാണ്. വിസ്തൃതമായ കരഭൂമികൾ തന്നെ വളരെ കുറവാണ്. ആയതിനാൽ ഹൗസിംഗ് കോളനികൾ നിർമ്മിക്കുവാൻ ഉപയുക്തമായ കരഭൂമി ലഭ്യമല്ല. താഴെ തട്ടിലുള്ള ജനവിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനായി 15 കോളനികളിലായി 335 വീടുകൾ ഉണ്ട്. അതിൽ ആറാം വാർഡിലുള്ള അംബേദ്കർ കോളനിയും ഉൾപ്പെടും. കോളനികളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക നോക്കുക.

മേൽകാണിച്ചിട്ടുള്ള 15 കോളനികളുടെ പൊതു സ്ഥിതി വളരെ മോശമാണ് ഇപ്പോൾ നിലവിലുള്ള വീടുകളിൽ 80% പഴക്കം കൊണ്ടു വാസയോഗ്യമല്ല. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ഉതകുന്ന നല്ല കക്കൂസുകൾ വളരെ കുറവാണ്. വെള്ളക്കെട്ടു പ്രദേശമായതിനാൽ വെള്ളപ്പൊക്ക ഭീഷണിയെ നേരിടുന്നവയാണ്. ജില്ലാ പഞ്ചായത്തിന്റെ മണ്ണു സംരക്ഷണ പദ്ധതിയിൽ ഈ കോളനികളെ ഉൾപ്പെടുത്തിയാൽ മാത്രമേ വാസയോഗ്യമാകുകയുള്ളു.

കോളനി രൂപീകരിച്ച കാലത്ത് നൽകിയിട്ടുള്ള പല വീടുകളും കൈമാറ്റം ചെയ്തിട്ടുള്ളതായി കാണുന്നു. ഈ അനധികൃത കൈമാറ്റം കോളനികളുടെ പുനർ ഉദ്ധാരണ പദ്ധതികൾക്ക് സാങ്കേതികമായി പ്രശ്നങ്ങൾ ഉണ്ടാക്കും.

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കുമരകം റൂറൽ ഹൗസിംഗ് സൊസൈറ്റി, കോട്ടയം ഹൗസിംഗ് സൊസൈറ്റി, സർക്കാർ ജീവനക്കാരുടെ ജില്ലാ ഭവനനിർമ്മണ സഹകരണ സംഘം എന്നിവയാണ് ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനുള്ള ധനസഹായം നൽകുന്ന ഏജൻസികൾ. താഴ്ന്ന വരുമാനക്കാർക്കുള്ള ഭവനിർമ്മാണ പദ്ധതികൾ കുമരകം റൂറൽ ഹൗസിംഗ് സൊസൈറ്റിയാണ് നടപ്പിലാക്കുന്നത്. എന്നാൽ പ്രസ്തുത സംഘം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. തിരുവാർപ്പിൽതന്നെ പ്രവർത്തിക്കുന്ന ഒരു പുതിയ സഹകരണ സംഘം രൂപികരിച്ചാൽ മാത്രമേ സഹകരണ മേഖലയിൽ കൂടിയുള്ള ധനസഹായം ലഭ്യമാകുകയുള്ളൂ.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് അനുവദിച്ച വീടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | തുക ഒരുവിടിന് | അനുവദിച്ച വീടുകൾ | പണി പൂർത്തിയായവ | നിർമ്മാണ ത്തിൽ | നിറുത്തി വച്ചവ |
|---|---|---|---|---|---|
| ഇന്ദിര ആവാസ് യോജന | 15800/- | 9 | 2 | 7 | - |
| മില്യൻവെൽ പദ്ധതി | 15800/- | 16 | 7 | 4 | 5 |
| ജെ.ആർ.വൈ. | 15800/- | 11 | 11 | - | - |

മില്യൻ വെൽ (Million Well) പദ്ധതി പ്രകാരം 5 പേർക്ക് കുഴി നികത്തുന്നതിനായി 76000/- രൂപാ നൽകിയിട്ടുണ്ട്. അതിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്. സെൻട്രൽ റൂറൽ സാനിട്ടേഷൻ പ്രോഗ്രാം പ്രകാരം 59 പേർക്ക് 2000/- രൂപ. വീതം കക്കൂസ് നിർമ്മിക്കാൻ സഹായം നൽകിയിട്ടുണ്ട്. അതിൽ 9 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്.

തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ അഞ്ചു വർഷത്തെ കണക്കാണ് താഴെ ചേർത്തിരിക്കുന്നത്.

| | 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| കെട്ടിടങ്ങളുടെ എണ്ണം | 6498 | 6556 | 6616 | 6675 | 6765 |

കഴിഞ്ഞ അഞ്ചുവർഷത്തെ കെട്ടിട നിർമ്മാണ പുരോഗതി പരിശോധിച്ചാൽ 50 മുതൽ 90 വരെ കെട്ടിടങ്ങൾക്കാണ് പഞ്ചായത്ത് പ്രതിവർഷം പുതിയ നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. ഈ രംഗത്തെ പുരോഗതി വളരെ കുറവാണ്. പഞ്ചായത്തിലുള്ള ഏതാണ്ട് 2000 വീടുകൾ വാസയോഗ്യമല്ല. പഞ്ചായത്തിൽ കെട്ടിടം വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്, സ്ഥലത്തിന്റെ വിലവർദ്ധനവ്, കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതകുറവും, തദ്ദേശീയ തൊഴിലാളികളുടെ അഭാവവും, കൂലി നിരക്ക്, റോഡുകളുടെ സൗകര്യക്കുറവ് നിമിത്തം കയറ്റിറക്ക് രംഗത്തെ അധിക ചെലവ്, എന്നിവ കെട്ടിട നിർമ്മാണത്തെ സാരമായി ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളാണ്. നിർമ്മാണ തൊഴിലാളികളുടെകൂലി 125/- രൂപ മുതൽ 150/- രൂപാവരെയാണ്. മൈക്കാട്ടുപണിക്കു പുരുഷന് പ്രതിദിനം 100/- രൂപയും സ്ത്രീതൊഴിലാളിക്കു 80/- രൂപയുമാണ്. ഈ രംഗത്ത് അയൽ സംസ്ഥാനങ്ങ

ളിലെ തൊഴിലാളികളുടെ സേനവമാണ് കൂടുതലും ലഭിക്കുന്നത്. വെള്ളക്കെട്ടു പ്രദേശമായതിനാൽ നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യയാണ് ആവശ്യം.

പ്രശ്നങ്ങൾ.

1. കോളനികളുടെ നില വളരെ പരിതാപകരമാണ്.
2. കെട്ടിട നിർമ്മാണ സമഗ്രികളുടെ ദൗർലഭ്യം.
3. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
4. ഭൂമിയുടെ വിലക്കയറ്റം
5. നൂതന സാങ്കേതിക വിദ്യകളുടെ അപര്യാപ്തത

പരിഹാരങ്ങൾ

1. കോളനികളെ പ്രത്യേക മണ്ണു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുക.
2. സിമന്റ് ഇഷ്ടിക, കട്ട്ള, ജനൽ തുടങ്ങിയവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുക.
3. തൊഴിൽ അഭ്യസിപ്പിക്കുവാൻ പ്രത്യേക പരിശീലന കേന്ദ്രം ആരംഭിക്കുക.
4. ഹൗസിംഗ് സൊസൈറ്റി ആരംഭിക്കുക.
5. നിർമ്മിതി കേന്ദ്രത്തിന്റെ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് സർക്കാർ നിരവധി പെൻഷൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ്ഥിതി വിവരകണക്ക് താഴെ ചേർക്കുന്നു.

| വില്ലേജ് തിരു വാർപ്പ് ചെങ്ങളം | വിധവാ പെൻഷൻ | വികലാംഗർ പെൻഷൻ | വാർദ്ധക്യം പെൻഷൻ | ക്ഷയരോഗം പേൻഷൻ | കാൻസർരോഗി പേൻഷൻ |
|---|---|---|---|---|---|
| 91-92 | 65 | 23 | 65 | 7 | 2 |
| 92-93 | 62 | 28 | 71 | 5 | 2 |
| 93-94 | 72 | 24 | 54 | 7 | 2 |
| 94-95 | 61 | 27 | 52 | 6 | 2 |
| 95-96 | 71 | 27 | 36 | 3 | 3 |
| Total | 331 | 129 | 278 | 26 | 11 |

തൊഴിലില്ലായ്മ വേതനം 6/95 വരെ തിരുവാർപ്പ് വില്ലേജിൽ 385 പേർക്കും ചെങ്ങളം വില്ലേജിൽ 188 പേർക്കും വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും വിധവകൾക്ക് സ്വയംതൊഴിലിനായി 2000/- രൂപ വീതം സാമ്പത്തിക സഹായം നൽകി വരുന്നു. വികലാംഗർക്ക് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വികലാംഗ കോർപ്പറേഷൻ, ബാങ്കുകൾ വഴി സ്വയം തൊഴിലിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

IRDP സർവ്വേ പ്രകാരം 2180 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്കു താഴെയുള്ളവർ ആണ്. ഇതിൽ 22 കുടുംബങ്ങൾ പട്ടികജാതിയിൽപ്പെട്ടതും 4 കുടുംബങ്ങൾ പട്ടികവർഗ്ഗത്തിൽ പെട്ടവരുമാണ്. അംഗവൈകല്യമുള്ള 2 കുടുംബങ്ങൾ ഇതിൽ ഉൾപ്പെട്ടതാണ്. 8-ാം പദ്ധതിയിൽ സ്വയം തൊഴിലിനായി 155 പേർക്ക് 11,96,665/- രൂപ വായ്പയും 4,96357 രൂപാ സബ്സിഡിയും നൽകിയിട്ടുണ്ട്. ഇതിൽ 95-96 വർഷത്തിലെ സ്വയം തൊഴിൽ യൂണിറ്റുകളിൽ 90% നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. സാമൂഹ്യ ക്ഷേമരംഗത്ത് നടത്തുന്ന പദ്ധതികളെകുറിച്ചും പെൻഷനെക്കുറിച്ചും താഴെ തട്ടിലുള്ളവർക്ക് ശരിയായ അറിവുകൾ ഇല്ല
2. പദ്ധതികളുടെ നടത്തിപ്പിൽ ശരിയായ മോണിട്ടറിംഗ് ഇല്ല.
3. അർഹതയുള്ളവർക്ക് പെൻഷൻ ലഭിക്കുന്നില്ല.

പരിഹാരങ്ങൾ

1. സർക്കാരിന്റെ പദ്ധതികളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.
2. പഞ്ചായത്തുകമ്മിറ്റിക്ക് അർഹതയുള്ളവരെ തെരെഞ്ഞെടുക്കുവാനുള്ള അധികാരം നൽകുക.

സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികൾ ഈ പഞ്ചായത്തിലില്ല. ബാലവാടികൾ അഞ്ചെണ്ണം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

## അനുബന്ധം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടം | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഒരുനിലയുള്ള കെട്ടിടങ്ങൾ | | |
| | | | | ഓട് | ഓല | മറ്റുള്ളവ |
| I | 664 | 5 | 30 | 470 | 152 | 7 |
| II | 694 | Nil | 12 | 458 | 216 | 8 |
| III | 691 | 4 | 18 | 422 | 241 | 6 |
| IV | 469 | Nil | 8 | 316 | 134 | 11 |
| V | 748 | 6 | 21 | 430 | 279 | 12 |
| VI | 569 | 3 | 23 | 422 | 112 | 9 |
| VII | 450 | Nil | 8 | 318 | 110 | 14 |
| VIII | 794 | 7 | 22 | 570 | 184 | 11 |
| IX | 583 | 1 | 14 | 409 | 146 | 13 |
| X | 554 | Nil | 6 | 324 | 207 | 17 |
| XI | 549 | Nil | 19 | 357 | 161 | 12 |
| Total | 6765 | 26 | 181 | 4496 | 1942 | 120 |

## അനുബന്ധം

| വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | പദ്ധതി |
|---|---|---|---|
| II | തോണ്ടമ്പ്ര - ലക്ഷംവീട് | 24 | O. L. H. S |
| II | പത്തിൻ കോളനി | 20 | Land Less Labour Colony |
| III | നെടുംചിറപുരയിടം (പണിക്കശ്ശേരികോളനി) | 18 | -do- |
| IV | വാടക്കകം കോളനി | 16 | O.L.H.S |
| IV | വലിയതറ കോളനി | 8 | Land Les Labours Colony |
| V | വാഴക്കാലാ കോളനി | 8 | O.L.H.S |
| V | പരുത്തിയകം കോളനി | 27 | Land Less Labours Colony |
| V | തൈശ്ശേരി കോളനി | 20 | Land Less Labours Colony |
| V | പാലത്ര കോളനി | 20 | Land Less Labours Colony |
| VI | പാകത്തുശ്ശേരി കോളനി | 20 | O.L.H.S. |
| VI | അംബേദ്കർ കോളനിൽ (19-ൽചിറ) | 29 | Land Less Labours Colony |
| VII | മാധവശ്ശേരി കോളനി | 32 | Land Less Labours Colony |
| VIII | കളരിപ്പറമ്പ് കോളനി | 20 | Land Less Labours Colony |
| IX | താമരശ്ശേരി കോളനി | 61 | Land Less Labours Colony |
| X | അറുനൂറ്റിമംഗലം കോളനി | 10 | Land Less Labour Colony |

# 5.8
# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

തിരുവാർപ്പു ഗ്രാമ പഞ്ചായത്തിലെ വാർഡു തിരിച്ചുള്ള ജനസംഖ്യ താഴെ ചേർക്കുന്നു.

| | പട്ടികജാതി. | | പട്ടികവർഗ്ഗം | |
|---|---|---|---|---|
| വാർഡ് | ആൺ | പെൺ | ആൺ | പെൺ |
| I | 33 | 35 | - | - |
| II | 78 | 81 | 2 | 2 |
| III | 35 | 38 | 2 | 3 |
| IV | 15 | 23 | 2 | 2 |
| V | 75 | 67 | 3. | 9 |
| VI | 75 | 70 | 16 | 18 |
| VII | 41 | 48 | 13 | 10 |
| VIII | 53 | 66 | - | - |
| IX | 138 | 121 | - | - |
| X | 142 | 143 | - | - |
| XI | 80 | 83 | - | - |
| ആകെ | 765 | 782 | 38 | 44 |

6-ാം വാർഡിൽ പട്ടികജാതിക്കാർക്കായി ഒരു അംബെദ്കർ കോളനിയുണ്ട്. ഈ ഗ്രാപഞ്ചായത്തിൽ 341 പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ 16 വീടുകളാണ്. 91 വീടുകൾ ഓല മേഞ്ഞ കുടിലുകളാണ്. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത 151 വീടുകൾ ഉണ്ട്. 189 വീടുകളിൽ ഇപ്പോഴും പ്രാഥമികാവശ്യത്തിനുള്ള നല്ല കക്കൂസ്സില്ല.

പുതിയ വീടുകൾ വയ്ക്കുവാനുള്ള സ്ഥലമില്ലാത്തതിനാൽ പല കുടുംബങ്ങളും ഇപ്പോഴും കൂട്ടുകുടുംബമായി താമസിച്ചുവരുന്നു.

സാക്ഷരതാ നിലവാരം പരിശോധിക്കുമ്പോൾ ഇപ്പോഴും 92 പേർ നിരക്ഷരരാണ്. 9, 10 എന്നീവാർഡുകളിലാണ് നിരക്ഷർ കൂടുതൽ ഉള്ളത്.

തിരുവാർപ്പ് ചെങ്ങളം, കുമ്മനം, കാഞ്ഞിരം, നാട്ടകം, കുമരകം എന്നീ സ്ഥലങ്ങളിലെ സ്കുളുകളിലാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും പഠിക്കുന്നത്. ഹൈസ്കൂൾ തലംവരെ പഠിക്കുന്ന കുട്ടികളിൽ കൊഴിച്ചിൽ കാണുന്നില്ല. എന്നാൽ പ്രീഡിഗ്രിയോടു കൂടി ഈ വിഭാഗത്തിൽപ്പെടുന്നവർ മിക്കവാറും പഠിത്തം അവസാനിപ്പിക്കുന്നതായും കണ്ടുവരാറുണ്ട്. കോളജ് വിദ്യാഭ്യാസം ലഭിച്ചവരും ഏതാനും പേർ ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ നാമമാത്രമാണ്.

കാർഷിക രംഗത്തു പണിയെടുക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെട്ടവർ ഐ.ആർ.ഡി.പി. മുഖാന്തിരം 41 കുടുംബങ്ങൾക്ക് സ്വയം തൊഴിലിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കുഴി നികത്തുന്നതിനായി ഒരു S. C. കുടുംബത്തിനും സെൻട്രൽ റൂറൽ സാനിറ്റേഷൻ പ്രോഗ്രാം പ്രകാരം 9 SC കുടുംബങ്ങൾക്ക് കക്കൂസ് പണിയുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ട്രൈസം ട്രെയിനിംഗിനായി 5 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ തെരെഞ്ഞെടുത്തിരുന്നു.

സാമൂഹികമായ പിന്നോക്കാവസ്ഥയിലാണ് ഭൂരിഭാഗം പേരും. ജാതീയമായ ഉച്ചനീചത്വങ്ങൾ കാര്യമായി നിലനിൽക്കുന്നില്ലെങ്കിലും ജാതികൂട്ടി പേരുവിളിക്കുന്ന സമ്പ്രദായം പല ഭാഗത്തും നിലവിലുണ്ട്. മറ്റ് പൊതു ചടങ്ങുകളിൽ ഇവർ പങ്കെടുക്കുന്നുണ്ടെങ്കിലും ജാതിയത പൂർണ്ണമായി വിട്ടുമാറിയിട്ടില്ല.

ഗ്രാമസഭകളിൽ നിന്നും നല്ല നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. സർക്കാരിൽനിന്നും ലഭിക്കുന്ന അവകാശങ്ങളെക്കുറിച്ച് ശരിയായ അറിവ് ഇല്ലാത്തതിനാൽ ഓരോ വാർഡിലും പട്ടികജാതി വിഭാഗക്കാരുടെ പ്രത്യേക അയൽക്കൂട്ടങ്ങൾ വിളിച്ചുകൂട്ടി ബോധവത്കരണം നടത്തുക, നിരക്ഷരർക്കായി സാക്ഷരതാ ക്ലാസ്സുകൾ എല്ലാ വാർഡുകളിലും തുടങ്ങുക, പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേകം ട്യൂഷൻ ഏർപ്പെടുത്തുക കോളേജുകളിൽ പഠിക്കുവർക്കായി തിരുവാർപ്പിൽ ഒരു ഡോർമെറ്ററി സ്ഥാപിച്ച് ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക. SSLC യ്ക്ക് കോളജിൽ നിന്നും കൂടുതൽ മാർക്കുവാങ്ങി പാസ്സാകുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ കുട്ടികൾക്ക് പഞ്ചായത്തു തലങ്ങളിൽ ക്യാഷ് അവാർഡ് ഏർപ്പെടുത്തുക. സാങ്കേതിക വിദ്യാഭ്യാസത്തിനായി പ്രത്യേകം പരിഗണനകൾ നൽകി ഒരു ടെക്നിക്കൽ സ്കൂൾ ആരംഭിക്കുക.

കൊച്ചുകുട്ടികളെ നോക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ഒരു ഡേ കെയർ സെന്റർ 9-ാം വാർഡിലോ 10-ാം വാർഡിലോ ആരംഭിക്കുക.

കുട്ടികൾക്കും സ്ത്രീകൾക്കുമായുള്ള പോഷകാഹാര പരിപാടി നടപ്പിലാക്കുക. ചെറുപ്പക്കാർക്ക് തൊഴിൽ അഭ്യസിക്കുന്നതിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭി

ക്കുക.

വീടുകൾ ഇല്ലാത്ത ഒട്ടേറെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 4, 9, 10 എന്നീ വാർഡുകളിൽ പുതിയ കോളനികൾ സ്ഥാപിച്ച് പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഇപ്പോൾ നിലിവിലുള്ള പട്ടികജാതി കോള നിയിലെയും മറ്റ് കോളനികളിലെയും വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചുമാറ്റിയ ശേഷം പുതിയ വീടുകൾ വച്ചു കൊടുക്കുക. പട്ടികജാതി കോളനിയിലേക്കുള്ള വഴി ഗതാ ഗത യോഗ്യമാക്കി ടാർ ചെയ്യുക. വെള്ളപ്പൊക്ക കെടുതിക ളിൽ നിന്നും രക്ഷിക്കുന്നതിനായി മണ്ണിട്ടു പൊക്കുക. 9, 10 എന്നീ വാർഡുകളിലെ ജനങ്ങൾ ഇപ്പോഴും മുനിസി പ്പൽ പ്രദേശത്തുള്ള പൈപ്പ് വെള്ളമാണ് ഉപയോഗിക്കുന്ന ത്. ഇതിന് ശാശ്വതപരിഹാരം കാണണം.

സർവ്വെയിൽ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുടിലുകൾക്കുപകരം പുതിയ നല്ലവീടുകൾ നൽകുക, വൈദ്യുതി ലഭിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക, പ്രാഥമികാവശ്യങ്ങൾക്കുള്ള നല്ല കക്കൂസുകൾ നൽകുക.

വനിതകൾക്കു സ്വയം തൊഴിലിനായി തയ്യൽമെഷിൻ തുടങ്ങിയവ വിതരണം ചെയ്യുക. തയ്യൽ അറിയാവുന്ന സ്ത്രീ കളെ പങ്കെടുപ്പിച്ചുകൊണ്ട് റെഡിമെയ്ഡ് ഗാർമെന്റ് സഹ കരണാടിസ്ഥാനത്തിൽ ആരംഭിക്കുക. വനിതാസമാജങ്ങൾ സ്ഥാപിച്ച് തൊഴിൽ പരിശീലനം നൽകുക.

കൈതൊഴിൽ അറിയാവുന്ന പുരുഷന്മാർക്ക് സഹകര ണാടിസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിച്ച് പ്രോത്സാഹി പ്പിക്കുക, ആടുമാടു, കോഴി വളർത്തൽ പച്ചക്കറി കൃഷി തുടങ്ങിയവ ആരംഭിച്ചു സ്ത്രീകളുടെ വരുമാനം വർദ്ധിപ്പി ക്കുക.

ചെങ്ങളത്തുള്ള പട്ടികജാതി സഹകരണ സംഘം പുനഃ സംഘടിപ്പിച്ച് കൂടുതൽ അംഗങ്ങളെ ചേർത്ത് വിപുലീകരി ക്കുക. അംഗൻവാടികളും ബാലവാടികളും ആരംഭിക്കുക. വിറക് ക്ഷാമം ഉള്ളതിനാൽ പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക.

7-ാം വാർഡിലും 9-ാം വാർഡിലുംപെട്ട മാറംവേലി, പു തിയാത്ത്, താമരശ്ശേരി കോളനി, കൊട്ടുയ്കാട്, കട്ടത്തറ പീടിക്കക്കടവ്, വെടിപ്പുരക്കടവ് എന്നിവിടങ്ങളിൽ പൊതു കുളിക്കടവുകൾ പണിയുക.

7, 5 എന്നീ വാർഡുകളിലെ പൊതു ശ്മശാനത്തിലേ യ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കണം. പുതിയ പൊതു ശ്മശാനങ്ങൾ കുമ്മനം, ചെങ്ങളം, തിരുവാർപ്പ് മേഖലക ളിൽ പണിയുക. പട്ടികജാതിക്കാരുടെ ആരാധനാലയമായ കരിത്തറ ക്ഷേത്രത്തിലേക്കുള്ള വഴി നിർമ്മിക്കണം. കോള നികളിൽ പൊതുകിണർ സ്ഥാപിക്കുക. കർഷക തൊഴി ലാളി പെൻഷൻ വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ എന്നിവയുടെ വിതരണം കാര്യക്ഷമമാക്കണം.

# 5.9

# സംസ്കാരം

ഒരു പ്രദേശത്തിന്റെ സംസ്കാരിക നിലവാരത്തെ സ്വാധീനിയ്ക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന മുഖ്യ ഘടകങ്ങൾ ആ പ്രദേശങ്ങളിൽ നിലനിൽക്കുന്ന സാമൂഹ്യ സാമുദായിക ആചാരാനുഷ്ഠാനങ്ങൾ, വിവിധ മത വിഭാഗങ്ങൾ വച്ചുപുലർത്തുന്ന വിശ്വാസാനുഷ്ഠാനങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൊണ്ടുണ്ടായ ഗുണപരമായ മാറ്റങ്ങൾ, പുരോഗമന ചിന്താഗതികൾവച്ചുപുലർത്തുന്ന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനഫലങ്ങൾ ലൈബ്രറി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ എന്നിവയുടെ ആകെത്തുകയാകുന്നു.

ഭാരതത്തിൽ അടുത്തകാലംവരെ നിലനിന്നിരുന്ന മത സൗഹാർദ്ദതയുടെ ഒരു പരിഛേദം തന്നെയാണ് നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നത്. ഇവിടത്തെ പ്രധാന മതവിഭാഗങ്ങൾ ഹിന്ദുക്കൾ, മുസ്ലീങ്ങൾ, കൃസ്ത്യാനികൾ എന്നിവരാണ്, ബ്രാഹ്മണരും സവർണ്ണ ഹിന്ദുക്കളിലെ അവാന്തര വിഭാഗങ്ങളും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളും അധിവസിക്കുന്നു. എല്ലാ മതവിഭാഗങ്ങളുടെയും ആചാരാനുഷ്ടാനങ്ങൾ അനുസരിച്ചുള്ള ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിൽ ജാഗരൂകരാണ്. എന്നാൽ മത സൗഹാർദ്ദം ഉലയ്ക്കുന്ന വിക്ഷണങ്ങളോ ഇടുങ്ങിയ ജാതി പരിഗണനകളോ ഇങ്ങനെയുള്ള ആഘോഷങ്ങളിൽ കാണാറില്ല. ജാതി ഘടനയിൽ ഹിന്ദുക്കളാണ് കൂടുതൽ അതു കഴിഞ്ഞാൽ ക്രിസ്ത്യാനികളും, മുസ്ലീമുകളും, ക്രിസ്തുമതത്തിലുള്ള എല്ലാ അവാന്ത വിഭാഗങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. പതിനൊന്ന് ക്ഷേത്രങ്ങളും ഏഴ് മുസ്ലീംപള്ളികളും, 13 ക്രിസ്തീയ ദേവാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഉയർന്ന സാമ്പത്തിക ഭദ്രതയുള്ളവർ ഒരു സമൂദായത്തിൽ ഒതുങ്ങി നിൽക്കുന്നില്ല. ജനങ്ങളുടെ സാമ്പത്തിക സ്ഥിതി ശരാശരിയിലും താഴെയാണ്. ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയെ മാത്രം ആശ്രയിക്കുന്നതിനാൽ സാമ്പത്തിക അച്ചടക്കം ജനങ്ങളുടെ സംസ്കാരത്തിലും നിഴലിക്കുന്നു. പണ്ടുകാലത്ത് ഹിന്ദു സമുദായത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്ന സമരങ്ങളുടെ മുൻപിൽ നമ്മുടെ പഞ്ചായത്തും ഉണ്ടായിരുന്നു. ഈ പഞ്ചായത്തിൽ നടന്ന അത്തരം സമരങ്ങളോട് അനുബന്ധിച്ച് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി പോലും പങ്കെടുത്ത സാഹചര്യങ്ങൾ നമുക്ക് ആവേശം പകരുന്നവയാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ എടുത്തു പറയത്തക്ക സാമുദായിക ഉച്ചനീചത്വങ്ങൾ ഇല്ല. എല്ലാ മത വിഭാഗങ്ങളും യോജിച്ചും സഹകരിച്ചുംപ്രവർത്തിക്കുന്നു രാഷ്ട്രീയമായി ഇടതുപക്ഷ പ്രസ്ഥാനത്തിന് മുൻതൂക്കമുള്ള പഞ്ചായത്താണിത്. പ്രത്യയശാസ്ത്രപരമായ വ്യത്യാസം ഉണ്ടെങ്കിലും രാഷ്ട്രിയ പ്രസ്ഥാനങ്ങൾ തമ്മിൽ എടുത്തു പറയത്തക്ക വഴക്കുകൾ ഉണ്ടാകാറില്ല. അന്ധവിശ്വാസത്തിലധിഷ്ടിതമായ അനാചാരങ്ങൾക്ക് വേരോട്ടമില്ലാത്തതാണ് ഈ പഞ്ചായത്ത്.

19-ാം നൂറ്റാണ്ടിന്റെ അവസാനംതൊട്ടുതന്നെ ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ ഇടയിലുള്ള പൂർണ്ണ സാക്ഷരത തന്നെ ഇവിടുത്തെ സംസ്കാരത്തെ പ്രതിഫലിപ്പിക്കാൻ മതിയായതാണ്. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുംപൂർണ്ണത കൈവരിച്ച പഞ്ചായത്താണ് നമ്മുടേത്. ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ കഴിഞ്ഞകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ സജീവമായിരുന്നു. 'വായനശാലകവലകൾ' എന്നറിയപ്പെടുന്ന ഒന്നിലേറെ സ്ഥലങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉള്ളത് ഇതിന് തെളിവാണ് എന്നാൽ ജനസംഖ്യയ്ക്ക് ആനുപാതികമായ പുസ്തകങ്ങളുടെ വർദ്ധന വായനാശീലം വളർത്തുന്നതതിനുള്ളപ്രവർത്തനങ്ങൾ ഇവയുടെ ഇന്നുള്ള സ്ഥിതി പരിതാപകരമാണ്. പുതിയ വാർത്താമാധ്യമങ്ങളുടെയും, ടി.വി. യുടെയും പ്രചാരണം ജനങ്ങളുടെ വായനാശീലത്തെ നശിപ്പിക്കപ്പെടുന്നു.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ക്ലബ്ബുകളും കലാസമിതികളും പ്രവർത്തിക്കുന്നുണ്ട്, ഇവയുടെ പലതിന്റെയും പ്രവർത്തനങ്ങൾ ചില പ്രത്യേക അവസരങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ആരംഭത്തിൽ പ്രതീക്ഷ ഉണർത്തിയ ഇത്തരം സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധി, പ്രതിബന്ധതയുള്ള പ്രവർത്തകരുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ തകർച്ചയെ നേരിടുന്നു. അമേച്വർ-പ്രൊഫഷണൽ നാടകവേദികളോ മറ്റുകലാസംഘടനകളോ കാര്യമായി പ്രവർത്തിക്കുന്നില്ല. കലാസാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും കുറവാണ്. കായിക സംസ്കാരത്തിന്റെ മേഖലയും പ്രതീക്ഷാനിർഭരമല്ല. മുമ്പൊക്കെ പ്രാതിനിധ്യപങ്കാളിത്തമുള്ള ചില കായിക മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ അതും നടക്കുന്നില്ല. ഇതിനൊരു അപവാദമായി നിൽക്കുന്നത് ചെങ്ങളം സന്തോഷ് ക്ലബ്ബുകാർ നടത്തുന്ന കബഡിമേള മാത്രമാണ് ഒന്നുരണ്ട് ജിംനേഷ്യങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തി

ക്കുന്നു. മുൻപ് കളരികൾ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോഴില്ല. നാടൻ കായിക വിനോദങ്ങൾപോലും അപ്രത്യക്ഷമാവുകയോ ഒറ്റപ്പെട്ട നിലയിലോ ആയിരിക്കുന്നു. കൂട്ടായ്മയുടെ പര്യായമായ നമ്മുടെ വള്ളംകളി തന്നെ അന്യംനിന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

ഇവിടെയുള്ള അമ്പലങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് അനുഷ്ഠാനകലകൾ എല്ലാംതന്നെ അരങ്ങേറുന്നു. കൂടാതെ പരിശുമുട്ടുകളി. ഭരതംകളി തിരുവാതിരകളി, മാർഗംകളി അറവനമുട്ടുകളി, കോൽക്കളി, തുമ്പിതുള്ളൽ എന്നീ കലാരൂപങ്ങൾ വിശേഷാൽ അവസങ്ങളിൽ സംഘടിപ്പിക്കപ്പെടുന്നു. അമ്പലങ്ങളിൽ ഉത്സവങ്ങൾ, കൃസ്തീയപ്പെരുന്നാളുകൾ എന്നിവ സമുചിതമായി ആചരിക്കപ്പെടുന്നു. കഥകളി ഇന്നും അമ്പലങ്ങളിലെ ഉത്സവങ്ങളുടെ മുഖ്യഘടകംതന്നെ. കൂത്തും, കൂടിയാട്ടവും, ഓട്ടൻതുള്ളലും അപൂർവ്വമായിപ്പോലും അവതരിപ്പിച്ചു കാണുന്നില്ല. എന്നാൽ ചില സാംസ്കാരിക സമതികൾ ഈ കലകളുടെ പുനരുദ്ധാരാണാർത്ഥം പ്രവർത്തിക്കുന്നുണ്ട്. ഇവയെ കാലരൂപങ്ങൾക്കതീതമായി നമ്മുടെ പുരാതന സംസ്കാരത്തിൽറെ ഭാഗമായി വളർത്തിക്കൊണ്ടുവരാൻ കഴിയണം.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ലൈംഗിക സിനിമകളുടെ വ്യാപനം, അസാന്മാർഗ്ഗിക പ്രശ്നങ്ങൾ, സ്ത്രീകളോടുള്ള സമീപനത്തിലെ അധഃപതനം തുടങ്ങിയവ ചർച്ചചെയ്യപ്പെടേണ്ടതാണ്. ദൂരദർശൻ, കേബിൾ ടി.വി.കൾ ഇന്ന് മുഖ്യ വിനോദോപാധികളായി മാറിയിരിക്കുന്നു. ഭൂരിഭാഗത്തിനും ഇതുസ്വന്തമായിട്ടില്ലെങ്കിലും. എല്ലാവരും ഇത് പ്രയോജനപ്പെടുത്തുന്നു. ഇതുകാരണം അർത്ഥവത്തായ വായനതന്നെയില്ല. അലോസരപ്പെടുത്തുന്ന വാർത്തകളെക്കാൾ ആഹ്ലാദിപ്പിക്കുന്നവർക്ക് സാമാന്യത കൈവരുന്നു. സിനിമാ ലൈംഗിക പ്രസിദ്ധീകരണങ്ങൾ വിറ്റഴിക്കപ്പെടുന്നു. നിറം പിടിപ്പിച്ച പ്രസിദ്ധീകരണങ്ങൾ വലിയവിലകൊടുത്തു വാങ്ങുന്നു. മെച്ചപ്പെട്ട വായനോപകരണങ്ങളുടെ തിരഞ്ഞെടുപ്പോ അവയെപ്പറ്റിയുള്ള ചർച്ചകളോ ഉണ്ടാകാറില്ല. ടി. വി. യുടെ അതിപ്രസരണംകൊണ്ട് താഴെ പറയുന്ന കുറവുകൾ ഉണ്ടാകുന്നു. വിഭവങ്ങൾ അധികവും ഉപരിവർഗ്ഗ വാസനകളെ തൃപ്തിപ്പെടുത്തുന്നവയാണ്. പരസ്യങ്ങൾ മസ്തിഷ്ക പ്രക്ഷാളനം നടത്തുന്നതിനാൽ ഇത് ആനാവശ്യ ചിലവുകൾക്ക് കാരണാകുന്നു. ഭാരത സംസ്കാരത്തിന്റെ തനിമയും വ്യതിരക്തതയും സംരക്ഷിക്കപ്പെടുന്നതിൽ നാം പരാജയപ്പെടുന്നു. കുട്ടികളിലും യുവാക്കളിലും ഹിംസാത്മക ലൈംഗിക ചേദനകളെ വിനാശകരായായി ഉണർത്തിവിടുന്നു.

വിവാഹം, മരണം തുടങ്ങിയ കാര്യങ്ങൾക്ക് നാം ദുർവഹമായ ചിലവാണ് ഇന്നും വഹിക്കുന്നത്. പൊങ്ങച്ചവും അനാരോഗ്യകരമായ മാത്സര്യമനോഭാവവും ഒക്കെ ഇതിന് കാരണമാണ്. ഒരു തിരുത്തൽ ശക്തിയാക്കേണ്ട മതനേതൃത്വം പോലും നിഷ്ക്രിയമായി നിൽക്കുന്നു. സ്ത്രീകളോടുള്ള സമീപനത്തിൽ, അവർക്ക് അനുകൂലമായ മാറ്റം അനിവാര്യമാണ്.

വികസനോന്മുഖമായ ഒരു സാംസ്കാരിക കാലാവസ്ഥ കെട്ടിപ്പടുക്കുന്നതിന് മുകളിൽ സൂചിപ്പിച്ച സാഹചര്യങ്ങളിൽ നിന്നുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്. മത സൗഹാർദ്ദവും, സമുദായ മൈത്രിയും അരക്കിട്ടുറപ്പിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

തിരുവാർപ്പിലുള്ള പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കേണ്ടതാണ്. കിളിരൂർ കാർത്ത്യായനി വിലാസം ഗ്രന്ഥശാലയ്ക്ക് സ്വന്തമാട്ട കെട്ടിടം ഇല്ലാത്ത അവസ്ഥയിലാണ്. കൂടുതൽ ആളുകളെ ബന്ധപ്പെടുത്തി ഇതിന്റെ പ്രവർത്തനം സജീവമാക്കണം. കുമ്മനം നേതാജി വായനശാല സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കലാസാഹിത്യ രംഗങ്ങളിൽ അവശ്യമായ പ്രോത്സാഹനം നല്കുന്നതിനുള്ള പരിപാടികൾ വായനശാലകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. ഗ്രന്ഥശാലകളുടെ പ്രവർത്തനം അടിയന്തിരമായി ഊർജ്ജിതപ്പെടുത്തണം. വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. പുതിയ വായനശാലകൾ ഉണ്ടാക്കണം. മൊബൈൽ വായനശാലകൾ സംഘടിപ്പിച്ച്, വീടുകളിൽ നല്ല പുസ്തകങ്ങൾ എത്തിച്ചുകൊടുക്കണം. നാടൻ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഇന്നുള്ള അലംഭാവം മതിയാക്കണം. ഇതിനുവേണ്ട പ്രചോദനം ക്ലബ്ബുകൾക്കും കലാസംഘടനകൾക്കും കൊടുക്കണം. അവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഗ്രാന്റ് കൊടുക്കണം. ഇതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനാവശ്യമായ ജനകീയ സമിതികൾക്ക് രൂപം നൽകണം.

ഇന്നത്തെ ഏറ്റവും വലിയ സാംസ്കാരിക മാധ്യമം എന്ന നിലയ്ക്ക് ദൃശ്യശ്രവ്യപരിപാടികളെ വിലയിരുത്താനും ആ രംഗങ്ങളിൽ ഗുണപരമായ മാറ്റങ്ങൾക്ക് ചാലകശക്തിയാകുവാൻ വീഡിയോ ഫിലം സൊസൈറ്റികൾ ഒരാസൂത്രണ സ്വഭാവത്തോടെ സംഘടിപ്പിക്കണം. ജനങ്ങളിൽ ഏറ്റവും കൂടുതൽ സാമ്പത്തിക നഷ്ടം വരുത്തുന്ന രീതിയിലുള്ള പരസ്യരീതികൾക്ക് കടിഞ്ഞാണിടണം. ജനങ്ങളുടെ സാധാരണ ജീവിതത്തെ സ്വാധീനിക്കുന്ന ഇത്തരം പ്രശ്നങ്ങളെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള കമ്മറ്റികൾക്ക് പഞ്ചായത്ത് രൂപംനൽകണം. ലക്ഷ്യബോധം നഷ്ടപ്പെട്ട ഇന്നത്തെ യുവജനങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും സദാചാരബോധം, ശാസ്ത്രബോധം, സാമുദായിക സൗഹാർദം ഇവയയുള്ള ഉത്തമ പൗരന്മാരായി ജീവിതം നയിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കണം.

# 5.10

# വനിതാക്ഷേമം

### വനിതകളുടെ സാമ്പത്തിക സാമൂഹ്യ പദവി

വികസന പ്രക്രിയയിൽ ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീകൾക്ക് അർഹമായ പരിഗണന നൽകാത്തത് ആ രംഗത്തെ മുന്നേറ്റത്തെ സാരമായി ബാധിച്ചിട്ടുണ്ട്. എണ്ണത്തിലേറെയാണെങ്കിലും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ ആരോഗ്യനില പിന്നോക്കമാണെന്നു കാണക്കുകൾ കാണിക്കുന്നു.

1991-ലെ കാനേഷുമാരി കണക്ക് അനുസരിച്ച് ഈ പഞ്ചായത്തിൽ

| | | | | |
|---|---|---|---|---|
| പുരുഷന്മാരുടെ എണ്ണം | 13650 | സ്ത്രീകളുടെ എണ്ണം | 13539 | |
| ആൺകുട്ടികൾ | 1579 | പെൺകുട്ടികൾ | 1491 | 3070 |
| പട്ടികജാതി(ആൺ) | 876 | " | 845 | 1721 |
| പട്ടികവർഗ്ഗ " | 84 | " | 40 | 124 |

**തൊഴിൽ രംഗം**

| | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| തൊഴിലാളികൾ | 6529 | 1793 |
| കൃഷിക്കാർ | 469 | 26 |
| കർഷകത്തൊഴിലാളികൾ | 1833 | 1258 |
| കാലി വളർത്തൽ | 469 | 19 |
| നിർമ്മാണം, കൈത്തൊഴിൽ | 42 | 23 |
| കുടിൽ വ്യവസായം | 624 | 52 |
| നിർമ്മാണത്തൊഴിലാളി | 299 | 7 |
| കച്ചവടം, വ്യാപാരം | 1240 | 60 |
| ട്രാൻസ്പോർട്ട്, സ്റ്റോറേജ് | 382 | 12 |
| മറ്റു തൊഴിലുകൾ | 1133 | 336 |
| മാർജിനൽ തൊഴിലാളികൾ | 204 | 253 |
| തൊഴിൽ ഇല്ലാത്തവർ | 6923 | 11493 |

തൊഴിൽ രംഗത്തെ പിന്നോക്കാവസ്ഥ ഈ പഞ്ചായത്തിൽ വളരെ പ്രകടമാണ്. എന്നാൽ വിദ്യാഭ്യാസ രംഗത്തെ സ്ഥിര സ്വഭാവമുള്ള തൊഴിലിൽ സ്ത്രീകൾക്കാണ് മുൻതൂക്കം. വേതന വ്യവസ്ഥകളിലും സ്ത്രീപുരുഷ അന്തരം വളരെ വ്യക്തം സ്ത്രീതൊഴിലാളിക്ക് 40-50 രൂപാ വരെ കാർഷിക, കെട്ടിട നിർമ്മാണ തൊഴിൽ മേഖലകളിൽ ലഭ്യമാകുമ്പോൾ പുരുഷന്മാർ 80-125 രൂപാ വരെ നേടുന്നു ലിംഗപരമായ ഈ വിവേചനം സ്ത്രീകളുടെ സാമ്പത്തിക പദവിക്ക് കാര്യമായ ഇടിവ് ഉണ്ടാകുന്നു.

11493 തൊഴിൽ രഹിത സ്ത്രീകളുള്ള ഈ പഞ്ചായത്തിൽ ആടുമാടു വളർത്തൽ, പച്ചക്കറി, കൃഷി, കോഴിവളർത്തൽ എന്നീ രംഗങ്ങളിൽ സ്ത്രീകൾക്ക് പൊതുവെ താല്പര്യം കുറയുന്നതായി കാണുന്നു. വെള്ളക്കെട്ടുള്ള പ്രദേശം, അന്തരീക്ഷ ജലാംശ വർദ്ധന എന്നിവ കൃഷിനാശത്തിനും ഒരു പരിധിവരെ കാലിരോഗങ്ങൾക്കും ഹേതുവാകുന്നു.

തൊഴിൽ പരിശീലനത്തിനുള്ള അവസരങ്ങൾ വളരെ കുറവാണ് IRDP പദ്ധതിയിലുള്ള Trusem പദ്ധതി പ്രകാരം 1991 മുതൽ 96 വരെയുള്ള കാലഘട്ടത്തിൽ വെറും 15 സ്ത്രീകൾക്കാണ് പരിശീലനം ലഭിച്ചിട്ടുള്ളത്. DWCRA യുടെ കീഴിലുള്ള 2 വനിത യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

| | | വായ്പ | സബ്സിഡി |
|---|---|---|---|
| Group I പശുവളർത്തൽ | 10 പേർ | 100000 | 40000 |
| Group II ലെതർ ചപ്പൽ | 11 പേർ | 110000 | 40000 |

IRDP സ്വയം തൊഴിൽ നടത്തുന്നതിനായി 73 വനിതകൾക്ക് വായ്പയും സ്ബസിഡിയും കൊടുത്തിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തും സ്ത്രീകളുടെ നില പിന്നോക്കമാണ് സാക്ഷരതാ നിരക്കിൽ സ്ത്രീകൾ പിന്നിലാണ്. വിദ്യാലയങ്ങളിൽ 1471 ആൺകുട്ടികളും 1334 പെൺകുട്ടികളും പഠിക്കുന്നുണ്ട്. സാമ്പത്തികമായി മുൻപന്തിയിലുള്ളവരൊഴിച്ചാൽ ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും പോകുന്ന സ്ത്രീകൾ വളരെ കുറവാണ്. സ്ത്രീകൾക്കായുള്ള ഗ്രന്ഥശാലകളോ വിജ്ഞാന വ്യാപന കേന്ദ്രങ്ങളോ പ്രവർത്തിക്കുന്നില്ല. നിലവിലുള്ള ഗ്രന്ഥശാലകളിലും സാമൂഹ്യ സംഘടനകളിലും സ്ത്രീകളുടെ അംഗത്വം തീരെയില്ല.

ആരോഗ്യ നിലവാരത്തിലും സ്ത്രീകൾ പിന്നിലാണ് തിരുവാർപ്പു പഞ്ചായത്തിൽ ഒരു PHC പ്രവർത്തിക്കുന്നുണ്ട്. വലിയ സർക്കാർ ആശുപത്രികളോ സ്വകാര്യ ആശുപത്രികളോ ഇവിടെ പ്രവർത്തിക്കുന്നില്ല ഹോമിയോ ഡിസ്പൻസറി ഉൾപ്പെടെ ചില സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് PHC യിലെ കണക്കനുസരിച്ച് സ്ത്രീകളിൽ രോഗാതുരത കൂടുതലായി കാണുന്നു.

ആരോഗ്യ ബോധനത്തിൽ കാര്യമായ പ്രവർത്തനങ്ങൾ നൽകുന്ന അംഗനവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ CPWP പദ്ധതിയനുസരിച്ചുള്ള 5 ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവ വിദ്യാഭ്യാസരംഗത്തും ആരോഗ്യബോധനരംഗത്തുംഅപര്യാപ്തമായ പ്രവർത്തന

ങ്ങളാണ് നടത്തുന്നത്. ഒരേ കേന്ദ്രത്തിലും 100 ഗുണഭോക്താക്കളെ ഉൾപ്പെടുത്താമെങ്കിലും 50 മുതൽ 80 വരെ മാത്രമേ ഓരോ കേന്ദ്രത്തിലും അംഗസംഖ്യയുള്ളൂ. ഇവിടുത്തെ PHC യിൽ ഒരു സ്ത്രീരോഗ വിദഗ്ദ്ധരുടെ അഭാവം പ്രത്യേകം ശ്രദ്ധേയമാക്കേണ്ടതാണ്.

സാമൂഹ്യമായി സ്ത്രീൾക്കുള്ള പദവിയും സ്ഥാനവും വളരെ ശോചനീയമാണ്. സ്ത്രീകൾ കുടുബനാഥകളായുള്ള അനേകം ഭവനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. തൊഴിൽ രഹിതരും, മദ്യപാനികളും അലസരുമായ കുടുംബനാഥന്മാരുടെ നിരുത്തരവാദ നിലപാടിൽ, കാർഷിക മേഖലയിലെയും നിർമ്മാണരംഗത്തെയും തൊഴിലവസരങ്ങൾ സ്വീകരിച്ച് സ്ത്രീകൾ തന്നെ കുടുംബംപോറ്റുന്ന പല ഭവനങ്ങളും ഈ പഞ്ചായത്തിലുണ്ട്. വീടുപോറ്റുന്ന ചുമതലകളും വീട്ടു ജോലികളുടെ ഭാരവും, കുട്ടികളുടെ സംരക്ഷണ ജോലികളും നിമിത്തം പല സ്ത്രികൾക്കും പൊതു രംഗങ്ങളിലെ പ്രവർത്തനത്തിന് ഇറങ്ങാനുള്ള സമയമോ, ഗൃഹനാഥരുടെ അനുവാദമോ ലഭിക്കാറില്ല.

സ്ത്രീപീഢനങ്ങളും മദ്യപാനസ്വഭാവമുള്ള ഭർത്താവു മൂലമുള്ള ദുരിതങ്ങളും ഏറെ അനുഭവിക്കുന്ന സ്ത്രീകളുണ്ട്. സ്ത്രീധന നിരോധനമുണ്ടെങ്കിലും, സ്ത്രീധന പിഢനങ്ങളും നടക്കുന്നുണ്ട്. സ്ത്രീധനമില്ലാത്തതിനാൽ വിവാഹം വെകുന്നവരും, അവിവാഹിതമരുമായ ചിലരുണ്ട്. സ്ത്രീകൾ യോജിച്ചു പ്രവർത്തിക്കാനുള്ള അവരുടേതായ സമാജങ്ങൾ 5 എണ്ണമുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ വ്യാപകമല്ല. ഒരു ചെറിയ വിഭാഗം മാത്രമേ പ്രവർത്തനവുമായി ബന്ധപ്പെടുന്നുള്ളൂ. നാമമാത്രമായി പ്രവർത്തിക്കുന്ന ഇവയിൽ പലതിനും സ്വന്തമായ ആ സ്ഥാനങ്ങളോ ആസ്തിയോ ഇല്ലാത്തതിനാൽ പ്രവർത്തനം വിജയകമല്ല.

ഇന്നു നിലവിലുള്ള പലക്ഷേമ പദ്ധതികളുടെയും പൂർണ്ണമായ പ്രയോജനം അർഹതപ്പെട്ടവർക്ക് ലഭ്യമാകുന്നില്ല.

| വിധവാ പെൻഷൻ | ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| 1991 - 92 | 65 |
| 92-93 | 62 |
| 93-94 | 70 |
| 94-95 | 61 |
| 95-96 | 71 |
| ആകെ | 329 |

കർഷകത്തൊഴിലാളി പെൻഷൻ, ഭൂരഹിതകർഷകർക്കുള്ള ധനസഹായം, വികലാംഗർക്കുള്ള പെൻഷൻ എന്നിങ്ങനെയുള്ള സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവു പലർക്കുമില്ല. ബഹുജന സംഘടനകളിലും പൊതുപ്രവർത്തനരംഗങ്ങളിലും സ്ത്രീപങ്കാളിത്തം തീരെയില്ല.

തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം സാമൂഹ്യക്ഷേമം എന്നീ രംഗങ്ങളിൽ സ്ത്രീകളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള സംരഭങ്ങൾ വേണം.

കഴിയുന്നത്ര വനിതാ സഹകരണസംഘങ്ങൾ ആരംഭിച്ച് അവയിലൂടെ തൊഴിലവസരങ്ങൾ (ആടുവളർത്തൽ, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യം വളർത്തൽ ചെറുകിട വ്യവസായ സംരംഭങ്ങൾ എന്നിവയിലൂടെ) കൂടുതലാക്കാൻ ശ്രമം നടത്തേണ്ടതാണ്.

സ്ഥിരമായ ആസ്ഥാനത്തോടുകൂടി വാർഡു തലവനിതാ സമാജങ്ങൾ രൂപികരിച്ച് അവയിലൂടെ വരുമാനവർദ്ധനയ്ക്കുള്ള മാർഗ്ഗങ്ങളും. വ്യക്തിത്വ വികാസത്തിനും ആരോഗ്യരംഗത്തെ മുന്നേറ്റത്തിനുമുള്ള ബോധവത്കരണവും സംഘടിപ്പിക്കണം.

കാർഷിക മൃഗപരിപാലനരംഗങ്ങളിൽ കൂടുതൽ സ്ത്രീകളെ പങ്കാളികളാക്കി അവർക്ക് തൊഴിലവസങ്ങൾ സൃഷ്ടിക്കണം. പാൽ ഉത്പ്പാദക വിപണന സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. നെല്ലു സംസ്കരണ പരിപാടി, കറിപൗഡർ നിർമ്മാണം, തയ്യൽ, എംബ്രോയിഡറി, പലഹാര നിർമ്മാണം, കൂൺകൃഷി, പേപ്പർ പായ്ക്കറ്റ് നിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലകൾ വികസിപ്പിക്കുകയും വിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ വിദ്യാസമ്പന്നരായ സ്ത്രീകൾക്കുവേണ്ടി ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ് യൂണിറ്റുകളും ക്ലോക്ക്, വാച്ച്, റേഡിയോ, ടി. വി. തുടങ്ങിയവയുടെ റിപ്പയറിംഗ് കേന്ദ്രങ്ങളും സ്ത്രീകളുടെ ചുമതലയിൽ ആരംഭിക്കേണ്ടതാണ്. ചുരുക്കത്തിൽ സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നു.

ഓരോ വാർഡിലും ബാലവാടികളും അംഗനവാടികളും പ്രവർത്തനമാരംഭിക്കണം. സ്ത്രീൾക്കായുള്ള വായനശാലകളും, ബോധനകേന്ദ്രങ്ങളും വനിതാ സമാജങ്ങളുമായി ബന്ധപ്പെട്ട് തുടങ്ങേണ്ടതാണ്. ശിശുസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ചിമ്മിനിയില്ലാത്ത വീടുകളിൽ പുകയില്ലാത്ത അടുപ്പുകളും, സൂര്യതാപ അടുപ്പുകളും ലഭ്യമാക്കണം.

തൊഴിൽ രംഗങ്ങളിലും, ഉദ്യോഗരംഗങ്ങളിലും 50% സ്ത്രീസംവരണം ഉറപ്പുവരുത്തണം. ബോധവൽക്കരണത്തിലൂടെ മദ്യവർജ്ജനത്തിനും നിരോധനത്തിനുള്ള സാഹചര്യവും ഒരുക്കണം.

സ്ത്രീ പീഢന പ്രശ്നങ്ങൾ സ്ത്രീകൾക്കെതിരായുള്ള ആക്രമണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ നിലവിൽ വരുത്തുകയും അക്രമികൾക്കു കടുത്ത ശിക്ഷ നൽകുകയും വേണം.

സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്. എല്ലാ സ്കൂളുകളിലും മാതൃസംഗമങ്ങൾ ഉണ്ടാക്കുകയും അവയിലൂടെ അമ്മമാർക്കു കൂടുതൽ ബോധനവും ഉത്തരവാദിത്വവും നൽകേണ്ടതാണ്.

സംരക്ഷിക്കാനാളില്ലാത്ത വൃദ്ധകളുടെയും, അവിവാഹിതരുടെയും സംരക്ഷണമേറ്റെടുക്കുന്നതിനുള്ള ചാരിറ്റബിൾ സംഘടനകളുടെ പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു.

റേഷൻ കടകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിവയിൽ നടക്കുന്ന അഴിമതിയും പാലിൽ മായംചേർക്കൽ തുടങ്ങിയവ ഫലപ്രദമായി തയുന്നതിന് പഞ്ചായത്തു തലത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 5.11
# സഹകരണം

സമഗ്രമായ ഗ്രാമവികസനത്തിനും അതിലൂടെ ദേശീയ വികസനത്തിനും കാരണമാകുന്ന സാമ്പത്തിക സാമൂഹ്യ, സാംസ്കാരിക കർമ്മ മേഖലയാണ് സഹകരണം. മനുഷ്യന്റെ സാമൂഹ്യ ജീവതത്തിൽ സാമ്പത്തിക ചൂഷണത്തിന് ഏറെയും പരിഹാരം നൽകുവാൻ കഴുയുന്ന ഒരു സാമൂഹ്യ തത്വശാസ്ത്രവും കൂടിയാണിത്. പൊതുവെ സഹകരണം അർത്ഥമാക്കുന്നത് വർദ്ധിച്ച ഉല്പാദനവും വിപണനവും അവശ്യസാധനങ്ങളുടെ സഹകരണ സംഘങ്ങൾവഴിയുള്ള വിതരണവും കൂടിയാണ്. ഐറിഷ് സഹകരണ ശാസ്ത്രജ്ഞനായ ഹൊറൈസ് പ്ലങ്കറ്റ് അഭിപ്രായപ്പെടുന്നത് ഇത്തരുണത്തിൽ ഓർമ്മിക്കുന്നത് കരണീയമത്രെ. പൊതുവെ കൂട്ടായി ജീവിക്കുകയും, കൂട്ടായി ആലോചിക്കുകുയും കാട്ടായി പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക ഭദ്രത കൈവരിക്കുക എന്ന ഒരാശയവും ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ട്. ചുരുക്കത്തിൽ സാമ്പത്തിക പരാധീനതയ്ക്കുള്ള നിബന്ധനകളിൽ ഒന്നാണ് സഹകരണം. സഹകരണ പ്രസ്ഥാനങ്ങളുടെ തകർച്ചയെന്നാൽ ഗ്രാവികസനത്തിന്റെ തകർച്ചയെന്നർത്ഥം.

സാമൂഹ്യ പരിഷ്കർത്താക്കളായ നിരവധി ധിഷണാശാലികളുടെ പ്രവർത്തന ഫലമായിട്ടാണ് ഇന്ന് ഈ പഞ്ചായത്തിൽ കർമ്മപഥത്തിൽ നിലനില്ക്കുന്ന മൂന്ന് പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഇതിൽ കൊല്ലവർഷം 19-11-1094 ൽ രജിസ്റ്റർ ചെയ്തതും 28-11-1094ൽ പ്രവർത്തനം ആരംഭിച്ച നായർ സർവ്വീസ് സൊസൈറ്റിയാണ്, പിൽക്കാലത്ത് തിരുവാർപ്പ് വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 88 ആയി വളർന്നത്. രണ്ടാമത്തേത് കൊല്ലവർഷം 8-12-1100-ൽ രജിസ്റ്റർ ചെയ്തതും 31-12-1100-ൽ പ്രവർത്തനം തുടഹങ്ങിയതുമായ ഈഴവോദ്ധാരണ പരസ്പര സഹായ സഹകരണ സംഘമാണ് ഇന്നത്തെ ചെങ്ങളം സൗത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം മ്പർ 1016-ആയി വളർന്നിട്ടുള്ളത് തുടക്കത്തിൽ മേൽ സൂചിപ്പിച്ച സമുദായങ്ങൾ മുൻകൈയെടുത്താണ് ഈ സഹകരണ സംഘങ്ങൾ ആരംഭിച്ചതെങ്കിലും തുടർന്ന് എല്ലാ ആളുകളേയും പങ്കെടുപ്പിച്ച് ഈ സ്ഥാപനങ്ങൾ പടർന്നു പന്തലിക്കുകയുണ്ടായി. 3-10-1974-ൽ ആരംഭിച്ച കാഞ്ഞിരം സർവ്വീസ് സഹകരണ ബാങ്ക് No. K.433 ആണ് മറ്റൊന്ന്. വളരെ പരിമിതമായ അധികാരപരിധി മാത്രമാണ് ഈ ബാങ്കിനുള്ളത് ഈ പഞ്ചായത്തിന്റെ 9-ാം വാർഡിന്റെ ഏതാനും ഭാഗവും 10-ാം വാർഡും ഉൾപ്പെട്ട പ്രദേശമാണ് ഇതിന്റെ പ്രവർത്തന മേഖല. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ അനന്ത സാദ്ധ്യകൾ ഉപയോഗപ്പെടുത്തി നവനീയമായ ഒരു കർമ്മ മേഖലയ്ക്ക് പൂർണ്ണമായി രൂപം നല്കാൻ ഇവയ്ക്കു കഴിഞ്ഞിട്ടില്ല. കാർഷിക വായ്പകൾ, ലേലച്ചിട്ടികൾ, (25000, 15,000, 10,000) തുടങ്ങിയ തുകകൾ, ഭവനനിർമ്മാണ വായ്പകൾ, നാമമാത്രമായ വിദ്യാഭ്യാസ വായ്പകൾ, പരിമിതമായ നിക്ഷേപം സ്വീകരിക്കൽ, മിതമായ രീതിയിലുള്ള വളം, കീടനാശിനികൾ എന്നിവയുടെ വില്പന (ഇവിടെ സ്വകാര്യ ഏജൻസികളെപ്പോലും നിയന്ത്രിക്കാൻ ടി പഞ്ചായത്തിലെ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല.) തുടങ്ങിയിവ മാത്രമാണ് പ്രവർത്തന മേഖലയായി എടുത്തു പറയുവാനുള്ളത്.

ചെങ്ങളം സൗത്ത് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖല തിരുവാർപ്പ് പഞ്ചായത്തിലെ 2-11 എന്നീ വാർഡുകളുടെ പകുതി ഭാഗവും 3, 4, 5 എന്നീ വാർഡുകളുമാണ്. തിരുവാർപ്പ് വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന മേഖലകൾ 11-ാം വാർഡിന്റെ തെക്കു ഭാഗവും 6, 7, 8, 9 വാർഡുകളുമാണ്.

സാമാന്യമായ രീതിയിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സംഘമാണ്. കുമരകം തിരുവാർപ്പ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം. കാഞ്ഞിരം കേന്ദ്രമാക്കി ഒരു ജില്ലാതല മാർക്കറ്റിംഗ് സഹകരണ സംഘം രാജീവ് ഗാന്ധി പാഡി പ്രൊക്വറിംഗ് മാർക്കറ്റിംഗ് & പ്രൊസസ്സിംഗ് സൊസൈറ്റി എന്ന പേരിൽ കഴിഞ്ഞ 3 വർഷമായി പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചെങ്ങളം ക്ഷീരോല്പാദക സഹകരണ സംഘം കെട്ടിടമില്ലാത്തതിനാലും, തിരുവാർപ്പ് ക്ഷീരോല്പാദക സഹകരണ സംഘം പാലിന്റെ കൊഴുപ്പും അംഗങ്ങളുടെ കുറവുമൂലവും (ക്ഷീരകർഷകർ കൂടുതലായി കടന്നുവരാത്തതുമൂലം) പ്രവർത്തനത്തിൽ കാര്യമായ പുരോഗതി കാണുന്നില്ല. തീർത്തും പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിലുണ്ട്.

1. തിരുവാർപ്പ് പഞ്ചായത്ത് മൺപാത്രവ്യവസായ സഹക

രണ സംഘം Ltd. K. V., IND (K) 105. ഈ സംഘത്തിന് സ്വന്തമായി 4.5 സെൻറ് സ്ഥലവും കെട്ടിടവും അനുബന്ധ ഉപകരണങ്ങളുമുണ്ട്. ഇത് തിരുവാർപ്പ് പഞ്ചായത്തിലെ 3-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. കെടുകാര്യസ്ഥതയും പ്രവർത്തന വൈകല്യവും തിമിത്തം പ്രവർത്തന രഹിതമായിട്ട് 5 വർഷമായെങ്കിലും സംഘം പുനരുദ്ധരിക്കാൻ അംഗങ്ങൾ തയ്യാറാണെന്നു സഹകാരികൾ പറയുന്നു.

2. പ്രർത്തനവൈകല്യം മൂലം പ്രവർത്തന രഹിതമായ കാഞ്ഞിരം സഹകരണ ആശുപത്രി ടി പഞ്ചായത്തിലെ 10-ാം വാർഡിൽ സ്വന്തമായ കെട്ടിടവും, അതിനോടനുബന്ധിച്ച് മറ്റ് സൗകര്യങ്ങളുമായി നശിച്ചുകൊണ്ടിരിക്കുന്നു. (Liquidation നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.) കെട്ടിടം മാത്രം അവശേഷിക്കെ, ടി കെട്ടിടത്തിലേക്ക് കാഞ്ഞിരം സർവ്വീസ് സഹ. ബാങ്കിന്റെ പ്രവർത്തനം നടത്തുന്നിതനുവേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു.

3. പുനരുദ്ധരിക്കാൻ കഴിയുന്ന 2-ാം വാർഡിലെയും 9-ാം വാർഡിലെയും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തന ക്ഷമമല്ലാത്തതിനാൽ നിലച്ചു.

ആകെ 12 സഹകരണ സംഘങ്ങളാണ് പ്രവർത്തനം നടക്കുന്നതും നിലച്ചുതമായി ഈ പഞ്ചായത്തിലുള്ളത്. മന്ദഗതിയിലായ സംഘങ്ങളുടെ പുനരുദ്ധാരണം അതാതു വാർഡിലെ പഞ്ചായത്തു മെമ്പർ ഉൾപ്പെടുന്ന വാർഡുതല ജനകീയാസൂത്രണ സമിതിയും ഗ്രാമ വികസന ഉദ്യോഗസ്ഥരും ചേർന്ന് അല്പം മനസ്സുവെച്ചാൽ മാത്രം കാര്യക്ഷമമാക്കാവുന്നതാണ്.

### സർവ്വീസ് സഹകരണ ബാങ്കുകളുടെ കാര്യക്ഷമമായ നടത്തിപ്പിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ.

മഹാനായ സഹകരണ ശാസ്ത്രജ്ഞനായ എം. എൽ. ഡാർലിങ്ങിന്റെ നിർദ്ദേശപ്രകാരം 1958-ൽ N.D.C. അംഗീകരിച്ച് നടപ്പിലാക്കിയ നിർദ്ദേശമാണ്. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ; ഇവിടെ ഒരു വില്ലേജിന് ഒരു പ്രാഥമിക സഹകരണ സംഘം എന്ന തത്വം ആണ് പരക്കെ അംഗീകരിച്ചിട്ടുള്ളത്. പ്രാഥമിക സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് താഴെപറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലും ഒരു പൂർണ്ണ സമയ ശമ്പളത്തോടുകൂടിയ സെക്രട്ടറിയെ നനിയമിക്കണം. (നിലിവിൽ ഇവിടുള്ള സംഘങ്ങളിൽ ഉണ്ട്.)
2. വായ്പയുടെ 80% തുകയും നിശ്ചിത സമയത്തിനുള്ളിൽ ഈടാക്കിയിരിക്കണം.
3. എല്ലാ വർഷവും ചുരുങ്ങിയത് 30 ലക്ഷത്തിന്റെ എങ്കിലും വായ്പ നൽകിയിരിക്കണം.
4. വർഷത്തിൽ ആകെ കുറഞ്ഞത് 50 ലക്ഷത്തിന്റ ടേണോവർ ഉണ്ടായിരിക്കണം.
5. ഉപഭോഗവസ്തുക്കൾ വാങ്ങാനുള്ള വായ്പകൾ (Consumption Credit) പ്രസ്തുത സംഘത്തിന്റെ കൃഷിക്കായതോ അല്ലാത്തതോ ആയ അംഗങ്ങൾക്ക് നൽകാം.
6. കാഷ്ക്രെഡിറ്റ്, ക്രെഡിറ്റ് കാർഡ് എന്നീ സമ്പ്രദായങ്ങൾ ഏർപ്പെടുത്തണം.
7. വായ്പകളെ വിപണനവുമായി ബന്ധിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.
8. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ടി 'ഗഹാൻ' പോലുള്ള രീതികൾ നടപ്പിൽ വരുത്തുക. ഇത്തരം മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതു മൂലം ആവശ്യമസയത്ത് കർഷകർക്ക് വായ്പനൽകുവാനാകും. കർഷകർക്ക് സമയത്ത് വായ്പ ലഭിക്കുന്നില്ല, കാലദൈർഘ്യംഉണ്ടാകുന്നു എന്നു തുടങ്ങിയ പരാതികൾ ഒഴിവാക്കാനാകും.
9. വർദ്ധിച്ച തോതിൽ നിക്ഷേപ സമാഹരണം നടത്തുക.
10. Out-right purchase - നടത്തുകയും അതിലൂടെ അതിന്റെ സംസ്കരണവും വിപണനവും കൂടി ഏറ്റെടുക്കുകയും ചെയ്യുക. കൂടാതെ കാലാകാലങ്ങളിലുള്ള വിലവ്യത്യാസം മൂലം കർഷകർക്ക് ഉണ്ടായേക്കാവുന്ന നഷ്ടം നികത്തുന്നതിന് വില സമതുലിത നിക്ഷേപം സ്വരൂപിക്കുക. (Price Fluctuations Fund).
11. സ്വർണ്ണപണയത്തിന്മേൻ വായ്പ അനുവദിക്കുക.
12. ആൾജാമ്യത്തിന്മേൽ വായ്പ നൽകുക.
13. Pledge Loan സമ്പ്രദായം നടപ്പിൽ വരുത്തുക.
14. വിദേശ നാടുകളിലേക്ക് ജോലിക്കുപോകുവാൻ വിസയുടെ അടിസ്ഥാനത്തിലോ ആൾ ജാമ്യത്തിലോ വായ്പകൾ നൽകുക.
15. വായ്പകൾ നിശ്ചിത സമയപരിധിക്കുള്ളിൽ പിരിച്ചെടുക്കുന്നതിനായി ദിവസേന ശേഖരിക്കുന്ന (Daily Collection) സമ്പ്രദായം ഏർപ്പെടുത്തുകയും ഏജന്റന്മാർക്ക് 3% കമ്മീഷൻ നൽകുകയും ചെയ്യുക.
16. പാചകവാതകത്തിന്റെ ഏജൻസികൾ നിലവിലുള്ള തിരുവാർപ്പ് വില്ലേജ് സർവ്വീസ് സഹകരണ സംഘവും ചെങ്ങളം സർവ്വീസ് സഹകരണ സംഘവും ഏറ്റെടുത്ത് നടപ്പിലാക്കിയാൽ ഈ രംഗത്തുള്ള ചൂഷണം ഇല്ലാതാക്കാനും അതിലൂടെ കൂടുതൽ വ്യക്തികളെ സംഘത്തിന്റെ പ്രവർത്തന പാതയിലേക്ക് ആകർഷിക്കുവാനും കഴിയും.
17. രാജീവ് ഗാന്ധി പാഡി പ്രൊക്വറിംഗ്, പ്രൊസസിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി: ഒരു ഷെയറിന്റെ മുഖവില 1000 രൂപ എന്ന ക്രമത്തിൽ നിശ്ചയിച്ചിട്ടുള്ളതുകൊണ്ട്, സഹകരണ സംസ്കാരത്തിന്റെ അടിസ്ഥാനതത്വം പോലും ഇവിടെ സ്വീകരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ വിശാല കർമ്മ മേഖലയുള്ള സഹകരണ സംഘമായതിനാൽ ഇതിന്റെ ഓഹരിമുഖവില

100 രൂപയിലേക്കെങ്കിലും താഴ്ത്തി നിശ്ചയിച്ചിരിക്കേണ്ടതാണ്.

### ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ കാര്യക്ഷമതയ്ക്കായുള്ള നിർദ്ദേശങ്ങൾ

1. നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എല്ലാംതന്നെ പുനഃസംഘടിപ്പിക്കേണ്ടതാണ്. പ്രാദേശികമായി പാൽ വിപണന സംഘങ്ങൾ നടത്തുകയും, ജില്ലാതലത്തിൽ ഏകോപനം നടത്തിയും വിപണം സാദ്ധ്യമാക്കണം.
2. പൂർണ്ണ സമയ ശമ്പളത്തോടുകൂടിയ സെക്രട്ടറിയെ നിയമിക്കുക.
3. പാൽഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഡയറിഫാമുകൾ (ചാപ്രകൾ) സംഘങ്ങളുടെ മേൽനോട്ടത്തിൽത്തന്നെ രൂപീകരിക്കണം. അതിനോടനുബന്ധിച്ച് തീറ്റപ്പുല്ല്, സംഘങ്ങളുടെ ഉത്തരവാദിത്വത്തിൽ തന്നെ ഉല്പാദിപ്പിക്കുകയും ഇതിനായി നിലവിലുള്ള സംഘങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്തുതലത്തിൽ ഒന്നോ രണ്ടോ സംഘങ്ങളാക്കി മാറ്റാവുന്നതാണ്.
4. പശുക്കളെ ഇൻഷ്വർ ചെയ്യുകയോ അപകടമരണം സംഭവിച്ചാൽ സഹായധനം നൽകാൻ സഹായനിധി രൂപികരിക്കുകയും ചെയ്യുക. (Cattle mortality fund)
5. കർഷകർക്ക് ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
6. പാലും പാലുല്പന്നങ്ങളുടേയും വിപണികണ്ടെത്തി ഉല്പന്നങ്ങൾ രൂപപ്പെടുത്തിയെടുക്കുക.
7. മൃഗശുപത്രി സേവനം പരമാവധി ഉപയോഗപ്പെടുത്തുക.

### പുതിയ സഹകരണ സംഘങ്ങൾക്കായുള്ള സാദ്ധ്യതകളും നിർദ്ദേശങ്ങളും.

1. തിരുവാർപ്പ് വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ 1-ാം വാർഡിൽ തുറന്നു പ്രവർത്തിക്കണം. പൊതുവെ സാമ്പത്തികമായി ഉയർന്ന നിലയിൽ നില്ക്കുന്ന പ്രദേശമായതിനാൽ നിക്ഷേപസമാഹണത്തിൽക്കൂടി ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാം.
2. ചെറുകിട വ്യവസായ സഹകരണ സംഘം എന്ന പേരിൽ തയ്യൽ (ഗാർമെൻറ്സ് മേക്കിംഗ്) ചെരിപ്പു നിർമ്മാണം കരകൗശല വസ്തുക്കളുടെ നിർമ്മാണം, ബേക്കറി, കറിപൗഡർ, അച്ചാറുകൾ, ജാമുകൾ, സ്കാഷുകൾ എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകി രൂപികരിക്കേണ്ടതാണ്. അവയിലൊന്ന് വനിതാക്ഷേണത്തിനായി 3, 4, 5, 11 എന്നീവാർഡുകളെ കേന്ദ്രീകരിച്ചും മറ്റൊന്ന് കുമ്മനത്തും സ്ഥാപിക്കേണ്ടതാണ്.
3. ഗ്രൂപ്പ്ഫാമിംഗ്, ലാന്റ് ഡവലപ്മെന്റ് ആൻറ് മാനേജ്മെൻറ് എന്ന നിലയിലും സംഘങ്ങൾ ആവാം. സഹകരണ സംഘങ്ങളുടെ ആക്ടിനും, റൂളുകൾക്കും വിധേയമാക്കി പാടശേഖര ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം അവയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.
4. നിലവിലുള്ള സഹകരണ സംഘങ്ങളിൽ പ്രൊവിഷൻ സ്റ്റോറുകളും മാവേലി സ്റ്റോറുകളും സ്ഥിരമായി കൊണ്ടുവരേണ്ടതാണ്.
5. ചെങ്ങളം വില്ലേജിൽ 3, 4, 5, വാർഡുകളെ കേന്ദ്രീകരിച്ച് കോഴിവളർത്തൽ (ഇറച്ചിക്കോഴി, മുട്ടക്കോഴി) മത്സ്യക്കൃഷി നടത്തി, ഉല്പാദനവും സംസ്കരണവും സംബന്ധിച്ച സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.
6. തേങ്ങയുടെയും നെല്ലിന്റേയും സംഭരണവും സംസ്കരണവും വിപണനവും നടത്തുന്ന തരത്തിൽ പ്രവർത്തനങ്ങൾ അടിയന്തിരമായി പ്രാഥമിക സഹകരണ സംഘങ്ങളായ തിരുവർപ്പ് വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്, ചെങ്ങളം സൗത്ത് സർവ്വീസ് സഹകരണ ബാങ്ക്, കാഞ്ഞിരം സഹകരണ ബാങ്ക് എന്നിവ ഏറ്റെടുക്കേണ്ടതാണ്.
7. തിരുവൂർപ്പ്, കുമരകം പട്ടികജാതി സർവ്വീസ് സഹകരണ ബാങ്കിൽ കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് ഭരണ സമിതി കാര്യക്ഷമമാക്കുകയും മുഴുവൻ സാമൂഹിക ക്ഷേമപരിപാടികളും നടപ്പിൽ വരുത്തുവാൻ മുൻകൈ എടുക്കുകയും വേണം.
8. ആർട്ടിസാൻസ് തൊഴിലാളികളുടെ സഹകരണ സംഘം രൂപികരിക്കുക.
9. നിലവിലുള്ള കുമരകം, തിരുവാർപ്പ് ഹൗസിംഗ് സഹകരണ സംഘത്തിന്റെ ഒരു ശാഖ തിരുവാർപ്പ് പഞ്ചായത്തിൽ തുറന്നു പ്രവർത്തിക്കുകയോ, അതല്ലെങ്കിൽ തിരുവാർപ്പ് പഞ്ചായത്തിന്റേതായ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുകയോ ചെയ്യണം. പ്രവർത്തന കെടുകാര്യസ്ഥതമൂലം താറുമാറായ ഈ സംഘം എത്രയുംവേഗം പുനഃസംഘടപ്പിക്കണം. ടി സംഘം മുഖേന ചെലവു കുറഞ്ഞതും, ഗുണനിലവാരമുള്ളതുമായ കട്ടിള, ജനൽ, സിമന്റിഷ്ടിക തുടങ്ങിയ ഗൃഹനിർമ്മാണ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുവാനും കഴിയണം.

ഭൂമിശാസ്ത്രപരമായുംസാമ്പത്തിക സാമൂഹ്യ സാങ്കേതിക കാരണങ്ങളാലും സഹകരണ പ്രസ്ഥാനങ്ങൾക്ക് പര്യാപ്തമായ സാഹചര്യങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. സന്മനസ്സിന്റെയും, കർമ്മശേഷിയുടേയും പൂർണ്ണത സഹകരണ പ്രസ്ഥാനത്തിലേക്ക് ഉപയോഗപ്പെടുത്തിയാൽ ഈ പ്രസ്ഥാനത്തെ നൂറുമേനി വിളയിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയും.

# 5.12

# വിഭവസമാഹരണം

തിരുവാർപ്പു ഗ്രാമപഞ്ചായത്ത് സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് തലത്തിലുള്ള വിഭവ സമാഹരണം ഒരു വലിയ പ്രശ്നമാണ്.

പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കാണിക്കുന്ന സ്ഥിതിവിവരകണക്കാണ് താഴെ ചേർത്തിരിക്കുന്നത്.

**1995-96 ലെ കണക്കുകൾ**

| ഇനം | ഡിമാൻഡ് | പിരിവ് | ബാക്കി |
|---|---|---|---|
| കിട്ടിടനികുതി | 2,65079.85 | 1,96982.75 | 67,168.30 |
| തൊഴിൽനികുതി | 8500 | 77390 | 7610 |
| വാഹനനികുതി | - | - | - |
| വിനോദനികുതി | 8947 | 8947 | - |
| അഡി.വിനോദനികുതി | 1548 | 5538 | - |
| സർവ്വീസ് ചാർജ്ജ് | 36854.55 | 27364.25 | 9362.20 |
| ലൈസൻസ് ഫീ | 3968 | 3968 | - |
| വസ്തുകൈമാറ്റം നികുതി | 1,55742 | 155742 | - |
| മറ്റുവരവുകൾ | 65,680 | 65,680 | - |

വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്തിന് ലഭിച്ച തുക ചെലവു ചെയ്യുവാൻ നിയമപരമായ അധികാരമില്ലാത്തതിനാൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുക ചെലവാകാതെ ബാക്കിനിൽക്കുകുയാണ്.

പുതിയ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് പല പുതിയ നികുതികൾ ചുമത്തി വരുമാനം വർദ്ധിപ്പിക്കാൻ നിർദ്ദേശങ്ങൾ ഉണ്ട്. എന്നാൽ അവ ഫലപ്രദമായി തിരുവാർപ്പു പഞ്ചായത്ത് നടപ്പാക്കിയില്ല. നിലവിലുള്ള പല നികുതികളും പിരിച്ചെടുക്കുന്നില്ല. കെട്ടിട നികുതി ചുമത്തുന്നതിന് ഒരു പ്രത്യേക മാനദണ്ഡമുള്ളതായി കാണുന്നില്ല. ഇതിന് ഒരു ഏകീകരിച്ച നയം സംസ്ഥാനതലത്തിൽ ഉണ്ടാക്കണം. ഈ രംഗത്തുള്ള അഴിമതി അവസാനിപ്പിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള എല്ലാ നികുതികളും പിരിച്ചെടുക്കുവാൻ കർശനമായി നടപടികൾ സ്വീകരിക്കുകയും വേണം. പഞ്ചായത്തിന്റെ ചെലവുകൾ സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഭരണചെലവ് | 600564.10 |
| പൊതുമരാമത്ത് | 308744.00 |
| വിദ്യാഭ്യാസം | 24817.45 |
| ജലവിതരണം | - |
| പൊതുജനാരോഗ്യം | - |
| വൈദ്യുതി ചാർജ്ജ് | 62004.00 |
| പലവക | 68257.00 |
| ആകെ | 1064386.55 |

ഏതു പദ്ധതി പ്രവർത്തനങ്ങൾക്കും സംഭാവനയായും, വായ്പകളായും ഫണ്ട് ശേഖരിക്കുവാൻ പഞ്ചായത്തിന് അധികാരമുണ്ട്. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കൊമേർഷ്യൽ ബാങ്കുകൾ, സഹകരണബാങ്കുകൾ എന്നിവയുടെ നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെവ്യക്തികൾക്ക് തങ്ങളുടെ കാർഷിക വ്യാവസായിക സംരംഭങ്ങൾക്ക് ബാങ്കുകളുടെ സഹായം ലഭ്യമാക്കുവാൻ കഴിയും. പഞ്ചായത്തുകൾക്ക് പദ്ധതി നടത്തുന്നതിന് വായ്പ ലഭ്യമാക്കത്തക്ക വിധത്തിൽ സഹകരണ സംഘങ്ങളുടെ ബൈലോകളിൽ മാറ്റം വരുത്തണം.

| ബാങ്ക് | നിക്ഷേപം | വായ്പകൾ |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് | 4.88കോടി | 1.56കോടി |
| കാഞ്ഞിരം സർവ്വീസ് സഹ. ബാങ്ക് | 1462808 | 1754169 |
| തിരുവാർപ്പ് | 2158283 | 4781790 |
| ചെങ്ങളം | 3722620 | 2635771 |

തിരുവാർപ്പു സ്റ്റേറ്റ് ബാങ്കിലെ നിക്ഷേപത്തിൽ ഏറിയ പങ്കും മറ്റ് വില്ലേജുകളിലുള്ള നിക്ഷേപകരുടേതാണ്. കാർഷിക വായ്പയായി 60 ലക്ഷം രൂപയും സ്വയം തൊഴിലിനായി 62 ലക്ഷം രൂപയും വായ്പകൾ നൽകിയിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പായിനത്തിലാണ് കൂടുതൽ തുക നൽകുന്നത്.

വിദേശത്തുജോലിയുള്ള നമ്മുടെ നാട്ടുകാരുടെ നിക്ഷേപം വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുവാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടിയിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ കരാറുകാർക്ക് നൽകാതെ ജനങ്ങളുടെ സഹായത്തോടെ സംഘടിപ്പിച്ചാൽ ചെലവു ചുരു

ക്കുവാനും പണികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കും.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ഗ്രാമസഭകളിൽ പല നിർദ്ദേശങ്ങളും വരുകയുണ്ടായി. പഞ്ചായത്ത് സർക്കാർ ഏജൻസികളിൽ നിന്നോ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പകൾ സമാഹരിച്ച് മിനി വ്യവസായ കേന്ദ്രം, ഷോപ്പിംഗ് കോംപ്ലക്സ്, ചന്ത തുടങ്ങിയവ സ്ഥാപിച്ച് വാടകയിനത്തിൽ ഗണ്യമായ വരുമാന വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്. നാട്ടിൽ നിലവിലുള്ള വേതന/വില നിരക്കിൽ പ്ലാനുകൾ തയ്യാറാക്കിയാൽ ജനങ്ങൾക്ക് നിർമ്മാണ് പ്രവർത്തനങ്ങൾ പരിശോധിക്കുവാനും കാര്യക്ഷമത ഉറപ്പു വരുത്തുവാനും സാധിക്കും. ഇതുവഴി ദുർവ്യയം ഒഴിവാക്കുന്നതിനു വികസനപ്രവർത്തനങ്ങളിലെ സുതാര്യത കാത്ത് സൂക്ഷിക്കുവാനും സാധിക്കും.

●●●

# ഉപസംഹാരം

വികസനവുമായി ബന്ധപ്പെട്ട് വിവിധമേഖലകളിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാരങ്ങൾ, ഓരോ മേഖലയ്ക്കുമുള്ള സാധ്യതകൾ അതുപോലെതന്നെ നമ്മുടെ പഞ്ചായത്തിലുള്ള വിഭവങ്ങൾ ഇതൊക്കെ കഴിവതും പരിശോധിക്കാൻ ശ്രമിച്ചിട്ടുണ്ട്. വികസന സെമിനാറിലുയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണനിച്ചുകൊണ്ടാണ് വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടത്. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കണം. ഇതിന് പഞ്ചായത്തിലെ പ്രകൃതി-മനുഷ്യ വിഭവങ്ങളെയും സാമൂഹിക സാമ്പത്തിക സ്ഥിതിയെയും മനസ്സിലാക്കണം. ഇതിന് സഹായിക്കുന്നതിനുവേണ്ടിയാണ് വികസന റിപ്പോർട്ട്.

ഒൻപതാം പദ്ധതിയുടെ 40% താഴെത്തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയുമാണ്. ബാക്കി 60% ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് സംസ്ഥാന തലത്തിൽ ആസൂത്രണം ചെയ്യപ്പെടും. തിരുവാർപ്പു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയിലായാലും വ്യവസായമേഖലയിലായാലും ഏതു വികസന രംഗത്തെയും പ്രതികൂലമായി ബാധിക്കുന്നത് വെള്ളപ്പൊക്ക ഭീഷണിയും ഗതാഗത സൗകര്യത്തിലെ അപര്യാപ്തതയുമാണ്. നിരന്തരമായുണ്ടാകുന്ന വെള്ളപ്പൊക്കം നമ്മുടെ ജനജീവിതം ദുഃസ്സഹമാക്കുന്നുണ്ട് ഉല്പാദനരംഗത്തും നമുക്കു മുന്നേറാൻ പ്രയാസം സൃഷ്ടിക്കുന്നു. അതിനാൽ സംസ്ഥാന-ജില്ലാതലങ്ങളിൽ ആസൂത്രണം ചെയ്യപ്പെടുന്ന പദ്ധതികളിൽ തിരുവാർപ്പു പഞ്ചായത്തിലെ വെള്ളപ്പൊക്കത്തിനു പരിഹാരം കാണുന്ന തരത്തിലുള്ളസ്കീമുകൾ ഉണ്ടാവണമെന്നും അത്തരത്തിൽ ഈ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പാക്കണമെന്നുള്ള നിർദ്ദേശത്തോടെ തിരുവാർപ്പു പഞ്ചായത്തു വികസന റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കട്ടെ.

## 1953ൽ നിലവിൽ വന്ന ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി

വാർഡുകൾ

1 ഈ. കെ. മുഹമ്മദ്
2. വി. സി. മാത്യു
3. റവ. ഫാദർ പി. പി. ജോസഫ് (പ്രസിഡൻറ്)
4. കെ. മാധവൻ
5. റ്റി. ആർ. രാമകൃഷ്ണപിള്ള
6. കെ. എൻ. നീലകണ്ഠൻ കങ്കാളി
7. എം. എം. വർഗീസ്
8. എം. സി. മാണി
9. സി. ആർ. ദാസ്
10. വി. സി. കുട്ടപ്പൻ

## 2-ാമത്തെ പഞ്ചായത്ത് ഭരണസമിതി 1963

1. കെ. കെ. മുഹമ്മദ്
2. വി. സി. വർഗീസ്
3. റവ. ഫാദർ പി. പി. ജോസഫ് (പ്രസിഡൻറ്)
4. എം. കെ. ജനാർദ്ദനൻ
5. പി. എം. ജനാർദ്ദനൻ
6. പി. കെ. മാധവൻ
7. എം. കെ. ജോർജ്
8. എ. ജി. നാരായണപിള്ള
9. എം. കെ. കുട്ടൻ (വൈസ് പ്രസിഡൻറ്)

## 3-ാമത്തെ പഞ്ചായത്ത് ഭരണസമിതി

1. പി. എം. കുഞ്ഞുമൈതീൻ
2. വി. സി. വർഗീസ്
3. പി. യു. തമ്പി
4. ചെങ്ങളം രവി.
5. വി. കെ. കമലാക്ഷി
6. ആർ. കെ. മേനോൻ (വൈസ് പ്രസിഡൻറ്)
7. ടി. വി. ചാക്കോ
8. സി. കെ. അബ്ദുൽ ഖാദർ
9. വി. ആർ. രാമൻകുട്ടി (പ്രസിഡൻറ്)
10. എം. സി. നാരായണൻ

## 4-ാമത്തെ പഞ്ചായത്ത് ഭരണസമിതി

1. സി. എ. അബ്ദുൽ നാസ്സർ
2. പൊന്നമ്മ ഭാസ്കരൻ
3. ജോയി തൂണ്ടത്തിൽ
4. തിരുവാർപ്പ് തോമസ്
5. പി. എൻ. സുകുമാരി
6. ആർ. കെ. മേനോൻ (വൈസ് പ്രസിഡൻറ്)
7. എം. ഐ. മാത്യു
8. രാഘവൻ അടിയോറ
9. വി. ആർ. രാമൻകുട്ടി (പ്രസിഡൻറ്)
10. പി. കെ. പൊന്നപ്പൻ
11. പി. കെ. മക്കാർ

## 5-ാമത്തെ പഞ്ചായത്ത് ഭരണസമിതി

1. റഹിമാ ബീവി സിദ്ധിക്ക്
2. സാബു മിഥുനൻകേരി
3. വി. വി. കേശവൻ നമ്പൂതിരി
4. രഞ്ജിനി സന്തോഷ്
5. പി. എൻ. സുകമാരി
6. പി. എൻ. ഹരി
7. കെ. ഇ. ഭാസ്കരൻ
8. പി. എ. അബ്ദുൽ കരീം (വൈ. പ്രസിഡൻറ്)
9. വി. ആർ. രാമൻകുട്ടി (പ്രസിഡൻറ്)
10. മോഹനനൻ അടിവാക്കൽ
11. ദുൽഹാൻ ബീവി

"ബ്രിട്ടീഷുകാരുടെ നുകത്തിൻകീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢ പ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജ ഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെ ടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യ ത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്ര നാവുക എന്നതാണ് എന്നെ സംബന്ധിച്ചിട ത്തോളം സ്വരാജിന്റെ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടു ന്നതുകൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിത മാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാതാർത്ഥ്യമാകുന്നത്, അധികാരം ദുർവിനി യോഗം ചെയ്യുമ്പോൾ അതിനെ എതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസര ത്തിൽ മാത്രമായിരിക്കും."

- ഗാന്ധിജി



തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് - വികസന റിപ്പോർട്ട്